# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അടൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**

**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD/PTA/P2/117/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 19/03/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
അടൂർ മുനിസിപ്പാലിറ്റി

സർ,

**വിഷയം : അടൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസിൽ)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട
3.കാര്യാലയ പ്രതി

നമ്പർ: KSAD/PTA/P2/117/2024 തീയ്യതി: 19/03/2024

## പത്തനംതിട്ട ജില്ലയിലെ അടൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ അടൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 60 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 16-01-2024 | 29-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2024 | 29-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ അനിൽകുമാർ റ്റി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. അജ്മൽ എ.എസ്., ഓഡിറ്റ് ഓഫീസർ

ശ്രീ. സജികുമാർ കെ., ഓഡിറ്റ് ഓഫീസർ

ശ്രീ മഹേഷ് കുമാർ കെ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ദീപ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അരുൺ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഹരികുമാർ എസ്, ഓഡിറ്റർ

ശ്രീമതി ദീപ കെ.എസ്, ഓഡിറ്റർ

കുമാരി കാവ്യ കൃഷ്ണൻ ഓഡിറ്റർ

ശ്രീമതി സാജിത സലിം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഡി. സജി | ചെയർമാൻ | 01-04-2022 | 02-02-2023 |
| ശ്രീ.അജി.ജി.പി.വർഗ്ഗീസ് | ചെയർമാൻ | 03-02-2023 | 15-02-2023 |
| ശ്രീമതി. ദിവ്യറെജി മുഹമ്മദ് | ചെയർപേഴ്സൺ | 16-02-2023 | 31-03-2023 |
| ശ്രീമതി രാഗിമോൾ. വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റഫീക്ക് എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 18-09-2022 |
| ശ്രീ.അഭിലാഷ്. എസ്.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 19-09-2022 | 31-03-2023 |
| ശ്രീമതി. ശ്രീജ. എം | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ. സുഭഗൻ എസ് | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ | 01-04-2022 | 19-09-2022 |
| ഡോ. മണികണ്ഠൻ. ജെ | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ | 20-09-2022 | 31-03-2023 |
| ശ്രീ.അജി.ജി | സീനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I | 01-04-2022 | 31-03-2023 |
| ശ്രീ. പുഷ്പകുമാർ കെ. | പ്രോജക്ട് ഓഫീസർ, യു.പി.എ.സി | 01-04-2022 | 09-07-2022 |
| ശ്രീ.രാജേഷ്.പി.ജി | പ്രോജക്ട് ഓഫീസർ, യു.പി.എ.സി | 10-07-2022 | 31-03-2023 |
| ശ്രീമതി. കവിത കൃഷ്ണ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 15-01-2023 |
| ശ്രീമതി. സുധർമ്മണി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-01-2023 | 31-03-2023 |
| ശ്രീമതി. രഞ്ചിനി.പി.കെ. | ഫിഷറീസ് എസ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി . ആലിയ ഫർസാന | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ സ്വപ്ന എസ്.പോൾ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 13-09-2022 |
| ഡോ.ഹരികുമാർ ജെ | സീനിയർ വെറ്ററിനറി സർജൻ | 14-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കാൽക്കുലേഷൻ കൃത്യമല്ല | 1-1-3 |
| 5 | ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല | 1-1-4 |
| 6 | നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-7 |
| 9 | വാർഷിക ധനകാര്യ പത്രികയിൽ ഡെപ്പോസിറ്റ് ഇനത്തിൽ വൻ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-1-8 |
| 10 | പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-9 |
| 11 | ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയില്ല | 1-1-10 |
| 12 | വായ്പ തുക- കൃത്യമായി അക്കൗണ്ട് ചെയ്തില്ല | 1-1-11 |
| 13 | ഇൻവെസ്റ്റ്മെന്റ് - വിശദാംശങ്ങൾ ലഭ്യമല്ല | 1-1-12 |
| 14 | അഡ്വാൻസ് - ലഭ്യമായ തുകയുടെ കൃത്യത ബോധ്യപ്പെടുത്തുന്ന തരത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-13 |
| 15 | കുടിശ്ശിക സംബന്ധമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-14 |
| 16 | പെൻഷൻ ഫണ്ട്- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-15 |
| 17 | ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പെൻഷനുകൾ | 1-7 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 25 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | യോഗങ്ങളുടെ മിനിട്ട്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല | 1-11 |
| 28 | വെള്ളക്കര കുടിശ്ശികയിനത്തിൽ ഒന്നേകാൽ കോടിയുടെ ബാധ്യത | 1-12 |
| 29 | നഗരസഭയുടെ സാമ്പത്തിക സ്ഥിതി പരിതാപകരം | 1-13 |
| 30 | 6.75 ലക്ഷം രൂപയുടെ മുൻകൂർ ക്രമീകരിച്ചില്ല | 1-14 |
| 31 | അനധികൃത നിർമ്മാണം ക്രവൽക്കരിക്കുന്നതിന് നടപടിയില്ല; നഗരസഭയ്ക്ക് കോടികളുടെ നികുതി നഷ്ടം | 1-15 |
| 32 | കോടികളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തില്ല | 1-16 |
| 33 | സർക്കാർ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാനുള്ളത് 55.37 ലക്ഷം രൂപ. | 1-17 |
| 34 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു. | 1-18 |

| | | |
|---|---|---|
| 35 | തൊഴിൽ നികുതി - പൊതുവായ അപാകതകൾ | 1-19 |
| 36 | തൊഴിൽ നികുതിയിനത്തിൽ 75.49 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-20 |
| 37 | സർക്കാർ സ്ഥാപനങ്ങളിൽ നിന്നു തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-21 |
| 38 | വിനോദനികുതി പിരിവിലെ അപാകതകൾ | 1-22 |
| 39 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി അനുവദിച്ചു. | 1-23 |
| 40 | ക്രമവൽക്കരണത്തിനുള്ള അപേക്ഷകളിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-24 |
| 41 | കെട്ടിട നിർമ്മാണ അപേക്ഷകളിലെ തുടർനടപടികളിൽ അപാകതകൾ | 1-25 |
| 42 | എല്ലാസ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ട് വരുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-26 |
| 43 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-27 |
| 44 | വാടക കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല, എല്ലാവരുമായും വാടകക്കരാറുമില്ല | 1-28 |
| 45 | നഗരസഭയുടെ അനുമതിയില്ലാതെ റോഡ് കട്ടിംഗ് ചെയ്ത് പോളുകൾ സ്ഥാപിച്ചു | 1-29 |
| 46 | മാർക്കറ്റുകളിൽ വിൽക്കുന്നത് അനധികൃതമായി കശാപ്പ് നടത്തിയ മാംസ്യമല്ലെന്ന് ഉറപ്പാക്കുന്നില്ല | 1-30 |
| 47 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-വിതരണ വിവരം ലഭ്യമല്ല | 1-31 |
| 48 | മെയിന്റനൻസ് ഫണ്ട്- 1.06 കോടി രൂപ നഷ്ടപ്പെടുത്തി | 1-32 |
| 49 | മരണപ്പെട്ടവർക്കും ക്ഷേമ പെൻഷൻ : സർക്കാർ ഖജനാവിന് 418000 രൂപയുടെ നഷ്ടം | 1-33 |
| 50 | മരണപ്പെട്ടവരുടെ ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല | 1-34 |
| 51 | ക്ഷേമപെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം | 1-35 |
| 52 | സാമൂഹ്യക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല | 1-36 |
| 53 | തെരുവ് വിളക്ക് പരിപാലനവും വാങ്ങലും; നിരക്കുകളുടെ യുക്തി ഭദ്രത ഉറപ്പുവരുത്താതെ അക്രഡിറ്റഡ് ഏജൻസിയെ നിർവ്വഹണം ഏൽപ്പിച്ചു | 1-37 |
| 54 | കരാർ വയ്ക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കിയില്ല | 1-38 |
| 55 | റിസ്ക് & കോസ്റ്റ് പ്രകാരം പ്രവൃത്തികൾ റീടെണ്ടർ ചെയ്തു - വീഴ്ചവരുത്തിയ കരാറുകാരനിൽനിന്നും നഷ്ടം ഈടാക്കിയില്ല | 1-39 |
| 56 | ടാർ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല | 1-40 |
| 57 | യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല | 1-41 |
| 58 | സെക്യൂരിറ്റി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല | 1-42 |
| 59 | അനുമതി വാങ്ങാതെ അംഗീകരിച്ച എസ്റ്റിമേറ്റിലെ അളവിൽ അധികമായി പ്രവൃത്തി നടത്തി | 1-43 |
| 60 | ചെട്ടിയാംമുകൾ കോളനി വീട് സംരക്ഷണഭിത്തി നിർമ്മാണം വാർഡ് 28 – പ്രവൃത്തി നിർവ്വഹണത്തിൽ അപാകം | 1-44 |
| 61 | ജില്ലാ തലത്തിലുള്ള ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അനുമതി വാങ്ങാതെ ടെണ്ടർ അധിക നിരക്ക് അനുവദിച്ചു | 1-45 |
| 62 | പാഴ്വസ്തു സംഭരണ കേന്ദ്രത്തിൽ സുരക്ഷാ മുൻകരുതലുകളും, സജ്ജീകരണങ്ങളും ഇല്ല | 1-46 |
| 63 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ അപാകതകൾ | 1-47 |
| 64 | വാഴകൃഷിക്ക് ജൈവവളം വിതരണം ചെയ്തതിന് സഹകരണസംഘങ്ങൾക്ക് സബ്സിഡി നൽകിയത് ക്രമവിരുദ്ധം | 1-48 |
| 65 | വെറ്റിലകൃഷി വികസനം - പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-49 |
| 66 | കാർഷികമേഖലയെ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി | 1-50 |
| 67 | നഗരസഭയിൽ വാഹനങ്ങളുടെ പരിപാലനത്തിൽ ഗുരുതരമായ അപാകതകൾ | 1-51 |
| 68 | ജി ഐ എസ് മാപ്പിംഗ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-52 |
| 69 | കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-53 |
| 70 | നഗരസഭാ ഓഫീസിലേക്ക് യു പി എസ്സ് ബാറ്ററി വാങ്ങൽ–വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-54 |
| 71 | അമൃത് കുടിവെള്ള പദ്ധതി ഭൂമി വാങ്ങൽ - അപാകതകൾ | 1-55 |

| | | |
|---|---|---|
| 72 | ഹോമിയോ ആശുപത്രിയിൽ ഫർണിച്ചർ, പ്രിന്റർ, കമ്പ്യൂട്ടർ വാങ്ങൽ-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-56 |
| 73 | വയോമിത്രം പദ്ധതി-വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-57 |
| 74 | എസ് എസ് എ വിഹിതം നൽകൽ-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-58 |
| 75 | കനാൽ റോഡ് നവീകരണം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-59 |
| 76 | നഗരസഭയ്ക്ക് ലഭിച്ച ഭൂമി സ്വന്തംപേരിൽ ചേർത്തില്ല | 1-60 |
| 77 | ഗാർഹികതല മാലിന്യ സംസ്കരണ സംവിധാനം-വിതരണ വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല | 1-61 |
| 78 | ഖരമാലിന്യ സംസ്കരണം-തുക നൽകിയെങ്കിലും ഡി.പി.ആർ തയ്യാറാക്കിയില്ല | 1-62 |
| 79 | സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-63 |
| 80 | പി.എം.എ.വൈ ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു | 1-64 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അനുമതി വാങ്ങാതെ അംഗീകരിച്ച എസ്റ്റിമേറ്റിലെ അളവിൽ അധികമായി പ്രവൃത്തി നടത്തി | 3-1 |
| 2 | ചെട്ടിയാംമുകൾ കോളനി വീട് സംരക്ഷണഭിത്തി നിർമ്മാണം വാർഡ് 28 – പ്രവൃത്തി നിർവ്വഹണത്തിൽ അപാകം | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടിയിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. അടൂർ നഗരസഭയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21.07.2023 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 27.07.2023 ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷികധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടേയും, സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അടൂർ നഗരസഭയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡപ്യൂട്ടി ഡയറക്ടർ

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങൾ 2007, ചട്ടം 58 -ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (*Ratios*), അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ *(Notes To The Accounts)* എന്നിവ സംബന്ധിച്ച പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്- നീക്കിയിരിപ്പ് തുകയ്ക്ക് കൃത്യതയില്ല

***ഷെഡ്യൂൾ ബി-11*** : Capital Work In Progress - ലെഡ്ജർ ബാലൻസായി 4966167 രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യത വെളിപ്പെടുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് സമർപ്പിച്ചില്ല.

### 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കാൽക്കുലേഷൻ കൃത്യമല്ല

കാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ കാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-4 ആസ്തികളുടെ മൂല്യനിർണയം; ക്രോഡീകരണം സമഗ്രമല്ല

ആസ്തി രജിസ്റ്റർ സമഗ്രമല്ല. നിലവിലുള്ള ആസ്തി രജിസ്റ്ററിൽ ഓരോ വർഷവും പുതിയതായി ആർജ്ജിക്കപ്പെടുന്ന ആസ്തികൾ ഉൾപ്പെടുത്തി കാലികമാക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ മൂല്യം അസറ്റ് രജിസ്റ്ററിൽ നിന്നും കൃത്യമായി ബോധ്യപ്പെടുന്നില്ല.

### 1-1-5 നികുതി/നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൻ നികുതി, ലൈസൻസ് എന്നീ വരുമാനം സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് വർഷാവസാനം ഒറ്റത്തവണയായി രേഖപ്പെടുത്തുന്നതായി കാണുന്നു

### 1-1-6 വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-43, B15, B9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-7 ജേണൽ വൗച്ചറുകളെ സാക്ഷ്യപെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. ഉദാഹരണമായി പ്രയർ പിരീഡ് ഇനങ്ങൾക്ക് വൗച്ചറുകളും വർക്ക്ഷീറ്റുകളും സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (I-18) പ്രകാരം Prior Period Income And Expenditure എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ഉദാ:

| ശീർഷകം | ലഡ്ജർ -നീക്കിയിരിപ്പ് തുക |
|---|---|
| Prior Period Income-Property Tax | (-)1302754 |
| Prior Period Income-Other Rents | (-)5000 |
| Prior Period Income-Other Income | 5800000 |
| Prior Period – Programme Expenses | 446850 |

### 1-1-8 വാർഷിക ധനകാര്യ പത്രികയിൽ ഡെപ്പോസിറ്റ് ഇനത്തിൽ വൻ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു

വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി 18 പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ എന്നീ സ്ഥാപനങ്ങളിൽ മുൻകൂർ നൽകിയ ഇനത്തിൽ വലിയ തുക ക്രമീകരിക്കാൻ അവശേഷിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ നൽകിയ മുൻകൂർ തുകയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം വാങ്ങി പ്രസ്തുത അക്കൗണ്ട് ഹെഡ്ഡ് കൃത്യമാക്കേണ്ടതാണ്.

### 1-1-9 പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

### 1-1-10 ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയില്ല

***ഷെഡ്യൂൾ ബി-4*** :- NULM പദ്ധതിയുടെ നീക്കിബാക്കി വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-11 വായ്പ തുക- കൃത്യമായി അക്കൗണ്ട് ചെയ്തില്ല

***ഷെഡ്യൂൾ ബി-5*** :- കെ.യു.ആർ.ഡി.എഫ്.സി- വായ്പ ഇനത്തിൽ മുൻ വർഷം ലഭിച്ച 5800000 രൂപ തൻവർഷമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

### 1-1-12 ഇൻവെസ്റ്റ്മെന്റ് - വിശദാംശങ്ങൾ ലഭ്യമല്ല

***ഷെഡ്യൂൾ ബി-12*** : Investment- Equitty Shares ഇനത്തിൽ 1000 രൂപ നിക്ഷേപമായി കാണിച്ചിരിക്കുന്നു. എന്നാൽ വിശദാംശങ്ങൾ ലഭ്യമല്ല.

### 1-1-13 അഡ്വാൻസ് - ലഭ്യമായ തുകയുടെ കൃത്യത ബോധ്യപ്പെടുത്തുന്ന തരത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

***ഷെഡ്യൂൾ ബി-9*** : വസ്തു നികുതി, ലൈസൻസ് ഫീസ് ഇനങ്ങളിൽ അഡ്വാൻസായി തുക വരവ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-14 കുടിശ്ശിക സംബന്ധമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

***ഷെഡ്യൂൾ ബി-15*** : വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വാടക എന്നീ ഇനങ്ങളിൽ വലിയ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. എന്നാൽ കുടിശ്ശിക സംബന്ധമായ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

### 1-1-15 പെൻഷൻ ഫണ്ട്- രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

***ഷെഡ്യൂൾ ബി-15*** : Other Receivable (Current) – പെൻഷൻ ഫണ്ട് ഇനത്തിൽ 62988565 രൂപ ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്നു. ആയതിന്റെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-16 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ബി7 പ്രകാരം 37966868 രൂപ നീക്കി ബാക്കിയായി കാണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

### 1-2 ബജറ്റ്

നഗരസഭയുടെ 2022-23 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്, കൗൺസിലിന്റെ 24.03.2022-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ബജറ്റിന് 21.03.2023ലെ കൗൺസിൽ അംഗീകാരം നൽകി. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവും ഇപ്രകാരമാണ്.

| ഇനം | ബജറ്റ് പ്രകാരം | റസീറ്റ് ആൻഡ് പേയ്മെന്റ് പ്രകാരം | ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 48132978.00 | 60415283.40 | |
| വരവ് | 264004872.00 | 173959342.00 | |
| ആകെ | 312137850.00 | 234374625.40 | 227755724.00 |
| ചെലവ് | 234146517.00 | 169853844.00 | 194296845.00 |
| നീക്കിയിരിപ്പ് | 77991333.00 | 64520781.40 | |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 60415283 | |
| ഓഡിറ്റ് വർഷത്തെ വരവ് | 173959342 | 227755724 |
| ആകെ വരവ് | 234374625 | |
| ഓഡിറ്റ് വർഷത്തെ ചെലവ് | 169853844 | 194296845 |
| നീക്കിയിരിപ്പ് | 64520781 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ്/**ലാപ്സായ തുക** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 20379000 | 20379000 | 18791139 | **1587861 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 17490000 | 17490000 | 9726396 | **7763604 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 7913563 | 17332888 | 25246451 | 12544365 | 8586263<br>**4115823 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 3400206 | 6685430 | 10085636 | 5841932 | 3439995<br>**803709 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ,, | 15970000 | 15970000 | 11048673 | **4921327 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 15018000 | 15018000 | 9360763 | **5657237 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി | 404106 | 4973912 | 5378018 | 5376938 | 1080 |
| ശുചിത്വ മിഷൻ | 3328954 | 97594 | 3426548 | 0 | 3426548 |
| എം.എൻ ലക്ഷം വീട് | 89391 | 0 | 89391 | 1399 | 87992 |
| യു.ഐ.ഡി.എസ്.എസ്.എം.റ്റി | 8163 | 223 | 8386 | 0 | 8386 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ.സി.ഡി.എസ്. | 344071 | 1045827 | 1389898 | 541210 | 848688 |
| പി.എം.എ.വൈ | 8126621 | 1294906 | 9421527 | 6210000 | 3211527 |
| ഹെൽത്ത് ഗ്രാന്റ് | 0 | 8320496 | 8320496 | 0 | 8320496 |

** **ലാപ്സായ തുക**

**ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ**

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി - വായ്പാ തിരിച്ചടവ് എന്നിവയിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ വരവിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിനത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന തുക |
|---|---|---|
| വികസന ഫണ്ട് -ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1226668 |
| | വസ്തുനികുതി പിരിവിലെ കുറവുമൂലം കുറവ് ചെയ്ത തുക | 203790 |
| ,, | അങ്കണവാടി അധിക വേതനം | 1051200 |
| വികസന ഫണ്ട് -എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 213334 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 301 | 236851723 | 197 | 76206709 | 104 | 65.45 |

മേഖലാടിസ്ഥാനത്തിലുള്ള ചെലവ്

| വിഭാഗം | മേഖല | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| പൊതുവിഭാഗം | ഉല്പാദനം | 27 | 8628525 | 6607410 |
| | സേവനം | 140 | 94471743 | 41520931 |
| | പശ്ചാത്തലം | 81 | 111254224 | 16820645 |
| പട്ടികജാതി വിഭാഗം | ഉല്പാദനം | 3 | 289657 | 231294 |
| | സേവനം | 16 | 15505424 | 6467499 |
| | പശ്ചാത്തലം | 34 | 6702150 | 4558930 |
| | **ആകെ** | **301** | **236851723** | **76206709** |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ്

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് | ചെലവ് % |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി, മുനിസിപ്പാലിറ്റി | 27 | 18076955 | 17 | 7426811 | 41.08 |
| 2 | മുനിസിപ്പൽ എഞ്ചിനീയർ | 189 | 164151713 | 118 | 40846456 | 24.88 |
| 3 | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 15 | 17955802 | 12 | 8753602 | 48.75 |
| 4 | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | 22 | 19182129 | 12 | 5423997 | 28.28 |
| 5 | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 6 | 1658000 | 6 | 1133534 | 68.37 |
| 6 | സീനിയർ വെറ്ററിനറി സർജൻ | 8 | 3625000 | 8 | 3301783 | 91.08 |
| 7 | കൃഷി ഓഫീസർ | 8 | 2030100 | 8 | 2001512 | 98.59 |
| 8 | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് യു.പി.സ്കൂൾ | 8 | 2808724 | 5 | 2205296 | 78.52 |
| 9 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 40000 | 2 | 8000 | 20 |
| 10 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 1342100 | 3 | 310000 | 23.1 |
| 11 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 12 | 5981200 | 7 | 4795718 | 80.18 |
| | **ആകെ** | 301 | 236851723 | 198 | 76206709 | 32.17 |

## 1-6 അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 404106 | 186634 | 590740 | 589660 | 1080 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 4787278 | 4787278 | 4787278 | 0 |
| ആകെ | 404106 | 4973912 | 5378018 | 5376938 | 1080 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം നഗരസഭ നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1622400 | 144 |
| വിധവാ പെൻഷൻ | 11371700 | 980 |
| വാർദ്ധക്യകാല പെൻഷൻ | 26533600 | 2520 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2844200 | 255 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 594000 | 54 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2024ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 196104/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയുടെ ഫ്രണ്ട് ഓഫീസ് സംവിധാനം പൊതുവെ തൃപ്തികരമാണ്. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.
ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിലേക്ക് ചുവടെ ചേർക്കുന്ന വീഴ്ചകൾ/ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

- പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന് സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.
- കേരള മുൻസിപ്പാലിറ്റി ആക്ട് ,1994 ലെ സെക്ഷൻ 376 പ്രകാരമുള്ള അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- തൊഴിൽ നികുതി രജിസ്റ്റർ, ലേല രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യം ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- ജീവനക്കാർ സ്ഥലംമാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- നഗരസഭാ യോഗങ്ങളുടെ മിനിട്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. വാർഡ് സഭകൾ ഉൾപ്പടെയുള്ള മിനിട്സുകൾ കൃത്യതയോടെയും, ചട്ടപ്രകാരവും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
- ആസ്തി രജിസ്റ്റർ കൃത്യവും കാലികവുമാക്കി സൂക്ഷിച്ചിട്ടില്ല. ആയത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

- തെരുവ് വിളക്കുകൾക്കുള്ള ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല. അതുപോലെതന്നെ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
- സ്യൂട്ട് രജിസ്റ്ററിൽ പരാതി കക്ഷികൾ, എതിർകക്ഷികൾ, കേസിന്റെ സംക്ഷിപ്തം, കോടതിയുടെ പേര്, ഹാജരാകുന്ന വക്കീൽ കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ എന്നിവ രേഖപ്പെടുത്തേണ്ടതും, സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ സഹിതം സൂക്ഷിക്കേണ്ടതുമാണ്.
- ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.
- ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഉ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-12-2020മുതൽ 05-01-2021വരെ | 2018-19മുതൽ 2019-20വരെ | 01-03-2021 |
| പെർഫോമൻസ് ഓഡിറ്റ് | 14-02-2011 | 2009-10 | 31-12-2011 |

## 1-11 യോഗങ്ങളുടെ മിനിട്ട്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ യോഗ തീരുമാനങ്ങൾ ഓൺലൈനാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച 'സകർമ്മ' ആപ്ലിക്കേഷൻ നഗരസഭയിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിലിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 14 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 14(3) പ്രകാരം യോഗത്തിന്റെ മിനിട്ട്സിന്റെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. സെക്രട്ടറി തയ്യാറാക്കിയ യോഗ നടപടിക്കുറിപ്പിന്റെ നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതും, പ്രസിഡന്റ് അംഗീകരിച്ച യോഗനടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാലുടൻതന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ്

വാങ്ങേണ്ടതും അതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം പരമാവധി 5 ദിവസത്തിനുള്ളിൽ പൂർത്തിയാക്കി പ്രസിദ്ധീകരിക്കേണ്ട രേഖയാണ് യോഗം ചേർന്ന് മാസങ്ങൾക്ക് ശേഷവും പൂർത്തിയാക്കി പ്രസിദ്ധീകരിക്കാതിരിക്കുന്നത്. ഇത് ജനങ്ങൾക്ക് നിയമവും ചട്ടവും ഉറപ്പ് വരുത്തുന്ന അറിയാനുള്ള അവകാശം നിഷേധിക്കലാണ്. മാത്രവുമല്ല മിനിറ്റ്സിൽ പിന്നീട് അനധികൃതമായി ഭേദഗതികൾ വരുത്തുന്നതിനും, തീരുമാനങ്ങൾ തിരുകി കയറ്റുന്നതിനും പഴുത് സൃഷ്ടിക്കുകയും ചെയ്യുന്നു. ഓഡിറ്റ് തീയതിയിൽ മിനിട്സ് പൂർത്തിയാക്കാത്ത കൗൺസിൽ യോഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | യോഗം നടന്ന തീയതി | യോഗ നമ്പർ |
|---|---|---|
| 1 | 31 12.2022 | 26/2022 |
| 2 | 13/03/2023 | 8/2023 |
| 3 | 22/11/2023 | 35/2023 |
| 4 | 24/11/2023 | 36/2023 |
| 5 | 04/12/2023 | 37/2023 |
| 6 | 18/12/2023 | 38/2023 |

നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത് എന്നിരിക്കേ യോഗങ്ങളുടെ മിനിട്ട്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുന്നതിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വെള്ളക്കര കുടിശ്ശികയിനത്തിൽ ഒന്നേകാൽ കോടിയുടെ ബാധ്യത

കേരള വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള 12-09-2022-ലെ AB 5/ 845/LSG/06 നമ്പർ കത്ത് പ്രകാരം പൊതുടാപ്പുകളുടെ കുടിശ്ശിക 09/2022 വരെ 32782598 രൂപയായിരുന്നു. ആയത് ആംനെസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 8544331 രൂപയായി നിജപ്പെടുത്തി. തുടർന്ന് 09/2022 വരെയുള്ള നിലവിലെ കുടിശ്ശികയായ 8544331 രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടവാക്കുന്നപക്ഷം 6275861 രൂപ അടച്ചാൽ മതിയാകുമെന്ന് വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചുവെങ്കിലും നഗരസഭ യാതൊരുവിധ നടപടികളും സ്വീകരിച്ചില്ല. ഇപ്രകാരം അവശേഷിച്ച തുകയാണ് ക്രമേണ വർദ്ധിച്ച് നിലവിൽ ഒന്നേകാൽ കോടി കവിഞ്ഞിരിക്കുന്നത്.

നഗരസഭയിൽ നിലവിൽ 400 പൊതു ടാപ്പുകളാണുള്ളത്. ഇവയുടെ വെള്ളക്കരമിനത്തിൽ 727967 രൂപയാണ് 2024 ജനവരി മാസത്തെ വാട്ടർ ചാർജ്ജ്. 2023 ഫെബ്രുവരി മാസം വരെ പഴയ നിരക്കിലുണ്ടായനിരുന്ന വെള്ളക്കരം 2023 മാർച്ച് മാസം മുതലാണ് വാട്ടർ അതോറിറ്റി വർദ്ധിപ്പിച്ചത്. ഒരു ടാപ്പിന് ഒരു വർഷം 14200 രൂപ എന്നുള്ളത് 21836 രൂപയായിട്ടാണ് വർദ്ധിപ്പിച്ചത്. ഇത് പ്രകാരം 2023 മാർച്ച് മാസത്തെ ഡിമാന്റ് തുക 316534 രൂപയിൽ നിന്നും 727967 രൂപയായി വർദ്ധിച്ചു.

നഗരസഭയും വാട്ടർ അതോറിറ്റി അധികൃതരുമായി ചേർന്ന് നിലവിലുള്ള പൊതുടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ചുള്ള ടാബുലേഷൻ ഷീറ്റ് പ്രകാരം 334 ടാപ്പുകളാണ് നിലവിലുള്ളത്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള ബിൽ പ്രകാരം 400 ടാപ്പുകളാണ് കാണിച്ചിരിക്കുന്നത്. ഭരണസമിതിയുടെ 13-07-2023-ലെ 16/6-ാം നമ്പർ തീരുമാന പ്രകാരം 334 ടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് നഗരസഭയിൽ നിന്നും അടവാക്കി വരുന്നത്. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ ടാപ്പുകളുടെ എണ്ണം 334 ആയി കുറയ്ക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും നിലവിലും നടപടികളില്ല.

നഗരസഭാ സെക്രട്ടറിയുടെ 21-09-2023-ലെ G5-(A!)_10971/2010 നമ്പർ കത്ത് പ്രകാരം നിലവിലുള്ള ബിൽ തുകയായ 795304 രൂപ (434 ടാപ്പുകൾ) 607824 രൂപയായി (334 ടാപ്പുകൾ) കുറവ് ചെയ്ത് നൽകുന്നതിന് നഗരസഭാ സെക്രട്ടറി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിരുന്നു. എന്നാൽ വാട്ടർ അതോറിറ്റി ടാപ്പുകളുടെ എണ്ണം 434-ൽ നിന്നും 400 ആയി കുറവ് വരുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഓരോ മാസവും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുക പൂർണ്ണമായും നഗരസഭ അടവാക്കുന്നില്ല. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലുള്ള 334 ടാപ്പുകളുടെ കരമാണ് (607824 രൂ.) നിലവിൽ നഗരസഭ ഒടുക്കവരുത്തുന്നത്. അതിനാൽ ഡിമാന്റ്, ഫൈൻ ഇനങ്ങളിലായി ഓരോ മാസത്തെയും ബില്ലിൽ കുടിശ്ശിക പെരുകുന്നു.

2024 ജനവരി മാസത്തെ ബിൽ പ്രകാരം മുൻ ബാക്കി- 11660057 രൂപ, ഫൈൻ തുക- 228765 രൂപ, തൻമാസത്തെ

ഡിമാന്റ് തുക- 727963 രൂപ എന്നിവ ഉൾപ്പെടെ 12616785 രൂപയുടെ ബില്ലാണ് നഗരസഭക്ക് ലഭിച്ചത്. വാട്ടർ അതോറിറ്റിയുടെ ബിൽ തുക പൂർണ്ണമായി അടവാക്കാതെ 607824 രൂപ മാത്രമാണ് അടവാക്കിയത്. തന്മൂലം ഓരോ മാസവും കുടിശ്ശിക തുക വലിയ തോതിൽ വർദ്ധിച്ച് വരുന്നു. പ്രസ്തുത സാഹചര്യത്തിൽ ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതും വാട്ടർ അതോറിറ്റിയുടെ ബില്ലിൽ ടാപ്പുകളുടെ എണ്ണം 334 ആയി ക്രമപ്പെടുത്തി വാങ്ങേണ്ടതുമാണ്. കൂടാതെ കുടിശ്ശിക തുകയുടെ കാര്യത്തിലും നടപടി സ്വീകരിക്കേണ്ടതും സ്വീകരിക്കുന്ന നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-13 നഗരസഭയുടെ സാമ്പത്തിക സ്ഥിതി പരിതാപകരം

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ വിവിധ ഷെഡ്യൂളുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്ന ചെലവുകളുമായി ബന്ധപ്പെട്ട് ചുവടെ പറയും പ്രകാരം ബാധ്യതകൾ അവശേഷിക്കുന്നുണ്ട്.

| ക്രമ നം. | ഇനം | ബാധ്യതാ തുക |
|---|---|---|
| 1 | Benificiary Contribution | 560781 |
| 4 | Deposits Received | 37966868 |
| 5 | Other Liabilities | 11787985 |
| | Total | 50315634 |

നഗരസഭയുടെ തനത് ഫണ്ടുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ ട്രഷറിയിലെ ജി.പി.എഫ് അക്കൗണ്ട്, അടൂർ എസ്.ബി.ഐ- യിലുള്ള തനത് ഫണ്ട് അക്കൗണ്ട്, കേരള ഗ്രാമീൺ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ട്, എസ്.ബി.ഐ-യിലുള്ള ഇ-പെയ്മെന്റ് അക്കൗണ്ട് എന്നിവയാണ്. ഇതിൽ ജനറൽ പർപ്പസ് ഫണ്ടിലെ 31-03-2023- ലെ നീക്കിബാക്കി 580894 രൂപയും അടൂർ എസ്.ബി.ഐ- യിലുള്ള തനത് ഫണ്ട് അക്കൗണ്ടിലെ നീക്കിബാക്കി തുക 21493737 രൂപയും കേരള ഗ്രാമീൺ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിലെ നീക്കിബാക്കി 5023902 രൂപയും എസ്.ബി.ഐ-യിലുള്ള ഇ-പെയ്മെന്റ് അക്കൗണ്ടിലെ നീക്കിബാക്കി തുകയായ 5778565 രൂപയും ഉൾപ്പെടെ 32877098 രൂപയുമാണ്.

നഗരസഭയുടെ നികുതി/നികുതിയേതര ഇനത്തിലുള്ള വരുമാനം ജീവനക്കാരുടെ ശമ്പളം , മെംബർമാരുടെ ഓണറേറിയം തുടങ്ങിയ എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾക്കും തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ്, വേള്ളക്കരം, വാഹനചെലവുകൾ തുടങ്ങിയ പ്രവർത്തന ചെലവുകൾക്കും മറ്റ് ഭരണപരമായ ചെലവുകൾക്കും പര്യാപ്തമാകാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ജനറൽ പർപ്പസ് ഫണ്ടിനത്തിലുള്ള സർക്കാർ ഗ്രാന്റ് ലഭ്യമാകുന്നതു മൂലവുമാണ് നഗരസഭയുടെ ദൈനംദിന ചെലവുകൾ നടത്താൻ കഴിയുന്നത്.

നഗരസഭയുടെ ദൈനംദിന ചെലവുകൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും അനിവാര്യചുമതലകളും മേഖലാ ചുമതലകളും നിർവ്വഹിക്കുന്നതിനും നിക്ഷിപ്തമായ ഭരണഘടനാപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനും സ്ഥാപനത്തിന്റെ തനത് വരുമാനം നിലവിൽ പര്യപ്തമല്ല. പ്രസ്തുത സാഹചര്യത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടത് അനിവാര്യമാണ്. വാർഷിക ധനകാര്യ പത്രികയിൽ വസ്തു നികുതി,തൊഴിൽ നികുതി, ലൈസൻസ് ഫീസ് ഇനങ്ങളിൽ വലിയ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. നികുതി/നികുതിയേതര വരുമാനങ്ങൾ കൃത്യമായി പിരിച്ചെടുക്കുന്നതിനും പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നഗരസഭ നടപടി സ്വീകരിച്ച് തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 6.75 ലക്ഷം രൂപയുടെ മുൻകൂർ ക്രമീകരിച്ചില്ല

ധനകാര്യ വകുപ്പിന്റെ 04-10-2011- ലെ ജി.ഒ (പി) നം.419/2011/ ഫിൻ നമ്പർ ഉത്തരവ് പ്രകാരം താൽക്കാലിക മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും തുകകൾ ക്രമീകരിക്കാത്ത സാഹചര്യത്തിൽ ഒരു വർഷത്തേക്ക് 18% നിരക്കിൽ പലിശ ഈടാക്കണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ മുൻകൂറായി നൽകിയ തുകകൾ നിലവിലും ക്രമീകരിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം./ തീയതി | തുക | തുക കൈപ്പറ്റിയ വ്യക്തി | ആവശ്യം | ഫയൽ നമ്പർ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 65/06-20/ 17-06-2020 | 75000 | അരുൺകുമാർ എസ്., ക്ലർക്ക് | നഗരസഭ 2020 പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവ് | G5/209/2020 |
| 2 | 26/09-20/ 15-09-2020 | 80000 | ഗീത സി. ജെ.എച്ച്.ഐ. | കമ്മ്യൂണിറ്റി കിച്ചന്റെ തുടർ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക | H2-2825/2020 |
| 3 | 09/12-20/ 04-12-2020 | 75000 | അരുൺകുമാർ എസ്., ക്ലർക്ക് | നഗരസഭ 2020 പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവ് | G5/209/2020 |
| 4 | 22/12-20/ 04-12-2020 | 50000 | അരുൺകുമാർ എസ്., ക്ലർക്ക് | നഗരസഭ 2020 പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവ് | G5/209/2020 |
| 5 | 83/02-21/ 05-02-2021 | 72000 | അരുൺകുമാർ എസ്., ക്ലർക്ക് | നഗരസഭ 2020 പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവ് | G5/209/2020 |
| 6 | 84/02-21/ 05-02-2021 | 100550 | അരുൺകുമാർ എസ്., ക്ലർക്ക് | നഗരസഭ 2020 പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവ് | G5/209/2020 |
| 7 | 65/06-21 | 2000 | വിദ്യാ രാജു, ഓവർസിയർ | ഡിജിറ്റൽ സിഗ്നേച്ചർ എടുക്കുന്നതിന് ചെലവഴിച്ച തുക | E2-3779/2021 |
| 8 | 66/06-21 | 2000 | ഫായ്സ് ഇബ്ൻ സുബൈർ, ഓവർസിയർ | ഡിജിറ്റൽ സിഗ്നേച്ചർ എടുക്കുന്നതിന് ചെലവഴിച്ച തുക | E2-3779/2021 |
| 9 | 65/07-21 | 10000 | ജയരാജൻ എൻ. സീനിയർ ക്ലർക്ക് | കിലയുടെ ഓൺലൈൻ പരിശീലന നടത്തിപ്പ് ചെലവ് | G5-5082/2021 |
| 10 | 79/07-21 | 10000 | ജയരാജൻ എൻ, സീനിയർ ക്ലർക്ക് | കിലയുടെ ഓൺലൈൻ പരിശീലന നടത്തിപ്പ് ചെലവ് | G5-5082/2021 |
| 11 | 51/08-21 | 15000 | പുഷ്പകുമാര കെ. | സ്വാതന്ത്ര്യദിനാഘോഷത്തിന്റെ നടത്തിപ്പ് | R3-6311/2021 |
| 12 | 41/09-21 | 4500 | വിനോദ് കെ. സൂപ്രണ്ട് | നഗരസഭയുടെ പേരിലുള്ള വസ്തുവിന്റെ കരം ഒടുക്കുന്നതിന് | E1-122/2021 |
| 13 | 43/04-22/ 11-04-2022 | 50000 | നിയാസ് അലി എം., ഓവർസിയർ | കംഫർട്ട് സ്റ്റേഷന്റ വാട്ടർകണക്ഷൻ ചാർജ്ജ് അടവ്, ഇലക്ട്രിക് ചാർജ്ജ് അടവ് | E1-436/2022 |
| 14 | 57/10-22/ 12-10-2022 | 25000 | ഡി. സജി മുൻ ചെയർമാൻ | പൂനെ യാത്രയ്ക്കുള്ള യാത്രപ്പടി | G5-5709/22 |
| 15 | 66/10-22/ 15-10-22 | 45000 | നിയാസ് അലി എം. ഓവർസിയർ | എട്ടാം വാർഡിലെ എൽ.പി സ്കൂളിന്റെ വാട്ടർ കണക്ഷൻ ചെലവ് | G7-1721/22 |
| 16 | 66/3-23/ 15-03-2023 | 8500 | അജിത് പി. ക്ലീൻ സിറ്റി മാനേജർ | വസ്തു നികുതി പിരിവ്-അനൗൺസ്മെന്റ് | R1-13767/17 |
| 17 | 82/3-23/ 18-03-2023 | 50000 | പ്രസാദ് സി. സൂപ്രണ്ട് | ബജറ്റ് - ചെലവ് | A1-12674/22 |

കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി അഡ്വാൻസ് നൽകി നിലവിവും ക്രമീകരിക്കാത്ത മുൻകൂർ തുകകളുടെ വിവരങ്ങളാണ് മുകളിൽ പറഞ്ഞത് പ്രകാരം കാണിച്ചിരിക്കുന്നത്. പ്രസ്തുത അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.18/ 23 തീയതി 01-24) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുകകൾ അടിയന്തിരമായി ക്രമീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കുകയോ അല്ലാത്തപക്ഷം മുൻകൂർ തുക കൈപ്പറ്റിയ ഉദ്യോഗസ്ഥരിൽ നിന്ന് 18% പലിശ സഹിതം ഈടാക്കി മറുപടി ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-15 അനധികൃത നിർമ്മാണം ക്രവൽക്കരിക്കുന്നതിന് നടപടിയില്ല; നഗരസഭയ്ക്ക് കോടികളുടെ നികുതി നഷ്ടം

2018-19 കാലയളവിൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നഗരസഭയിലെ 28 വാർഡുകളിൽ പരിശോധന നടത്തി 830 കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയതായി രേഖപ്പെടുത്തിക്കൊണ്ട് UA രജിസ്റ്റർ തയ്യാറാക്കിയിരുന്നു. ഇവയിൽ 67 കെട്ടിടങ്ങളെ റവന്യൂ വിഭാഗം 2019-20 ൽ പരിശോധന നടത്തി ക്രമവൽക്കരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ, ക്രമക്കേടുകൾ, മറ്റ് അപാകതകൾ എന്നിവ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-13 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

തുടർന്ന് സംസ്ഥാന വിജിലൻസ് വകുപ്പിന്റെ മിന്നൽ പരിശോധന നടക്കുകയും ക്രമവൽക്കരണം സംബന്ധിച്ച് അർബൻ അഫേഴ്സ് ഡയറക്ടർ മുഖേന അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണെന്ന റിപ്പോർട്ട് ചെയ്യുകയും ആയത് പ്രകാരം ഇന്റേണൽ വിജിലൻസ് ജീവനക്കാരെ നേരിൽ കേൾക്കുകയും ചെയ്തിരുന്നു. എന്നാൽ നിയമവിധേയമല്ലാതെ അനധികൃതമാക്കിയ 830 കെട്ടിടങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു യാതൊരു നിർദ്ദേശവും നഗരസഭ അധികൃതർക്ക് ലഭിച്ചിട്ടില്ല. ഇന്റേണൽ വിജിലൻസ് നടത്തിയ പരിശോധനയിന്മേൽ ഉത്തരവാദികളായവർക്കെതിരെ തുടർനടപടികൾ സ്വീകരിച്ചതായും വ്യക്തമല്ല.

നഗരസഭയുടെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന വാണിജ്യ കെട്ടിടങ്ങളാണ് UA ആക്കപ്പെട്ട ഭൂരിഭാഗം കെട്ടിടങ്ങളും. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ നഗരസഭയ്ക്കു ലഭിക്കേണ്ട കോടികളുടെ വരുമാനം 2016-17 മുതൽ നഗരസഭയ്ക്ക് ലഭിക്കുന്നില്ല.

റവന്യൂവിഭാഗം ക്രമവൽക്കരിച്ചു നൽകിയ 67 കെട്ടിട ഉടമകൾക്കു ടി കെട്ടിടങ്ങളെ വീണ്ടും UA ആക്കാതിരിക്കുന്നതിനു കാരണം ഉണ്ടെങ്കിൽ അറിയിക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് നഗരസഭ 07.11.2023 ൽ നോട്ടീസ് നൽകിയിരുന്നു.

**നിയമപ്രകാരം UAകെട്ടിടങ്ങളുടെ നികുതി അസസ്സ് ചെയ്യുന്നതിനു എഞ്ചിനീയറിംഗ് വിഭാഗം തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.**

ക്രമവൽക്കരിക്കാത്ത കെട്ടിടങ്ങളിൽ നിന്നും കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 242 പ്രകാരം കെട്ടിടത്തിന്റെ ഏരിയ പ്രകാരമുള്ള വസ്തുനികുതിയും രണ്ടിരട്ടി വരുന്ന തുകയും കെട്ടിടം ക്രമവൽക്കരിക്കുന്നിടം വരെ ഈടാക്കേണ്ടതായിരുന്നു. അതിനായി ഈ കെട്ടിടങ്ങളുടെ ഫയലുകൾ എഞ്ചിനീയറിംഗ് വിഭാഗത്തിനു കൈമാറിയതായി 14.12.2023 ലെ കത്ത് മുഖേന തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ നഗരസഭ സെക്രട്ടറി അറിയിച്ചിരുന്നു. (നം.R1-4473/2020=Vol-II). എന്നാൽ കെട്ടിട ഉടമകൾ വെറും വെള്ള പേപ്പറിലാണ് അപേക്ഷകൾ നൽകുന്നതെന്നും നിലവിലുള്ള കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റിലുള്ള മറ്റു കെട്ടിടത്തിന്റെ വിവരങ്ങൾ , ഉടമസ്ഥാവകാശ രേഖകൾ എന്നിവ ലഭ്യമല്ലാത്തതിനാൽ തുടർ പരിശോധന നടത്തുന്നതിനു സാധിക്കുന്നില്ല എന്നു എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തു.

**എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്മേൽ ക്രമവൽക്കരിച്ച കെട്ടിടങ്ങൾ.**

2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിനു ശേഷം എത്ര കെട്ടിടങ്ങൾ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശുപാർശയോടു കൂടി ക്രമവൽക്കരിക്കപ്പെട്ടു എന്നതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.) മറുപടി ലഭ്യമാക്കിയിരുന്നില്ല. അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ലഭ്യമായ ഒരു UA ഫയൽ ഓഡിറ്റ് പരിശോധിച്ചിരുന്നു. ഇതു പ്രകാരം UA ആയിരുന്ന കാലഘട്ടത്തിൽ അടവാക്കേണ്ടിയിരുന്ന കുടിശ്ശിക ഉടമസ്ഥൻ അടവാക്കിയിട്ടില്ല എന്നു കണ്ടു.

| പേര്, വിലാസം | കെട്ടിട നമ്പർ | വാർഷിക നികുതി | കാലയളവ് | ഒടുക്കിയ തുക | കുടിശ്ശിക |
|---|---|---|---|---|---|
| റ്റോം വർഗീസ് & ബിൻസി ആനി വർഗീസ്, ഗിൽഗാൽ ഭവൻ, വയല | New – XXIV/1754 Old XVI/30(1) | 42426 | 2017-18 | 15910 | 26516 |
| | | 42426 | 2018-19 | 15910 | 26516 |
| | | 42426 | 2019-20 | 15910 | 26516 |
| | | 42426 | 2020-21 | 15910 | 26516 |
| | | 42426 | 2021-22 | 0 | 42426 |
| | **ആകെ** | **212130** | | **63640** | **148490** |
| | New- XXIV/1755 Old- XVI/30(2) | 47844 | 2017-18 | 17942 | 29902 |
| | | 47844 | 2018-19 | 17942 | 29902 |
| | | 47844 | 2019-20 | 17942 | 29902 |

| | | | | | |
|---|---|---|---|---|---|
| | | 47844 | 2020-21 | 17942 | 29902 |
| | | 47844 | 2021-22 | 0 | 47844 |
| | **ആകെ** | **239220** | | **71768** | **167452** |

എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് ശുപാർശ പ്രകാരം ക്രമവത്ക്കരിച്ച എത്ര UA കെട്ടിടങ്ങൾ ഉണ്ട് എന്നത് സംബന്ധിച്ച വിവരം ഓഡിറ്റിന്ന ലഭ്യമാക്കിയില്ല. ഇപ്രകാരം ക്രമവത്ക്കരിച്ച മേൽ ഉടമസ്ഥന്റെ രണ്ടു കെട്ടിടങ്ങൾക്കു മാത്രം നിലവിൽ 315942 രൂപ കുടിശ്ശികയുണ്ട്.(148490+167452). ഇപ്രകാരം ക്രമവത്ക്കരിക്കാൻ അവശേഷിക്കുന്ന 800 ൽപ്പരം കെട്ടിടങ്ങളുടെ കുടിശ്ശിക കണക്കിലെടുത്താൽ തന്നെ കോടിക്കണക്കിന്ന രൂപയുടെ വരുമാന നഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടാകുന്നത്.

അതിനാൽ മേൽ വിവരിച്ച കെട്ടിടങ്ങളുടെ നിലവിലെ അസസ്സ്മെന്റ് വിവരങ്ങളും നിലവിലെ കെട്ടിടത്തിന്റെ ഏരിയയും തമ്മിൽ വ്യത്യാസമുണ്ടോ എന്നു സ്പെഷ്യൽ ഡ്രൈവ് നടത്തി പരിശോധന നടത്തേണ്ടതും അധിക നിർമ്മാണങ്ങൾ കണ്ടെത്തിയാൽ ആയത് റിപ്പോർട്ട് ചെയ്യേണ്ടത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഉത്തരവാദിത്തമായി മാറേണ്ടതുണ്ട്. ഭരണസമിതി ഈ വിഷയത്തിൽ കർശന നിർദ്ദേശം നൽകേണ്ടതാണ്. അധിക നിർമ്മാണങ്ങളില്ലാത്ത കെട്ടിടങ്ങളെ UA എന്ന വിഭാഗത്തിൽ നിന്നു മാറ്റാവുന്നതും അല്ലാത്ത കെട്ടിട ഉടമസ്ഥർക്കു കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 406 പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഈ വിഷയത്തിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടു കൊണ്ട് തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നഗരസഭ സെക്രട്ടറി 14.12.2023 ൽ കത്ത് നൽകിയിട്ടുണ്ട്. നടപടിക്രമങ്ങളിലെ കാലതാമസം കാരണം നികുതി കുടിശ്ശിക വലിയ തുകയായി കെട്ടിട ഉടമകൾക്ക് ഉണ്ടാകുന്നുണ്ട്. ഇത് പിന്നീട് മറ്റു നിയമ നടപടികളിലേക്ക് പോകുന്നതും നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം തടസ്സപ്പെടുന്നതിനും കാരണമാകുന്നതിനാൽ ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സർക്കാർതലത്തിൽ നിന്നും ലഭ്യമാക്കുന്നതിന്ന ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-16 കോടികളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തില്ല

നഗരസഭയിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 4,20,20,983 രൂപ പിരിച്ചെടുക്കാനുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ ഓഡിറ്റ് നടക്കുന്ന സമയത്ത് ബ്ലോക്ക് ചെയ്തതിനാൽ സഞ്ചയ പ്രകാരമുള്ള DCB സ്റ്റേറ്റ്മെന്റ് പരിശോധിക്കുന്നതിന്ന കഴിഞ്ഞിട്ടില്ല. ഓഡിറ്റിന്ന ലഭ്യമാക്കിയ ലോഗിനിൽ നിന്നും കളക്ഷൻ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന ഏതാനും കെട്ടിട ഉടമകൾ വൻ കുടിശ്ശിക വസ്തു നികതി ഇനത്തിൽ വരുത്തിയതായി കണ്ടു. താഴെ പറയുന്ന വ്യക്തികളിൽ നിന്നു മാത്രം 1.42 കോടി രൂപ വസ്തു നികുതിയിനത്തിൽ കുടിശ്ശികയുണ്ട്. ഇവയിൽ പി .എം. ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട എന്ന വ്യക്തി മാത്രമായി 63.53 ലക്ഷം രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ വിവരങ്ങൾ | സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 1 | 387 | സെക്രട്ടറി, മലങ്കര കത്തോലിക് എഡ്യൂക്കേഷൻ സൊസൈറ്റി,പറന്തൽ | 120501 |
| 2 | 3 | 247 | കെ ആർ ശിവാനന്ദൻ, കോട്ടപ്പുറത്ത് വീട്,പന്നിവിഴ | 78517 |
| 3 | 5 | 246 | സെക്രട്ടറി, ഇൻഡ്യൻ റെഡ് ക്രോസ് സൊസൈറ്റി,അടൂർ | 161887 |
| 4 | 5 | 395 | റ്റി.റ്റി. യേശുദാസ്, ലക്ഷ്മി നിവാസ്,ഓച്ചിറ | 397997 |
| 5 | 5 | 622 | കലഞ്ഞൂർ മധു, പ്രസിഡന്റ് എൻ എസ് എസ് താലൂക്ക് യൂണിയൻ,അടൂർ | 269449 |
| 6 | 5 | 663 | സെക്രട്ടറി, എസ് എൻ ടി പി യൂണിയൻ,അടൂർ | 68713 |
| 7 | 5 | 664 | സെക്രട്ടറി, എസ് എൻ ടി പി യൂണിയൻ,അടൂർ | 71570 |
| 8 | 5 | 676 | എം.കെ. പൊന്നമണി, മണിമന്ദിരം,കരുവാറ്റ,അടൂർ | 32514 |
| 9 | 5 | 681 | എം.കെ. പൊന്നമണി, മണിമന്ദിരം,കരുവാറ്റ,അടൂർ | 78769 |
| 10 | 5 | 682 | എം.കെ. പൊന്നമണി, മണിമന്ദിരം,കരുവാറ്റ,അടൂർ | 89412 |
| 11 | 5 | 966 | ശാമുവേൽ ജോസ്, ജോസ് ഭവനം,നടുവിലെ മുറി | 381656 |
| 12 | 5 | 967 | ശാമുവേൽ ജോസ്, ജോസ് ഭവനം,നടുവിലെ മുറി | 362576 |
| 13 | 5 | 968 | ശാമുവേൽ ജോസ്, ജോസ് ഭവനം,നടുവിലെ മുറി | 343501 |
| 14 | 5 | 969 | ശാമുവേൽ ജോസ്, ജോസ് ഭവനം,നടുവിലെ മുറി | 324409 |
| 15 | 8 | 310 | ശാമുവേൽ, പാറവിള പുത്തൻ വീട് | 63851 |
| 16 | 15 | 405 | ജി.പി. മോഹന ചന്ദ്രൻ, ഗോവിന്ദ മന്ദിരം,പറക്കോട് | 85613 |

| | | | | |
|---|---|---|---|---|
| 17 | 15 | 612 | റ്റി.കെ. അലക്സാണ്ടർ, കടുവിനാൽ പുത്തൻവീട്,പറക്കോട് | 99958 |
| 18 | 16 | 553 | പ്രസിഡൻറ്, വൈ എം സി എ,പറക്കോട് | 86691 |
| 19 | 17 | 119 | വിൽസൺ കെ., പുത്തൻവിളയിൽ വീട്,പറക്കോട് | 76265 |
| 20 | 20 | 32 | ട്രസ്റ്റി സെൻറ് തോമസ് ഓർത്തഡോക്സ് ചർച്ച്, കണ്ണംകോട് | 274677 |
| 21 | 20 | 399 | സെക്രട്ടറി, കെൻ കോസ് | 81418 |
| 22 | 20 | 400 | സെക്രട്ടറി, കെൻകോസ് | 309216 |
| 23 | 20 | 542 | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് | 252182 |
| 24 | 20 | 549 | മോറാൻ മാർ ബസേലിയോസ്, കാതലിക്കോസ് സിറിയൻ കാത്തലിക്ക് ചർച്ച് | 70446 |
| 25 | 20 | 648 | ചിന്നമ്മ ബേബി, കടുവുങ്കൽ വീട്,അടൂർ | 95749 |
| 26 | 20 | 695 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 626756 |
| 27 | 20 | 696 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 739049 |
| 28 | 20 | 697 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 739049 |
| 29 | 20 | 698 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 619239 |
| 30 | 20 | 699 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 735360 |
| 31 | 20 | 775 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 1767773 |
| 32 | 20 | 776 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 94338 |
| 33 | 20 | 777 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 1032196 |
| 34 | 20 | 786 | മാത്യൂ തോമസ്, പുറംചുറ്റിൽ വീട്,കണ്ണംകോട് | 77467 |
| 35 | 21 | 23 | നജീം,നിസ്സാമുദ്ദീൻ, അലുവിലയിൽ,ഏഴംകുളം | 103443 |
| 36 | 21 | 97 | പ്രസിഡന്റ്, സെക്രട്ടറി, സുവാർത്താ ഫുൾ ഗോസ്പൽ ചർച്ച്,കണ്ണംകോട് | 99966 |
| 37 | 21 | 294 | പി .എം ജോസ്, പ്ലാംമൂട്ടിൽ വില്ല, കുളനട | 279557 |
| 38 | 23 | 230 | റജീലാ ഷാജഹാൻ, കെ.ആർ ഷാജഹാൻ,ചരിഞ്ഞവിളയിൽ ഹൌസ്,അടൂർ | 140967 |
| 39 | 24 | 790 | മാർ കുറിലോസ് മെത്രാപൊലീത്ത കോൺവെൻറ്, കൊല്ലം ബദ്രാസനം സെന്റ്മേരീസ് കോൺവെൻറ് | 79986 |
| 40 | 24 | 791 | മാർ കുറിലോസ് മെത്രാപൊലീത്ത, സെന്റ്മേരീസ് കോൺവെൻറ് | 70406 |
| 41 | 24 | 794 | സെന്റ്മേരീസ് എം എം സി എച്ച് എസ് ക്യാമ്പസ് | 100118 |
| 42 | 24 | 898 | മാത്യു ജോർജ്ജ് മേഴ്സികുട്ടി പി. സകറിയ, ചിറ്റുണ്ടയിൽ | 104602 |
| 43 | 24 | 901 | മാത്യു ജോർജ്ജ്, മേഴ്സികുട്ടി പി. സ്കറിയ, ചിറ്റുണ്ടയിൽ | 444036 |
| 44 | 25 | 8 | അഗ്രികൾച്ചറൽ ഓഫീസർ(സീഡ് ഫാം) | 99402 |
| 45 | 25 | 343/1 | ഗീതാ സുരേഷ്, കൈതവിളയിൽ | 162839 |
| 46 | 25 | 369 | ഷീലാ വർഗ്ഗീസ്, കോയിയ്ക്കൽ പുത്തൻവീട്,കണ്ണംകോട് | 102783 |
| 47 | 25 | 406 | ഷീലാ വർഗ്ഗീസ്, കോയിയ്ക്കൽ പുത്തൻവീട്,കണ്ണംകോട് | 119885 |
| 48 | 26 | 301 | സുരേഷ്, ശിവപ്രയാഗ്, മൂന്നാളം | 114179 |
| 49 | 27 | 315 | ചന്ദ്രിക കെ. നായർ, തറയിൽ വീട്, കരുവാറ്റ | 148903 |
| 50 | 27 | 427 | ബദറുദ്ദീൻ ജസീനബദറുദ്ദിൻ, ഗാലക്സി ഹോം, അടൂർ | 38565 |
| 51 | 27 | 774 | ജേക്കബ് തോമസ്, പടിഞ്ഞാറേ വീട്, കരുവാറ്റ, അടൂർ | 168748 |
| 52 | 27 | 775 | ജേക്കബ് തോമസ്, പടിഞ്ഞാറേ വീട്,കരുവാറ്റ,അടൂർ | 179907 |
| 53 | 27 | 789 | കെ.ജി.അശോകൻ, അശോക് ഭവൻ,കരുവാറ്റ,അടൂർ | 126553 |
| 54 | 27 | 865 | ജി. രാജൻ, പൊൻ പ്രഭ,കരുവാറ്റ,കരുവാറ്റ അടൂർ പി ഒ,691523) | 156307 |
| 55 | 27 | 869 | ജോസഫ് ജോൺ, കൊല്ലം കേരി ബംഗ്ലാവ്,കരുവാറ്റ | 122573 |
| 56 | 27 | 871 | മനു മോഹൻ, മാനസി ശ്രീ ഗോവിന്ദ്,മൂന്നാളം | 85835 |
| 57 | 27 | 872 | നിസാം, നാസ്,കരുവാറ്റ | 78135 |
| 58 | 27 | 956 | ഗീത എ. കുറുപ്പ്, വൈഷ്ണവം,അടൂർ | 179422 |
| 59 | 28 | 215 | സതീഷ് കുമാർ, ചന്ദ്രാലയം,കരുവാറ്റ | 96984 |
| 60 | 28 | 471 | സതീഷ് കുമാർ, സൗപർണിക,കരുവാറ്റ | 104642 |
| | **ആകെ** | | | **14217507** |

മേൽ പ്രസ്താവിച്ചിട്ടുള്ള വ്യക്തികളിൽ നിന്നും കുടിശ്ശിക ഈടാക്കാൻ നഗരസഭ സ്വീകരിച്ച തുടർ നിയമനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.53/

27-01-2024) ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകിയില്ല.

ഭരണസമിതി ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങളിൽ കുടിശ്ശികയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാനാവില്ല എന്നിരിക്കെ മേൽ വിവരിച്ച കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് അടിയന്തിരമായി പരിശോധിക്കപ്പെടേണ്ടതാണ്. അപ്രകാരം പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസിനു ശുപാർശ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനു ഓഡിറ്റ് ശുപാർശ ചെയ്യുന്നു. നികുതി കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-17 സർക്കാർ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാനുള്ളത് 55.37 ലക്ഷം രൂപ.

നഗരസഭ പരിധിയിലുള്ള സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശികയിനത്തിൽ സഞ്ചയ പ്രകാരം **₹55,37,957 രൂപ** പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | ഓഫീസിന്റെ പേര് | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 5 | 105 | സബ് ഡിവിഷണൽ എഞ്ചിനിയർ (ഇൻഡോർ), ബി.എസ്.എൻ.എൽ. | 861616 |
| 2 | 5 | 106 | സബ് ഡവിഷണൽ എഞ്ചിനിയർ (ഇൻഡോർ), ബി.എസ്.എൻ.എൽ. | 159189 |
| 3 | 5 | 158 | സബ് ഇൻസ്പെക്ടർ ഓഫ് പോലിസ് | 105970 |
| 4 | 5 | 159 മുതൽ 186 വരെ | സബ് ഇൻസ്പെക്ടർ ഓഫ് പോലിസ്, പോലിസ് ക്വാർട്ടേഴ്സ് | 40878 |
| 5 | 5 | 322 | ആർ.ഡി.ഒ ഓഫീസ് | 55417 |
| 6 | 5 | 323 | ജുഡിഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് | 87053 |
| 7 | 5 | 324 | മജിസ്ട്രേറ്റ് കോർട്ട് | 132036 |
| 8 | 5 | 325 | മജിസ്ട്രേറ്റ് | 46659 |
| 9 | 5 | 327 | മജിസ്ട്രേറ്റ് കോർട്ട് | 93317 |
| 10 | 5 | 328 | മുൻസിഫ്, മുൻസിഫ് കോർട്ട് | 46659 |
| 11 | 5 | 329 | ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് | 46659 |
| 12 | 5 | 330 | മജിസ്ട്രേറ്റ്, മജിസ്ട്രേറ്റ് കോർട്ട് | 64803 |
| 13 | 5 | 331 | മുൻസിഫ്, മുൻസിഫ് കോർട്ട് | 32402 |
| 14 | 5 | 742 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 2113 |
| 15 | 5 | 747 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 13788 |
| 16 | 5 | 755 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 20482 |
| 17 | 5 | 759 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 95868 |
| 18 | 5 | 818 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 1155 |
| 19 | 5 | 854 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 5742 |
| 20 | 5 | 855 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 30020 |
| 21 | 5 | 856 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 34614 |
| 22 | 5 | 857 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 34614 |
| 23 | 5 | 858 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂര് (DMO Office And RTO) | 727769 |
| 24 | 5 | 859 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 105004 |
| 25 | 5 | 860 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 94523 |
| 26 | 5 | 861 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 105004 |
| 27 | 5 | 862 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 88388 |
| 28 | 5 | 863 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 105004 |
| 29 | 5 | 864 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 105004 |
| 30 | 5 | 865 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 105004 |
| 31 | 5 | 866 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 105004 |
| 32 | 5 | 867 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 99604 |
| 33 | 5 | 868 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 114122 |
| 34 | 5 | 869 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 78466 |
| 35 | 5 | 870 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 99604 |
| 36 | 5 | 871 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 109598 |
| 37 | 5 | 872 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 26295 |
| 38 | 5 | 873 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ റവന്യൂ ടവർ, അടൂർ | 117655 |

| | | | | |
|---|---|---|---|---|
| 39 | 5 | 874 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 23820 |
| 40 | 5 | 875 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 26321 |
| 41 | 5 | 876 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 23126 |
| 42 | 5 | 877 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 19751 |
| 43 | 5 | 878 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 23126 |
| 44 | 5 | 879 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 15450 |
| 45 | 5 | 880 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 9451 |
| 46 | 5 | 881 | അസിസ്റ്റന്റ് പ്രോജക്ട മാനേജർ റവന്യൂ ടവർ, അടൂർ | 59704 |
| 47 | 13 | 133 | എക്സിക്യൂട്ടീവ് എഞ്ചി നിയർ, കേരള വാട്ടർ അതോറിറ്റി | 134211 |
| 48 | 13 | 134 | എക്സിക്യൂട്ടീവ് എഞ്ചി നിയർ, കേരള വാട്ടർ അതോറിറ്റി | 155953 |
| 49 | 15 | 271 | ബ്ലോക്ക് ഓഫീസ്, പറക്കോട് | 127595 |
| 50 | 15 | 272 | ബ്ലോക്ക് ഓഫീസ്, പറക്കോട് | 259983 |
| 51 | 15 | 273 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 41986 |
| 52 | 15 | 274 | സെക്രട്ടറി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 10552 |
| 53 | 15 | 275 | സെക്രട്ടറി,ബ്ലോക്ക് ഓഫീസ്, പറക്കോട് | 6969 |
| 54 | 15 | 276 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്,പറക്കോട് | 6202 |
| 55 | 15 | 277 | സെക്രട്ടറി, ബ്ലോക്ക് ഓഫീസ്, പറക്കോട് | 7076 |
| 56 | 16 | 411 | എക്സൈസ് റേഞ്ച് ഓഫീസ്,പറക്കോട് | 37108 |
| 57 | 16 | 412 | എക്സൈസ് റേഞ്ച് ഓഫീസ്, പറക്കോട് | 12612 |
| 58 | 21 | 120 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ, റോഡ് സബ്ഡിവിഷൻ | 20704 |
| 59 | 21 | 121 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ ,റോഡ് സബ്ഡിവിഷൻ | 61703 |
| 60 | 21 | 122 | അസിസ്റ്റന്റ് എക്സിക്യൂട്ടി എൻജിനിയർ, റോഡ് സബ്ഡിവിഷൻ | 146986 |
| 61 | 22 | 348 | എക്സി. എൻജിനീയർ, കെ.ഐ.പി. ഹൈഡ്രോളജി ഡിവിഷൻ | 22725 |
| 62 | 22 | 349 | എക്സി. എൻജിനീയർ, കെ.ഐ.പി. ഹൈഡ്രോളജി ഡിവിഷൻ | 24892 |
| 63 | 22 | 350 | അസ്സി.എൻജിനീയർ, കെ.ഐ.പി.(ആർ.ബി.)സബ് ഡിവിഷൻ നം.7 | 1804 |
| 64 | 22 | 351 | അസ്സി എക്സ് എൻജിനീയർ(കെ ഐ പി (ആർ ബി)) | 1804 |
| 65 | 22 | 352 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 1804 |
| 66 | 22 | 353 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 1804 |
| 67 | 22 | 354 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 1804 |
| 68 | 22 | 355 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 2416 |
| 69 | 22 | 356 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 2416 |
| 70 | 22 | 357 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 2416 |
| 71 | 22 | 358 | എക്സ്. എൻജിനീയർ, കെ ഐ പി ഒ/എം ഡിവിഷൻ | 2416 |
| 72 | 28 | 337 | അസ്സിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, കെ .സ്.ഇ.ബി | 10402 |
| 73 | 28 | 338 | എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ | 8273 |
| 74 | 28 | 339 | എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ | 14144 |
| 75 | 28 | 340 | എക്സിക്യൂട്ടീവ് എൻജിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ | 11346 |
| | | | **ആകെ** | **55,37,957** |

മുകളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ കുടിശ്ശിക ഒടുക്ക് വരുത്തിയിട്ടുള്ളത് സഞ്ചയയിൽ പോസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.54/27.01.2024) നൽകിയിരുന്നെങ്കിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ മറുപടി ലഭ്യമാക്കിയിരുന്നില്ല. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-18 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.

മുനിസിപ്പാലിറ്റി പരിധിയിൽ സ്ഥാപിച്ചിട്ടുള്ള താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയിനത്തിൽ സഞ്ചയ പ്രകാരം **604887 രൂപ** പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ വിവരങ്ങൾ | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 5 | 881 | അസിസ്റ്റന്റ് പ്രോജക്ട് മാനേജർ, റവന്യൂ ടവർ, അടൂർ. | 59704 |
| 2 | 6 | 384 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം | 44618 |

| | | | | |
|---|---|---|---|---|
| 3 | 8 | 310 | ശാമുവേൽ,പാറവിള പുത്തൻ വീട് | 63851 |
| 4 | 24 | 244 | ഇൻഡസ് ടവർ ലിമിറ്റഡ്, ബൈപ്പാസ് റോഡ് കൊച്ചി | 343046 |
| 5 | 24 | 655 | ടവർ കമ്മ്യൂണിക്കേഷൻ,അടൂർ | 93668 |
| | | | **ആകെ** | **604887** |

മുകളിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ കുടിശ്ശിക ഒടുക്ക് വരുത്തിയിട്ടുള്ളത് സഞ്ചയയിൽ പോസ്റ്റ് ചെയ്യാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 55/27.01.2024) ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ മറുപടി നൽകിയിരുന്നില്ല. ഈ ടവറുകളുടെ ഉടമസ്ഥരിൽ നിന്നും കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനു നൽകേണ്ടതാണ്.

## 1-19 തൊഴിൽ നികുതി - പൊതുവായ അപാകതകൾ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245 മുതൽ 259 വരെയുള്ള വകുപ്പുകൾ, 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാപ്രദേശത്തെ സ്ഥാപനങ്ങളിൽ ഒരു അർദ്ധവർഷം 60 ദിവസമോ അതിൽ കൂടുതലോ ജോലി ചെയ്യുന്നവരിൽനിന്നും അർദ്ധവാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23ലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**തൊഴിൽ നികുതി - ഡിമാന്റ് രജിസ്റ്ററും രേഖകളും കൃത്യമല്ല**

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇതിൻപ്രകാരം നഗരസഭ തയ്യാറാക്കുന്ന ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന പല സ്ഥാപനങ്ങളിലെയും തൊഴിൽ നികുതി റിട്ടേണുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ ക്രമത്തിൽ സൂക്ഷിച്ചിട്ടില്ല. വാർഷികാന്ത്യത്തിൽ രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല**

2022- 23 വർഷം നഗരസഭയിൽ പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്ത എല്ലാ കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കാത്ത കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ഉണ്ണികൃഷ്ണൻ, ഉഷാമന്ദിരം, പറക്കോട് |
| 2 | കൃഷ്ണകുമാർ കെ.ആർ, സീതഭവനം, പഴകുളം |
| 3 | അജീഷ് എസ്. കൈതക്കോണാംതോട്ട, പറക്കുളം |
| 4 | ബിജു.എം, രാജ് ഭവനം, പഴകുളം |
| 5 | റേ തോമസ് സഖറിയ, നെല്ലിമൂട്ടിൽ, മണക്കാല |
| 6 | ഭാസ്കരൻ ആർ.എൻ, രതീഷ് ഭവനം, പഴകുളം |
| 7 | പ്രകാശ് റ്റി., കൈലാസം, മേലൂട് |
| 8 | നിഖിൽ പ്രകാശ്, കൈലാസം, മേലൂട് |
| 9 | ഷിബു .ടി., നിരഞ്ജനം, മേലൂട് |
| 10 | സോമരാജൻ, ഗായത്രി, പുളമല |
| 11 | ലിസ്സൺ.കെ.ജോർജ്, ലിസ്സൺ കോട്ടേജ്, അടൂർ |
| 12 | രാജേഷ് കെ, അനിത ഭവനം , പുതുമല |
| 13 | കുര്യൻ കോശി, കളത്തൂർ മേലേതിൽ, അടൂർ |
| 14 | രാജേഷകുമാർ, രാജേഷ് ഭവനം, നൂറനാട് |
| 15 | ജിംസ് മാത്യു |
| 16 | സുജാത എൽ. |
| 17 | വിജി.കെ.തോമസ് |
| 18 | സുനിൽ കുമാർ റ്റി |
| 19 | രജീഷ് കുമാർ |

**റേഷൻ കടകളിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നില്ല**

നഗരസഭ പരിധിയിൽ ഇരുപത്തഞ്ചോളം റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും നാല് റേഷൻ കടകളിൽ നിന്ന് മാത്രമാണ് തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്.

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.25/23.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 തൊഴിൽ നികുതിയിനത്തിൽ 75.49 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

2022-23ലെ വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ B-15 പ്രകാരം തൊഴിൽനികുതിയിനത്തിൽ 7549163/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക |
|---|---|
| തൻവർഷം | 7259716 |
| കുടിശ്ശിക | 289447 |
| ആകെ | 7549163 |

തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ചില സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

1. **ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ**

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പന്നിവിഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കരുവാറ്റ | 1st & 2nd |
| 2 | മിനിമുത്തൂറ്റ് നിധി ലിമിറ്റഡ്, അടൂർ | 1st & 2nd |
| 3 | റിലയൻസ് എസ്. എം. എസ്. എൽ ലിമിറ്റഡ് | 1st & 2nd |
| 4 | ലൈഫ് കെയർ ഫിസിയോതെറാപ്പി ക്ലിനിക് | 1st & 2nd |
| 5 | എസ്.കെ എജ്യൂക്കേഷൻ സർവ്വീസസ് | 1st & 2nd |
| 6 | എച്ച്.ഡി.എഫ്.സി ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് | 1st & 2nd |
| 7 | കെ.സി.ആർ ഫാർമസ്യൂട്ടിക്കൽസ്, അടൂർ | 1st & 2nd |
| 8 | എൻ.എം. നെടുംപറമ്പിൽ നിധി ലിമിറ്റഡ് | 1st & 2nd |
| 9 | എം.എസ്.ഹോളോബ്രിക്സ് | 1st & 2nd |
| 10 | മനു ടിംബർ ഇൻഡസ്ട്രീസ് | 1st & 2nd |
| 11 | പി.ജി.നാരായണപിള്ള ജനറൽ മർച്ചന്റ് | 1st & 2nd |
| 12 | ഫെഡറൽ ബാങ്ക്, പറക്കോട് | 1st & 2nd |
| 13 | പാർക്ക് റസിഡൻസി ഹോട്ടൽ, പറക്കോട് | 1st & 2nd |
| 14 | ബിസ്മി കണക്ട് പ്രൈവറ്റ് ലിമിറ്റഡ്, അടൂർ | 1st & 2nd |
| 15 | ആൽഫാ സ്കാൻസ് ആന്റ് ഡയഗനൊസ്റ്റിക്സ് | 1st & 2nd |
| 16 | ഗോശ്രീ ഫൈനാൻസ് ലിമിറ്റഡ് | 1st & 2nd |
| 17 | മെഡികെയർ ഏജൻസീസ്, അടൂർ | 1st & 2nd |
| 18 | ജനത ക്ലിനിക്ക്, അടൂർ | 1st & 2nd |
| 19 | കെ.കെ.ഐ ക്ലിനിക് ,അടൂർ | 1st & 2nd |
| 20 | പൗവ്വത്ത് ജ്യൂവലറി, അടൂർ | 1st & 2nd |
| 21 | രാജധാനി ഡ്രസ്സ് കളക്ഷൻ, അടൂർ | 1st & 2nd |
| 22 | കാരുണ്യ മെഡിക്കൽസ്, അടൂർ | 1st & 2nd |
| 23 | അറേബ്യൻ ബേക്കറി, അടൂർ | 1st & 2nd |
| 24 | ഫ്രീ സ്റ്റൈൽ മാർജിൻ ഫ്രീ മാർക്കറ്റ്, അടൂർ | 1st & 2nd |
| 25 | ഫ്രഷ് മാർജിൻ ഫ്രീ മാർക്കറ്റ്, അടൂർ | 1st & 2nd |
| 26 | ഓർമ്മ മെഡിക്കൽസ്, അടൂർ | 1st & 2nd |

| | | |
|---|---|---|
| 27 | ശ്രീധർ ജ്യൂവലറി, അടൂർ | 1st & 2nd |
| 28 | ബാറ്റാ സിറ്റി സ്റ്റോർ, അടൂർ | 1st & 2nd |
| 29 | പവിത്രം ജ്യൂവലറി, അടൂർ | 1st & 2nd |
| 30 | മുഗൾ ജ്യൂവലറി, അടൂർ | 1st & 2nd |
| 31 | കടുവങ്കൽ സ്റ്റീൽ ഹൗസ്, അടൂർ | 1st & 2nd |
| 32 | രൂപം ടെക്സ്റ്റൈൽസ് ,അടൂർ | 1st & 2nd |
| 33 | മുളമൂട്ടിൽ നിധി ലിമിറ്റഡ് | 1st & 2nd |
| 34 | പി.ഒ.തോമസ് ആന്റ് സൺസ് സൂപ്പർ മാർക്കറ്റ്, അടൂർ | 1st & 2nd |
| 35 | സുസുക്കി ഷോറൂം, അടൂർ | 1st & 2nd |
| 36 | ആൻസ് ഡെന്റൽ ക്ലിനിക്, അടൂർ | 1st & 2nd |
| 37 | ഗ്രാന്റ് മോട്ടോഴ്സ്, അടൂർ | 1st & 2nd |
| 38 | യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ്, അടൂർ | 1st & 2nd |
| 39 | സിൻഡിക്കേറ്റ് ബാങ്ക്,അടൂർ | 1st & 2nd |
| 40 | ഐ.ഡി.ബി.ഐ. ബാങ്ക്, അടൂർ | 1st & 2nd |
| 41 | അജി & കമ്പനി, അടൂർ | 1st & 2nd |
| 42 | ടൂൺസ് റീറ്റെയിൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, അടൂർ | 1st & 2nd |
| 43 | ഗിഹോൺ ടൈൽസ് & ഗ്രാനൈറ്റസ്, അടൂർ | 1st & 2nd |
| 44 | അനശ്വര സിൽവർ പാലസ്, അടൂർ | 1st & 2nd |
| 45 | മൂഴിയിൽ ഫിനാൻസിയേഴ്സ്, അടൂർ | 1st & 2nd |
| 46 | അലങ്കാർ സൂപ്പർമാർക്കറ്റ്, അടൂർ | 1st & 2nd |
| 47 | ശങ്കരജ്യോതി ആയുർവേദിക് & ഹെർബൽസ്, അടൂർ | 1st & 2nd |
| 48 | എസ്.എൻ.ഹോട്ടൽ, അടൂർ | 1st & 2nd |
| 49 | ഹോട്ടൽ പ്ലാസ, അടൂർ | 1st & 2nd |
| 50 | ഗേറ്റ് വേ ഹെയർ ഫിക്സിംഗ്, അടൂർ | 1st & 2nd |
| 51 | എം.ആർ. സിൽക്സ് , അടൂർ | 2nd |
| 52 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്,പറക്കോട് | 2nd |
| 53 | ആക്സിസ് ബാങ്ക് , അടൂർ | 2nd |
| 54 | എൽ.ഐ.സി. ഓഫ് ഇന്ത്യ, അടൂർ | 2nd |
| 55 | ബാങ്ക് ഓഫ് ഇന്ത്യ അടൂർ | 2nd |
| 56 | എസ്.ജി. ഫിനാൻസ് ,അടൂർ | 2nd |
| 57 | മണപ്പുറം ഫിനാൻസ്, അടൂർ | 2nd |
| 58 | കൊശമറ്റം ഫിനാൻസ്, അടൂർ | 2nd |
| 59 | ഇന്ത്യൻ ഓവർസീസ് ബാങ്ക്, അടൂർ | 2nd |
| 60 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, അടൂർ | 2nd |
| 61 | വൈ.ബി ഫാഷൻസ്, അടൂർ | 2nd |
| 62 | എച്ച്.എച്ച്.മാർത്തോമ മാത്യൂസ് ട്രെയിനിംഗ് കോളേജ്, അടൂർ | 2nd |
| 63 | അടൂർ സർവ്വീസ് ബാങ്ക് | 2nd |
| 64 | എസ്.എസ്.ഹ്യൂണ്ടായി ,അടൂർ | 2nd |
| 65 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കോ.ലിമിറ്റഡ് | 2nd |
| 66 | എച്ച്.ഡി.ബി ഫിനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ്, അടൂർ | 2nd |

**2. സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ**

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സുസുക്കി ഷോറൂം, അടൂർ | 1st & 2nd |
| 2 | ഗ്രാന്റ് മോട്ടോഴ്സ്, അടൂർ | 1st & 2nd |

| | | |
|---|---|---|
| 3 | കോയിക്കൽ ജ്യൂവലേഴ്സ് | 1st & 2nd |
| 4 | പീപ്പിൾസ് അർബൻ നിധി ലിമിറ്റഡ് | 1st & 2nd |
| 5 | കെ.പി.ബി. നിധി ലിമിറ്റഡ് | 1st & 2nd |
| 6 | കാനറ ബാങ്ക് | 1st & 2nd |
| 7 | ട്രാവൻകോ ലിമിറ്റഡ് | 1st & 2nd |
| 8 | ജനത ക്ലിനിക് | 1st & 2nd |
| 9 | ചോയ്സ് ബസാർ | 1st & 2nd |
| 10 | ശബരി ഹൈപ്പർ മാർക്കറ്റ് | 1st & 2nd |
| 11 | യാസ് സെന്റർ ഹൈപ്പർ മാർക്കറ്റ് | 1st & 2nd |
| 12 | ഇന്ത്യൻ കോ- ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി | 1st & 2nd |
| 13 | ആറ്റിങ്കര ഇലക്ട്രോണിക്സ് | 1st & 2nd |
| 14 | ഭാരത് കോ- ഓപ്പറേറ്റീവ് സൊസൈറ്റി | 1st & 2nd |
| 15 | മിഡാസ് ഹെൽത്ത്കെയർ സ്കാൻസ് & ഡയഗ്നോസ്റ്റിക്സ് | 1st & 2nd |
| 16 | ഹോട്ടൽ പാരഡൈസ് | 1st & 2nd |
| 17 | കരിക്കിനേത്ത് ഫിനാൻസ് | 1st & 2nd |
| 18 | അടൂർ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്ക് | 1st & 2nd |
| 19 | കോർപ്പറേഷൻ ബാങ്ക് | 1st & 2nd |
| 20 | ഗേറ്റ് വേ ഹെയർ ഫിക്സിംഗ് | 1st & 2nd |
| 21 | ബാങ്ക് ഓഫ് ബറോഡ | 1st & 2nd |
| 22 | ഗോകുലം ചിറ്റ് ഫണ്ട് | 1st & 2nd |
| 23 | സപ്ലൈകോ ലാഭം | 1st & 2nd |
| 24 | സുന്ദരം ഫിനാൻസ് | 1st & 2nd |
| 25 | അനശ്വര സിൽവർ പാലസ് | 1st & 2nd |

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ നഗരസഭയിലെ തൊഴിൽ നികുതി ഇനത്തിലുള്ള പിരിവിന്റെയും കുടിശ്ശിക ഇനത്തിലുള്ള തുകയുടെയും കൃത്യത ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഈയിനത്തിൽ അവശേഷിക്കുന്ന തുക പിരിച്ചെടുക്കാനാവാതെ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ആരാഞ്ഞ് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.26/23.01.24) ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ഡിമാന്റ്/അരിയർ ഡിമാന്റ് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 സർക്കാർ സ്ഥാപനങ്ങളിൽ നിന്നു തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

2022-23 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് നിന്ന് രണ്ട് അർദ്ധ വർഷത്തെയും ജീവനക്കാരുടെ തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഇ.എസ്.ഐ. ഓഫീസ്, അടൂർ | 1st & 2nd |
| 2 | ഇൻഫൊർമേഷൻ കേരള മിഷൻ, അടൂർ | 1st & 2nd |
| 3 | കോ- ഓപ്പറേറ്റീവ് എജ്യുക്കേഷൻ ഇൻസ്ട്രക്റ്ററുടെ കാര്യാലയം | 1st & 2nd |
| 4 | അസ്സിസ്റ്റൻറ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ , അടൂർ | 1st & 2nd |
| 5 | ഫാമിലി വെൽഫെയർ സെന്റർ, പന്നിവിഴ | 1st & 2nd |
| 6 | സ്റ്റേറ്റ് വെയർഹൗസ്, പറക്കോട് | 1st & 2nd |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, പറക്കോട് | 1st & 2nd |
| 8 | ഐ.സി.ഡി.പി സബ്സെന്റർ, പറക്കോട് | 1st & 2nd |

| | | |
|---|---|---|
| 9 | ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ് , പറക്കോട് | 1st & 2nd |
| 10 | അടൂർ ദേവസ്വം ബോർഡ് | 1st & 2nd |
| 11 | എ.ഇ.ഒ ഓഫീസ്,അടൂർ | 1st & 2nd |
| 12 | എക്സൈസ് സർക്കിൾ ഓഫീസ്, അടൂർ | 2nd |
| 13 | അസ്സിസ്റ്റൻറ് എഞ്ചിനീയർ, അടൂർ | 2nd |
| 14 | സബ് റീജിയണൽ ട്രാൻസ്പോർട്ട് | 2nd |
| 15 | ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയൊ | 2nd |
| 16 | സബ് രജിസ്ട്രാർ ഓഫീസ്, അടൂർ | 2nd |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.34 / 23.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതിയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക പിരിച്ചെടുത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 വിനോദനികുതി പിരിവിലെ അപാകതകൾ

സ.ഉ.(കൈ)നം.63/2019/ത.സ്വ.ഭ.വ, തിയതി 10.06.2019 പ്രകാരം സിനിമ ടിക്കറ്റിന്മേൽ 10% വിനോദ നികുതി തദ്ദേശ ഭരണ സ്ഥാപനത്തിൽ അടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചും ജി.എസ്.റ്റി 28% ൽ നിന്ന് 18% ആയി കുറവ് ചെയ്തും ഉത്തരവായിരുന്നു. 31.08.2019ലെ സ.ഉ.(കൈ)നം.112/2019/ത.സ്വ.ഭ.വ പ്രകാരം 100 രൂപയിൽ താഴെയുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി പ്രാബല്യതിയതി 01.09.2019 ആയി നിശ്ചയിച്ചിട്ടുള്ളതുമാണ്. ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദനികുതിയിനത്തിൽ പിരിച്ച തുക തൊട്ടടുത്ത മാസം മൂന്നാം തിയതിക്കകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സ.ഉ. (സാധാ) 2358/2021 ത.സ്വ.ഭ.വ തീയതി 22.11.21 പ്രകാരം 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ 31 വരെ ഇളവ് ചെയ്തു കൊടുത്തിരുന്നെങ്കിലും 01.01.2022 മുതൽ വീണ്ടും വിനോദനികുതി പ്രാബല്യത്തിലാക്കിയിട്ടുണ്ട്.

2022-23വർഷത്തെ നഗരസഭയുടെ വിനോദ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**എ) വിനോദനികുതി പിരിവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല**

നഗരസഭ പരിധിയിലുള്ള തിയേറ്ററുകളിൽ നിന്ന് എല്ലാ മാസവും വിനോദ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിനോദനികുതിയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് പ്രസ്തുത മാസങ്ങളിൽ വിനോദ നികുതി ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | തിയേറ്റർ | മാസം |
|---|---|---|
| 1 | ശക്തി | 2022- ഏപ്രിൽ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, ഡിസംബർ<br>2023- ജനുവരി, ഫെബ്രുവരി, മാർച്ച് |
| 2 | സ്മിത | 2022-ഡിസംബർ<br>2023- ജനുവരി |

**ബി) ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടും റിട്ടേണും ഹാജരാക്കിയിട്ടില്ല**

കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് റൂൾസ് 2016 പ്രകാരം 1962 ലെ ചട്ടങ്ങളിലെ പാർട്ട് V A യിൽ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടിനോടൊപ്പം മാസാവസാനം ഫോറം നം.VIII A യിലുള്ള റിട്ടേണും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്, എന്നാൽ ആയത് നാളിതുവരെ മുൻസിപ്പാലിറ്റിയിൽ ഹാജരാക്കിയിട്ടില്ല.

**സി) ജി.എസ്.ടി റിട്ടേണിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല**

01.01.2022 മുതൽ തിയേറ്ററുകളിൽ നിന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണം അനുസരിച്ച് വിനോദനികുതി ഈടാക്കുന്നതിനു പകരം തിയേറ്ററുകൾ സമർപ്പിച്ച പ്രതിമാസ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കിയിട്ടുള്ളത്. ജി.എസ്.ടി റിട്ടേൺ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**ഡി) വിനോദനികുതി വൈകി അടവാക്കുന്ന തിയേറ്റർ ഉടമകളിൽ നിന്നും പിഴ ഈടാക്കുന്നില്ല**

ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദനികുതിയിനത്തിൽ പിരിച്ച തുക തൊട്ടടുത്ത മാസം മൂന്നാം തിയതിക്കകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നിരിക്കെ വൈകി അടവാക്കിയ

മാസങ്ങളിൽ വൈകിയതിന് പിഴപ്പലിശ ഈടാക്കിയിട്ടില്ല.

ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.9/18.01.2024) മറുപടി ലഭ്യമാക്കിയില്ല. വൈകി അടവാക്കിയതിന് ബാധകമായ പിഴപ്പലിശ ഈടാക്കിയതിന്റെ രേഖകയും, ജി.എസ്.റ്റി റിട്ടേൺ ഉൾപ്പെടെയുള്ള മറ്റു രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി അനുവദിച്ചു.

2022-23 സാമ്പത്തിക വർഷത്തിൽ ഒക്യുപ്പൻസി അനുവദിച്ചതും നിയമപ്രകാരമുള്ള ടാക്സ് നിർണ്ണയിച്ചതുമായ വാണിജ്യ കെട്ടിടങ്ങളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന കെട്ടിടങ്ങൾ 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നില്ല എന്ന് വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ അജോ മാത്യു, പാലവിളയിൽ, അടൂർ

| | |
|---|---|
| പ്ലോട്ട് ഏരിയ | 16.20 Are |
| നിർമ്മിച്ച കെട്ടിടത്തിന്റെ ഏരിയ | Shop-1 Shop-2<br>GF-125.66 GF-106<br>FF-157.44 FF-134.40<br>S/c- 11.74 S/c- 11.74<br>Shop-1 ആകെ - 294.34 M2<br>Shop-2 ആകെ - 252.04 M2 |
| കെട്ടിടത്തിന്റെ വിനിയോഗം | വാണിജ്യം |
| ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നമ്പർ | BA/336/20-21; 20.03.2023 |

എ) പ്ലോട്ടിലുണ്ടായിരുന്നതും നിർമ്മിക്കുന്നതുമായ കെട്ടിടങ്ങളുടെ ഏരിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് കണക്കിലെടുത്തിട്ടില്ല

കംപ്ലീഷൻ പ്ലാൻ പ്രകാരം ഈ പ്ലോട്ടിൽ ഒക്യുപ്പൻസി നൽകിയ രണ്ട് വാണിജ്യ കെട്ടിടങ്ങൾക്കു പുറമെ രണ്ട് വാസഗൃഹ കെട്ടിടങ്ങൾ കൂടി ഉള്ളതായി കാണിച്ചിട്ടുണ്ട്. AM 22/477 എന്ന പഴയ വീടും (199 M2) നിർമ്മാണത്തിലിരിക്കുന്ന മറ്റൊരു കെട്ടിടവും (പെർമിറ്റ് നം. BA-102/2020-21) ഈ പ്ലോട്ടിലുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളുടെ ഏരിയ എത്രയാണെന്നോ ഇവയുടെ അളവുകൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കണക്കിലെടുത്തിട്ടുണ്ടോയെന്നുള്ളതും വ്യക്തമല്ല.

KMBR-2019, റൂൾ 5 പ്രകാരം F.S.I., Coverage, പാർക്കിംഗ്,പ്ലോട്ടിലേക്കുള്ള വഴിയുടെ വീതി, പ്ലോട്ടിലേക്ക് പ്രവേശനം നൽകുന്ന തെരുവിന്റെ വീതി എന്നിവ കണക്കാക്കുന്നതിന് നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടത്തിന്റെ എല്ലാ ഏരിയയും കണക്കിലെടുക്കണം എന്ന വ്യവസ്ഥയുണ്ട്.

ബി) കെട്ടിടങ്ങൾക്കു കണക്കാക്കിയ പാർക്കിംഗ് ഏരിയ ചട്ടപ്രകാരമല്ല

KMBR-2019, റൂൾ 5 പ്രകാരം F.S.I., Coverage, പാർക്കിംഗ്,പ്ലോട്ടിലേക്കുള്ള വഴിയുടെ വീതി, പ്ലോട്ടിലേക്ക് പ്രവേശനം നൽകുന്ന തെരുവിന്റെ വീതി എന്നിവ കണക്കാക്കുന്നതിന് നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടത്തിന്റെ എല്ലാ ഏരിയയും കണക്കിലെടുക്കണം എന്ന വ്യവസ്ഥയുണ്ട്. അതിനാൽ ഒക്യുപ്പൻസി നൽകിയ രണ്ടു വാണിജ്യ കെട്ടിടങ്ങൾക്കു പുറമെ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിനും വേണ്ട പാർക്കിംഗ് കണക്കിലെടുത്തിട്ടില്ല. മാത്രമല്ല ഇരു വാണിജ്യ കെട്ടിടങ്ങളുടേയും പിൻവശത്തുള്ള പാർക്കിംഗ് ഏരിയിലേക്കുള്ള പ്രവേശനം വലിയ ഗേറ്റ് വച്ച് തടസ്സപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ കെട്ടിടത്തിന്റെ പിൻവശത്ത് പാർക്കിംഗ് സാധിക്കുകയുമില്ല.

മേൽ വിവരിച്ച കെട്ടിട നിർമ്മാണ ചട്ടങ്ങൾ കണക്കിലെടുക്കാതെ ഈ പ്ലോട്ടിലുള്ള കെട്ടിടങ്ങൾ എല്ലാം തന്നെ KMBR-2019 പാലിക്കുന്നു എന്ന ഒറ്റ വരി സ്റ്റേറ്റ്മെന്റ് മാത്രമാണ് 10.03.2023 ൽ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിർമ്മാണത്തിലിരിക്കുന്ന കെട്ടിടം ഒഴികെ ഇപ്പോൾ തന്നെ സൈറ്റിൽ ആകെ 745 M2 കെട്ടിടത്തിനു നികുതി നിർണ്ണയിച്ചിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ പെർമിറ്റ് ഫയൽ (പെർമിറ്റ് നം. BA-102/2020-21) ഓഡിറ്റിനു ഹാജരാക്കണമെന്നും മറ്റ് അപാകതകൾക്ക് വിശദീകരണം നൽകണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം. 42/24.01.2024)

എന്നാൽ ഓഡിറ്റ് ആവശ്യപ്പെട്ട പെർമിറ്റ് ഫയൽ ഹാജരാക്കിയിരുന്നില്ല. അപാകതകൾക്കു മറുപടിയായി നിലവിലുള്ള കെട്ടിടത്തിന്റെയും നിർമ്മിതിയിലിരിക്കുന്ന കെട്ടിടത്തിന്റെയും ഏരിയ ഉൾപ്പെടുത്തിയാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിശോധിച്ചതെന്നു അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു മറുപടി നൽകി. എന്നാൽ കംപ്ലീഷൻ ഫയലിൽ ഹാജരാക്കിയിരുന്ന പ്ലാനിൽ ഈ വിവരങ്ങൾ ഉൾക്കൊള്ളിച്ചിരുന്നില്ല. സമർപ്പിക്കപ്പെട്ട പ്ലാനിന്റെ വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

രണ്ട് വാണിജ്യ കെട്ടിടങ്ങൾക്കും ഒക്യുപ്പൻസി നൽകിയത് ക്രമപ്രകാരമാണോ എന്ന വിശദ പരിശോധന നടത്തുന്നതിനു തദ്ദേശ വകുപ്പ് ആഭ്യന്തര വിജിലൻസ് തുടർനടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

2. ശ്രീ തങ്കച്ചൻ ഗീവർഗീസ്, കാറ്റാടിപടിഞ്ഞാറ്റേതിൽ, പന്നിവിഴ

| | |
|---|---|
| പ്ലോട്ട് ഏരിയ | 11.40 Are |
| നിർമ്മിച്ച കെട്ടിടത്തിന്റെ ഏരിയ | G F-323.99<br>FF-368.63<br>ആകെ - 733.25 M2 |
| കെട്ടിടത്തിന്റെ വിനിയോഗം | വാണിജ്യം |
| ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നമ്പർ | BA/396/20-21; 27.05.2022 |

കെട്ടിടത്തിനാവശ്യമായ പാർക്കിംഗ് കെട്ടി അടച്ച നിലയിൽ

ഈ വാണിജ്യ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പിൻവശത്തായിട്ടായിരുന്നു പാർക്കിംഗ് കാണിച്ചിരുന്നത്. എന്നാൽ നിലവിൽ ഈ ഭാഗത്ത് കാട് പിടിച്ച് കിടക്കുന്നതും ഗേറ്റ് വച്ച് അടച്ചിട്ടിരിക്കുന്നതുമായാണ് കാണാൻ കഴിഞ്ഞത്. കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ പ്രകാരം 8 കാറുകൾക്കുള്ള പാർക്കിംഗ് ആണ് ചട്ടം പ്രകാരം വേണ്ടിയിരുന്നത്. (714.43/90 =8). ഇതിൽ അഞ്ചു കാർ പാർക്കിംഗാണ് കെട്ടിടത്തിന്റെ പിൻവശത്തു കാണിച്ചിരുന്നത്. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി കെട്ടിടം ഉപയോഗിക്കാത്തതിനാലാണ് പാർക്കിംഗ് ഏരിയ ഉപയോഗിക്കാതിരിക്കുന്നതെന്നു അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ ഗേറ്റ് വച്ച് തടസ്സപ്പെടുത്തുന്നത് നീക്കം ചെയ്യാൻ ഉദ്യോഗസ്ഥർ കെട്ടിട ഉടമസ്ഥനു നിർദ്ദേശം നൽകേണ്ടതാണ്.

3. ശ്രീ ഹാഷിം കെ.ബി, ജുബനാ ഹാഷിം, ഹന്ന വില്ല,അറുകാലിക്കൽ. അടൂർ

| | |
|---|---|
| പ്ലോട്ട് ഏരിയ | 3.10 Are |
| നിർമ്മിച്ച കെട്ടിടത്തിന്റെ ഏരിയ | G F-155.13<br>FF -155.13<br>ആകെ - 310.26 M2 |
| കെട്ടിടത്തിന്റെ വിനിയോഗം | വാണിജ്യം |
| ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നമ്പർ | BA/534/19-20; 04.08.2022<br>Partial Occupancy |

കെട്ടിടത്തിനാവശ്യമായ പാർക്കിംഗ് പ്ലോട്ടിലില്ല

ഭാഗിക ഒക്യുപ്പൻസി നൽകിയ ഇരുനില വാണിജ്യ കെട്ടിടത്തിനു കംപ്ലീഷൻ പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് 4 എണ്ണമാണ്. (288.92/90=4). പ്ലാൻ പ്രകാരം ഒരു കാർ പാർക്കിംഗ് ഗ്രൗണ്ട് ഫ്ലോറിൽ ആണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഈ ഭാഗത്ത് വാണിജ്യ വിനിയോഗമായിട്ടാണ് നിലവിൽ പ്രവർത്തിക്കുന്നത് . അവശേഷിക്കുന്ന മൂന്നു കാർ പാർക്കിംഗ് കെട്ടിടത്തിനു മുൻ വശത്തുള്ള Open Space ലാണ് കാണിച്ചിട്ടുള്ളത്. 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഇത് അനുവദിക്കാനാവില്ല.

KMBR 2019 റൂൾ 29(8) പ്രകാരം ചട്ടപ്രകാരമുള്ള തുറന്ന സ്ഥലത്തിന് (Open Space) വാഹന പ്രവേശനമാർഗ്ഗവും വാഹനത്തിന് വളഞ്ഞു തിരിക്കാനുള്ള സൗകര്യവുമുള്ള പക്ഷം തുറന്ന സ്ഥലത്തിന്റെ പരമാവധി 50%, പാർക്കിംഗ് സ്ഥലമായി കണക്കാക്കാവുന്നതാണ്. എന്നാൽ ഇവിടെ മുൻഭാഗത്തെ Open Space ന്റെ 75% വരെ കാർ പാർക്കിംഗ് കാണിച്ചിട്ടുണ്ട്. (മൂന്നു പാർക്കിംഗിനായി 45 M2) . കെട്ടിടത്തിന്റെ മുൻവശത്താകെ 67m2 മാത്രമാണ് Open Space ആയി ലഭിച്ചിട്ടുള്ളത്.

നിലവിൽ വാണിജ്യ കെട്ടിടങ്ങൾക്കാവശ്യമായ പാർക്കിംഗ് ഏരിയ സൈറ്റിലില്ല എന്നിരിക്കെ റസിഡൻഷ്യൽ യൂണിറ്റുകൾക്കായി രണ്ടാം നിലയ്ക്കും പെർമിറ്റ് നൽകിയിട്ടുണ്ട്.

അപാകതകൾക്കു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി കെട്ടിയടയ്ക്കപ്പെട്ട കാർ പാർക്കിംഗ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് കെട്ടിട ഉടമസ്ഥനു നോട്ടീസ് നൽകുന്നതിനും അത് വരെ കെട്ടിടത്തെ UA ആക്കുന്നതിനു റവന്യൂവിഭാഗത്തിനെ വിവരം അറിയിക്കുമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. അപാകതകൾ പരിഹരിക്കുന്നതിനു നഗരസഭ അധികൃതർ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-24 ക്രമവൽക്കരണത്തിനുള്ള അപേക്ഷകളിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല**

മുനിസിപ്പാലിറ്റിയിൽ 2022-23-ൽ ലഭിച്ച ക്രമവൽക്കരണ ഫയലുകളിൽ നോട്ടീസുകൾ നൽകിയതായി പെർമിറ്റ്

രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മറ്റു തുടർനടപടികൾ സംബന്ധിച്ച വിവരം രജിസ്റ്ററിൽ ലഭ്യമല്ല. ഫയലുകൾ ഓഡിറ്റിനു ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.11/18.01.2024) നൽകിയിരുന്നെങ്കിലും ഫയലുകൾ ഹാജരാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്റർ നമ്പർ / തീയതി | പേര്, വിലാസം | കെട്ടിട വിനിയോഗം | നോട്ടീസ് നൽകിയ തീയതി |
|---|---|---|---|---|
| 1 | E2-3693/22; 06-04-2022 | സൈമൺ ചെറിയ, തറയിൽ വീട്ടിൽ, മണക്കാല പി ഒ | വാണിജ്യം - 60m2<br>Existing- 1679 M2 | 19.04.2022 |
| 2 | E2-3681/22; 06-04-2022 | തുളസീധരൻ, കളകണ്ടത്തിൽ വീട്, ഇടക്കാട്, പോരുവഴി | Existing GF- 404.28<br>Regularisation Area – 109.44 | 22-04-2022 |
| 3 | E2-4311/22; 29.04.2022 | സൂസമ്മ വർഗീസ്, കടുവിനാൽ, കരുവാറ്റ, അടൂർ | Existing – Comml- 409.38<br>Regularisation Area – Second Floor-230.15 | 27.04.2022 |
| 4 | E2-14006/22 | സിന്ധു ദേവിയമ്മ, സുധ സദനം, പറക്കോട് പി.ഒ | Existing GF- 188.59<br>Regularisation Area – 43.49 | രേഖപ്പെടുത്തിയിട്ടില്ല. |
| 5 | E2-12597/22 | രാജൻപിള്ള, കാഞ്ഞിരവിള വടക്കേതിൽ, ആനന്ദപ്പള്ളി P.O | പാർപ്പിടം - 134.68 | രേഖപ്പെടുത്തിയിട്ടില്ല. |
| 6 | E2-1940/23 | ജോയ്, മംഗലശ്ശേരിൽ വീട്, കരുവാറ്റ | പാർപ്പിടം<br>Existing GF- 87<br>Regularisation Area – 40 | രേഖപ്പെടുത്തിയിട്ടില്ല. |
| 7 | E2/2632/23 | ഭാസ്കരൻ പിള്ള, രാജേഷ് ഭവൻ, അടൂർ പി.ഒ | ഭവനം - ക്രമവൽക്കരണം.<br>ഏരിയ രേഖപ്പെടുത്തിയിട്ടില്ല. | രേഖപ്പെടുത്തിയിട്ടില്ല. |

കേരള മുനിസിപ്പാലിറ്റി ആക്റ്റ് ,സെക്ഷൻ 242(1) പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233 (2) ാം വകുപ്പ് പ്രകാരം ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക കെട്ടിടത്തിന്റെ വസ്തുനികുതിയായി ചുമത്തപ്പെടേണ്ടതാണ്.

സെക്ഷൻ 242(4) പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വെ നമ്പർ, വസ്തു ഉടമയുടെ പേരു വിവരങ്ങൾ , കെട്ടിടത്തിനു നൽകിയ പ്രത്യേക നമ്പർ, കെട്ടിടത്തിനു ചുമത്തിയ വസ്തു നികുതിയും ഈടാക്കിയതുമായ വസ്തു നികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്ററുകൾ വാർഡുകൾ തിരിച്ച് സെക്രട്ടറി സൂക്ഷിക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം വാർഡുകൾ തിരിച്ച് കൃത്യമായ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , ചട്ടം 20(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക നമ്പർ നൽകപ്പെട്ടതും മുനിസിപ്പാലിറ്റി ചട്ടം 406 പ്രകാരം പ്രത്യേക നടപടിയ്ക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായത്തിനായോ മറ്റെന്തെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിനു മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല. എന്നാൽ ഇത്തരം സ്ഥാപനങ്ങളിൽ അനധികൃത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നു വ്യക്തമല്ല.മേൽ കെട്ടിടങ്ങൾ നിയമാനുസൃതമാക്കുകയോ അല്ലാത്തപക്ഷം വസ്തുനികുതി മേൽ ചട്ടപ്രകാരം നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

മേൽ സൂചിപ്പിച്ച ആദ്യ മൂന്നു കെട്ടിടങ്ങൾക്ക് അപാകതകൾ ചൂണ്ടിക്കാട്ടി നഗരസഭ നോട്ടീസ് നൽകിയെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. മറ്റു നാലു കെട്ടിടങ്ങളുടെ കാര്യത്തിൽ ക്രമവൽക്കരിക്കാൻ എന്താണ് തടസ്സം എന്നു പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഭരണസമിതി തലത്തിൽ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും, പൊതുജനങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാക്കേണ്ടതുമാണ്.

## 1-25 കെട്ടിട നിർമ്മാണ അപേക്ഷകളിലെ തുടർനടപടികളിൽ അപാകതകൾ

നഗരസഭയിലെ കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ അപാകതകൾ വരുന്നതായി വ്യക്തമായിട്ടുണ്ട്.

**എ) പെർമിറ്റ് രജിസ്റ്റർ കൃത്യമായി പാലിക്കുന്നില്ല**

മുനിസിപ്പാലിറ്റിയിൽ 2022-23-ൽ ലഭിച്ച കെട്ടിടനിർമ്മാണത്തിനുള്ള താഴെ പറയുന്ന അപേക്ഷകളിൽ തുടർനടപടികൾ

സ്വീകരിച്ചതിന്റെയോ പെർമിറ്റ് നൽകിയതിന്റെയോ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റിനായി താഴെ പറയുന്ന ഫയലുകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.12/18.01.2024) നൽകിയിരുന്നെങ്കിലും ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്റർ നമ്പർ/ തീയതി | പേര്, വിലാസം | കെട്ടിട വിനിയോഗം | നോട്ടീസ് നൽകിയ തീയതി |
|---|---|---|---|---|
| 1 | E2-4245/22, 25.04.2022 | ജേക്കബ് തോമസ്, പടിഞ്ഞാറെ വീട്, വെള്ളകുളങ്ങര | റൂഫിംഗ് - 297 $M^2$ | 29.04.2022 |
| 2 | E2-5057/22, 21.05.2022 | അരുൺ ആർ, വടവോട്ട് പുത്തൻവീട്, പറക്കോട് പി ഒ | റൂഫിംഗ് - | രേഖപ്പെടുത്തലുകൾ ഇല്ല. |
| 3 | E2-6224/22, 29.06.2022 | സജി, പറങ്കിമാംവിളയിൽ, പറക്കോട് പി ഒ | വാണിജ്യം - 124 $M^2$ | രേഖപ്പെടുത്തലുകൾ ഇല്ല. |
| 4 | E2-6432/22, 05-07-222 | സൂര്യ എസ് രാജ്, തെങ്ങിൽ വീട്, നെടുമൺമുറി, ഏഴംകുളം | വാണിജ്യം -എക്സ്റ്റൻഷൻ GF-127.93 FF- 114.30 (Extn) | രേഖപ്പെടുത്തലുകൾ ഇല്ല. |
| 5 | E2-6919/22, 19.07.2022 | G തോമസ്, ചിറ്റണ്ടയിൽ ജിയോ ഭവൻ, കണ്ണംകോട്, അടൂർ | വാണിജ്യം - 902 $M^2$ | രേഖപ്പെടുത്തലുകൾ ഇല്ല. |
| 6 | E2-9212/22 | അയൂബ് ഖാൻ, പുതുപറമ്പ് പുരയിടത്തിൽ, പത്തനംതിട്ട | വർക്ക് ഷോപ്പ് - 132.40 | രേഖപ്പെടുത്തലുകൾ ഇല്ല. |
| 7 | E2-9579/22 | മറിയാമ്മ തോമസ്, അജയ് ബിൽഡിംഗ്, പറക്കോട് പി ഒ | വാണിജ്യം - 388 $M^2$ | രേഖപ്പെടുത്തലുകൾ ഇല്ല. |
| 8 | E2-10884/22 | റ്റി ജി എബ്രഹാം, തെക്കേക്കര വീട്, പന്നിവിഴ, ആനന്ദപ്പള്ളി | Existing- 292 Proposed – 284 | രേഖപ്പെടുത്തലുകൾ ഇല്ല. |
| 9 | E2-11069/22 | അനീസ് മുഹമ്മദ്, അസറ മൻസിൽ, കണ്ണംകോട്, അടൂർ | വാണിജ്യം - 1011 $M^2$ | രേഖപ്പെടുത്തലുകൾ ഇല്ല. |
| 10 | E2-12779/22 | ഹയറുന്നീസ അൻസാരി, ബെയ്ത്തുന്നൂർ വീട്, കൊന്നമക്കോട് | പാർപ്പിടം - 315 $M^2$ | രേഖപ്പെടുത്തലുകൾ ഇല്ല. |
| 11 | E2-1951/23 | ലില്ലിക്കുട്ടി രാജൻ, തെങ്ങുവിള പുത്തൻവീട് | വാണിജ്യം Existing GF, FF- 339.62 Regularisation Area – 263 | രേഖപ്പെടുത്തലുകൾ ഇല്ല. |

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും തുടർനടപടികൾ കൈക്കൊള്ളുന്നതിനും തദ്ദേശ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015 ൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ RA1/2015/തസ്വഭവ ലെ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശ സ്ഥാപനങ്ങളും പാലിക്കേണ്ടതാണ്. ഈ സർക്കുലർ പ്രകാരം അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങളുടെ ഫയലുകളിൽ ഇത്തരം യാതൊരു രേഖപ്പെടുത്തലുകളും ഉണ്ടായിട്ടില്ല.

<u>ബി) പെർമിറ്റ് ഫയലും നികുതി നിർണ്ണയ ഫയലും രണ്ടായിട്ട് തയ്യാറാക്കുന്നു</u>

മേൽ പറഞ്ഞ സർക്കാർ സർക്കുലറിലെ നിർദ്ദേശപ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ് , പൂർത്തീകരണം,

നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി വേണം തയ്യാറാക്കേണ്ടത്. എന്നാൽ ഒരു കെട്ടിടത്തിന്റെ തന്നെ പെർമിറ്റ് ഫയലും ഒക്യുപൻസി ഫയലും രണ്ടായിട്ടാണ് നഗരസഭയിൽ തയ്യാറാക്കി വരുന്നത്. ഇത് പെർമിറ്റ് പ്രകാരമുള്ള തരത്തിലാണോ കംപ്ലീഷൻ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത് എന്നും പെർമിറ്റിലെ വ്യവസ്ഥകൾ പാലിച്ചാണോ കെട്ടിടം നിർമ്മിച്ചിട്ടുള്ളത് എന്നതു പരിശോധിക്കുന്നതിലും ബുദ്ധിമുട്ട് നേരിടുന്നുണ്ട്. അതിനാൽ സർക്കാർ നിർദ്ദേശം പാലിച്ച കൊണ്ട് ഒറ്റ ഫയലായി കെട്ടിടത്തിന്റെ ഫയലുകൾ തയ്യാറാക്കുന്നതിന് നഗരസഭ സെക്രട്ടറി നിർദ്ദേശം നൽകേണ്ടതാണ്.

## 1-26 എല്ലാസ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ട് വരുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

01.02.2011-ലെ കേരള ഗസറ്റ് നമ്പർ 227-ൽ എസ്.ആർ.ഒ. നം.84/2011-ആയി 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിരുന്നു. 30.10.2020-ലെ എസ്.ആർ.ഒ.നമ്പർ 857/2020 പ്രകാരം 2011-ലെ ചട്ടങ്ങൾ ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ (1) I-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഇനങ്ങൾ വ്യവസായങ്ങളിലും ഫാക്ടറികളിലും II-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഇനങ്ങൾ വ്യാപാരങ്ങളിലും സംരംഭക പ്രവർത്തനങ്ങളിലും ഉൾപ്പെടുന്നവയുമാകുന്നു. 1, 2 പട്ടികകളിൽ പറഞ്ഞിട്ടുള്ള വ്യാപാരത്തിനോ, പ്രവർത്തിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യാപാരത്തിനോ വേണ്ടി മുനിസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം ഏതെങ്കിലും ആൾ ഉപയോഗപ്പെടുത്തുന്നത് മുനിസിപ്പാലിറ്റിയ്ക്ക് 447-ാം വകുപ്പിലും ഈ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം ലൈസൻസ് മൂലം നിയന്ത്രിക്കാവുന്നതാണെന്ന് പ്രസ്തുത ചട്ടങ്ങളിലെ 3(2)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. കൗൺസിലിന് അതിന്റെ ഭൂപ്രദേശത്തിനുള്ളിൽപ്പെട്ട യാതൊരു സ്ഥലവും 1-ാം പട്ടികയിലോ 2-ാം പട്ടികയിലോ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെയും ഉപയോഗപ്പെടുത്തുവാൻ പാടില്ലെന്ന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു വിജ്ഞാപനം മുഖേനയും മുനിസിപ്പൽ ഓഫീസിലെ നോട്ടീസ് ബോർഡിലും പൊതു സ്ഥലങ്ങളിലും നോട്ടീസ് പതിച്ചും പരസ്യം ചെയ്യാവുന്നതാണെന്നും പ്രസ്തുത ചട്ടങ്ങളിലെ ചട്ടം.4-ൽ നിഷ്കർഷിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വിജ്ഞാപനം പുറപ്പെടുവിച്ച് മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. തൻമൂലം വളരെയധികം സ്ഥാപനങ്ങൾ ലൈസൻസ് പരിധിയിൽ നിന്നും ഒഴിവാകുകയും ഈ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ മുനിസിപ്പാലിറ്റിയ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടമാകുകയും ചെയ്തിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | കേബിൾ ടി.വി. പ്രവർത്തിപ്പിക്കുക |
| 2 | ചിട്ടി, കുറി, ഹയർ പർച്ചേസ്, മണി ലെൻഡിംഗ് |
| 3 | മുറുക്കാൻ കട/പെട്ടി കട/ബങ്ക് |
| 4 | വേ ബ്രിഡ്ജ് പ്രവർത്തിപ്പിക്കുക |
| 5 | ബ്രോക്കർമാർ, കമ്മീഷൻ ഏജന്റുമാർ, അളവു തൂക്ക പ്രവർത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ |
| 6 | നൂതന വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ |
| 7 | ബിൽഡിംഗ് പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കൽ |
| 8 | ജിംനേഷ്യം |
| 9 | പേ & പാർക്ക് ഏരിയ |
| 10 | ആയുർവേദിക് മസാജ് സെന്റർ |
| 11 | മാര്യേജ് ബ്യൂറോ |
| 12 | പരസ്യ ഏജൻസി |
| 13 | ടാക്സ് പ്രാക്ടീഷണർ (സെയിൽ ടാക്സ്/ചാർട്ടേഡ് അക്കൗണ്ട്) |
| 14 | സ്വകാര്യ ഫിനാൻസിംഗ് സ്ഥാപനങ്ങൾ |
| 15 | ട്രാവൽ കൺസൾട്ടന്റ്, എയർ ടിക്കറ്റ്, വിസ ക്ലിയറൻസ് |
| 16 | ടൂറിസ്റ്റ് ടാക്സി ഓപ്പേറ്റിംഗ് |
| 17 | മൾട്ടി ലെവൽ മാർക്കറ്റിംഗ് ഓർഗനൈസേഷൻ |
| 18 | മണി എക്സ്ചേഞ്ച് സ്ഥാപനങ്ങൾ |
| 19 | ലോട്ടറി കച്ചവടം |

| | |
|---|---|
| 20 | ഡ്രൈവിംഗ് സ്കൂൾ |
| 21 | മൃഗപരിപാലന കേന്ദ്രം |
| 22 | ഈവൻ്റ് മാനേജ്മെന്റ് |
| 23 | വാഹനങ്ങളിൽ ഭക്ഷണ സാധനങ്ങൾ വില്പന/ഓൺലൈൻ ഭക്ഷണ വ്യാപാരം |
| 24 | ഷോപ്പിംഗ് ഫെസ്റ്റിവൽ |
| 25 | ഫാൻ്റസി റൈഡ് |
| 26 | വാഹനം വാടകയ്ക്ക് നൽകൽ |
| 27 | ജല വിനോദം, നീന്തൽ പരിശീലനം എന്നിവ നടത്തുന്ന സ്ഥാപനങ്ങൾ |
| 28 | മൊബൈൽ ടവറുകൾ, സിം കാർഡ്, മൊബൈൽ ഫോൺ, മൊബൈൽ അക്സസറീസ് പ്രൊവൈഡേഴ്സ് |
| 29 | നഴ്സറികൾ, ക്രഷുകൾ, ശിശുപരിപാലന കേന്ദ്രങ്ങൾ |
| 30 | ഹോം നഴ്സിംഗ് /പ്ലേസ്മെന്റ് സ്ഥാപനങ്ങൾ |
| 31 | ഏതു തരത്തിലുള്ള കായിക, കലാ പരിശീലന കേന്ദ്രങ്ങൾ |
| 32 | കരിക്ക് വിൽപ്പന (വഴിയോര കച്ചവടം) |
| 33 | ടർഫ് ഗ്രൗണ്ട് |
| 34 | വയോജന പരിപാലന കേന്ദ്രം |
| 35 | തുണി ഇസ്തിരിയിടുന്ന സ്ഥാപനം |
| 36 | അക്ഷയ കേന്ദ്രം മാതൃകയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ |
| 37 | ആധാരം എഴുതുന്ന ഗുമസ്ഥന്മാരുടെ ഓഫീസ്/ആധാരം എഴുത്ത് സെൻ്ററുകൾ |
| 38 | Office For Various Purpose |
| 39 | വിദേശപഠനം സൗകര്യമൊരുക്കൽ |
| 40 | കുറി കമ്പനികൾ/ഗോൾഡ് ലോൺ |
| 41 | ഡേ കെയർ സെന്റർ |
| 42 | ചിട്ടി കമ്പനികൾ |
| 43 | സ്വർണ്ണ പണയ സ്ഥാപനങ്ങൾ |
| 44 | പ്ലേ സ്കൂൾ |
| 45 | ന്യൂട്രീഷ്യസ് ഫുഡ് (പ്രോട്ടീൻ പൗഡർ) |
| 46 | എഡ്യുക്കേഷണൽ കൺസൽട്ടൻസി |
| 47 | ലോൺ സബ്സിഡികൾ, സർവ്വീസിംഗ്, കൺസൽട്ടൻസി |
| 48 | സംരംഭക പദ്ധതികൾ തയ്യാറാക്കി നൽകുന്ന ഓഫീസുകൾ |
| 49 | സിനിമാ തീയേറ്റർ |
| 50 | കള്ള് ഷാപ്പ് |
| 51 | ടൗൺ വെൻഡിംഗ് കമ്മിറ്റി അംഗീകരിച്ച വഴിയോര കച്ചവടം |
| 52 | ഇൻഷൂറൻസ് ഓഫീസ് |
| 53 | ജോബ് കൺസൽട്ടൻസി |
| 54 | ഡീസൽ ജനറേറ്റർ സെറ്റ് |
| 55 | വാഹന പുക പരിശോധനാ കേന്ദ്രം |
| 56 | റിയൽ എസ്റ്റേറ്റ് ബിൽഡേഴ്സ് & ഡെവലപ്പേഴ്സ് |

| | |
|---|---|
| 57 | മൊബൈൽ മോർച്ചറി, ശവപ്പെട്ടി നിർമ്മാണം, സംഭരണം, വിൽപ്പന |
| 58 | എൻട്രൻസ്, പി.എസ്.സി./ബാങ്ക് പരിശീലന കേന്ദ്രം |
| 59 | കൊറിയർ സർവ്വീസ് |
| 60 | യോഗ പരിശീലനം |
| 61 | പേയിങ് ഗസ്റ്റ് |
| 62 | വിവാഹ ബ്യൂറോ |
| 63 | ഡിസൈനിംഗ് പ്ലാൻ, എസ്റ്റിമേറ്റ് |
| 64 | ഇൻഡോർ/ഔട്ട് ഡോർ റിക്രിയേഷൻ ക്ലബ്ബ് |
| 65 | ഇതിൽ പ്രത്യേകം പറയാത്തതും എന്നാൽ നഗരസഭാ പരിധിയിൽ വരുന്നതുമായ നിയമവിധേയമായ ഏതൊരു വ്യാപാരവും, സംരംഭക പ്രവർത്തനവും മറ്റു സേവനങ്ങളും. |

ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിൽ വീഴ്ച്ച വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/23.01.2024), ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അക്ഷയ മാതൃകയിൽ പ്രവർത്തിക്കുന്ന ജനസേവന കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് ജില്ലാ കളക്ടർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതായും വഴിയോരക്കച്ചവടക്കാർക്ക് കെട്ടിട നമ്പരോ അനുബന്ധ രേഖകളോ ഇല്ലാത്തതിനാൽ ലൈസൻസ് അനുവദിക്കാൻ കഴിയുന്നില്ലായെന്നും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾക്ക് ആർ.ബി.ഐ. അനുമതി ഇല്ലാത്തതിനാൽ ലൈസൻസ് നൽകാൻ കഴിയുന്നില്ലായെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സാങ്കേതികതയിൽ ഊന്നിയുള്ള ഇത്തരം നിസ്സാരമായ വാദങ്ങളാണ് ലൈസൻസ് അനുവദിക്കാതിരുന്നതിന് കാരണമായി ഉന്നയിച്ചിട്ടുള്ളത്. എന്നാൽ ഈ സ്ഥാപനങ്ങളെല്ലാം യാതൊരു തടസ്സങ്ങളും കൂടാതെ പ്രവർത്തിക്കുന്നുമുണ്ട്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടുമില്ല. നഗരസഭയുടെ ഭാഗത്തു നിന്നും കർശനമായ ഇടപെടൽ ഇല്ലാത്തത് കൊണ്ടാണ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യമുണ്ടായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയിരിക്കാൻ ശ്രദ്ധിക്കേണ്ടതും ചട്ടപ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. അടിയന്തിര തുടർനടപടികൾക്കായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുന്നതിന് 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എസ്.ബി. ഡിജിറ്റൽ, അടൂർ |
| 2 | ചിത്തിര ഡിജിറ്റൽ നെറ്റ്‌വർക്ക്സ് |
| 3 | ഏഷ്യാനെറ്റ് കേബിൾ സർവ്വീസ് |
| 4 | ഭാരത് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ലിമിറ്റഡ്, അടൂർ |
| 5 | മാക്സ് വാല്യൂ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ്സ് |
| 6 | മഹീന്ദ്ര ഫിനാൻസ് |
| 7 | ഐ.ഡി.എഫ്.സി.ഫസ്റ്റ് ഭാരത് ലിമിറ്റഡ് |
| 8 | ജിയോജിത്ത് ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് |
| 9 | കെ.എൽ.എം. ആക്സിവ ഫിൻവെസ്റ്റ് ലിമിറ്റഡ് |
| 10 | നെടുമ്പറമ്പിൽ നിധി ലിമിറ്റഡ് |

| | |
|---|---|
| 11 | യൂണിമണി ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് |
| 12 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് |
| 13 | ബജാജ് ഫിൻസെർവ് സർവ്വീസ് ബ്രാഞ്ച് |
| 14 | കൊശമറ്റം ഫിനാൻസ് |
| 15 | ലോകനേത്ര ക്രെഡിറ്റ്സ് |
| 16 | മോഡേൺ വെയ് ബ്രിഡ്ജ് |
| 17 | ആൽഫാ കമ്പ്യൂട്ടറൈസ്ഡ് വെയ് ബ്രിഡ്ജ് |
| 18 | സീനത്ത് ഐസ് പ്ലാന്റ്, കോട്ടമുകൾ |
| 19 | നെക്സോറ, അടൂർ |
| 20 | ആൽഫാ കോളജ് സയൻസ് & ടെക്നോളജി അടൂർ |
| 21 | ഗണേശ് ഇൻസ്റ്റിറ്റ്യൂട്ട് & കമ്പ്യൂട്ടർ സെന്റർ |
| 22 | ഹോളി മാതാ സെന്റർ ഫോർ സയൻസ് & ടെക്നോളജി |
| 23 | ഇ.വി. കലാമണ്ഡലം |
| 24 | റെയ്സ് പി.എസ്.സി. കോച്ചിംഗ് സെന്റർ |
| 25 | സ്റ്റാലിയൻ ജിംനേഷ്യം അടൂർ |
| 26 | സൂര്യ ഡ്രൈവിംഗ് സ്കൂൾ |
| 27 | ജയലക്ഷ്മി എം.ഡി.എസ്. |
| 28 | എക്സ്പ്രഷൻസ് ഇവന്റ് മേക്കേഴ്സ് |
| 29 | റെഡ് ഡോട്ട് ഇവന്റ്സ് & വെഡ്ഡിംഗ് പ്ലാനേഴ്സ് |
| 30 | ജെ.ജെ. കാറ്ററേഴ്സ് അടൂർ |
| 31 | ഇൻഡൽ മണി, അടൂർ |
| 32 | കെ. മധു ലക്കി സെന്റർ |
| 33 | പൊന്നൂസ് ലോട്ടറി ഏജൻസി |
| 34 | പ്രതീക്ഷ ഹോം കെയർ സെന്റർ |
| 35 | ലിറ്റിൽ വേൾഡ് നഴ്സറി, പന്നിവിഴ |
| 36 | മെറിലാൻഡ് മോന്റിസോറി പ്ലേ സ്കൂൾ |
| 37 | ബ്ലോസ്സംസ് മോന്റിസോറി പ്ലേ സ്കൂൾ |
| 38 | ആശ്രയ ഹോം നഴ്സിംഗ് & ഹോം കെയർ സർവ്വീസ് |
| 39 | ഗ്രേയ്സ് ഹോം നഴ്സിംഗ് അടൂർ |
| 40 | റ്റി.റ്റി.കെ. ബാഡ്മിന്റൺ അക്കാദമി |
| 41 | അടൂർ ബാഡ്മിന്റൺ ക്ലബ് |
| 42 | കള്ള് ഷാപ്പ്, പോത്രാട് |
| 43 | പ്രൊഫഷണൽ കൊറിയർ സർവ്വീസ് |
| 44 | കെ.റ്റി.സി. പാർസൽ സർവ്വീസ് |
| 45 | സ്പീഡ് & സ്പേസ് കൊറിയർ സർവ്വീസ് |
| 46 | ആലപ്പി പാർസൽ സർവ്വീസ് |
| 47 | ഡി.റ്റി.പി.സി. കൊറിയർ സർവ്വീസ് |
| 48 | ഡി.എച്ച്.എൽ. ബ്ലൂ ഡാർട്ട് |
| 49 | ശ്രീ ഗോകുലം ചിറ്റ്സ് |
| 50 | ബിൽഡ്ടെക്ക് ബിൽഡേഴ്സ് |
| 51 | മേപ്പിൾസ് കൺട്രക്ഷൻസ് |
| 52 | എ സ്റ്റാർ ഇൻഡസ്ട്രീസ്, കണ്ണംകോട് |
| 53 | വെസ്റ്റേൺ ഡയഗണോസ്റ്റിക്സ് & റിസർച്ച് സെന്റർ, അടൂർ |
| 54 | മിഡാസ് ഹെൽത്ത് കെയർ ലബോറട്ടറി |

| | |
|---|---|
| 55 | ന്യൂ ഭാരത് ട്യൂഷൻ സെന്റർ |
| 56 | അക്ഷയ കേന്ദ്രങ്ങൾ |
| 57 | അടൂർ മിൽക്ക് സപ്ലൈസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി |
| 58 | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് |

**പേ & പാർക്കുകൾക്ക് ലൈസൻസില്ല**

മുനിസിപ്പാലിറ്റി പരിധിയിൽ മൂന്ന് സ്വകാര്യ പേ & പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവ മുനിസിപ്പാലിറ്റിയിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല. അജി നഗർ, അടൂർ ടൂറിസ്റ്റ് ഹോമിനു സമീപം, ഫെഡറൽ ബാങ്കിനു സമീപം എന്നിവിടങ്ങളിലാണ് പേ & പാർക്കുകൾ പ്രവർത്തിക്കുന്നത്. മുനിസിപ്പാലിറ്റിയിൽ നിന്നുള്ള ഒരു ലൈസൻസ് കൂടാതെ യാതൊരാളും ഒരു പുതിയ സ്വകാര്യ വണ്ടിത്താവളം (പേ & പാർക്ക്) തുറക്കുകയോ , സ്വകാര്യ വണ്ടിത്താവളം തുറന്നു വയ്ക്കുന്നത് തുടരുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നുവെന്ന് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 475-(1)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. പേ & പാർക്ക് ഏരിയകൾക്ക് ലൈസൻസ് ആവശ്യമാണെന്ന് 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ലൈസൻസ് ഇല്ലാതെ സിനിമാ തീയറ്റർ പ്രവർത്തിക്കുന്നു**

സിനിമാ തീയറ്ററുകളുടെ പ്രവർത്തനത്തിന് 1988-ലെ കേരള സിനിമാസ് (റഗുലേഷൻ) ചട്ടങ്ങൾ, 2011-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭയിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. എന്നാൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്മിതാ തീയറ്റർ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്.

**ലൈസൻസില്ലാതെ റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നു**

മുനിസിപ്പാലിറ്റി പരിധിയിൽ ഇരുപത്തഞ്ചോളം റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും രണ്ട് റേഷൻ ഷോപ്പുകൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**വഴിയോരക്കച്ചവടക്കാർക്ക് ലൈസൻസ് നൽകുന്നില്ല**

എൻ.യു.എൽ.എം. വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ടൗണിൽ 274 വഴിയോരക്കച്ചവടക്കാരുണ്ട് . അവരിൽ 232 പേർക്ക് മുനിസിപ്പാലിറ്റിയിൽ നിന്നും തിരിച്ചറിയൽ കാർഡും നൽകിയിട്ടുണ്ട്. എന്നാൽ അവരിൽ ആരും തന്നെ ലൈസൻസ് എടുത്തിട്ടില്ല.

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയതിന്റെ ഭാഗമായി 2018-19-ൽ നഗരസഭയിലെ എണ്ണൂറ്റി മുപ്പതോളം കെട്ടിടങ്ങൾ യു.എ. ഗണത്തിലേക്ക് മാറ്റുകയുണ്ടായി. വളരെ കുറച്ച് കെട്ടിടങ്ങൾ പിന്നീട് ക്രമവത്ക്കരിച്ചെങ്കിലും ഭൂരിപക്ഷം കെട്ടിടങ്ങളും നിലവിലും യു.എ. ഗണത്തിലാണ്. നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളായതിനാൽ അവിടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ നിർബാധം പ്രവർത്തിച്ചു വരുന്നുണ്ട്. ഇത് മൂലം ലൈസൻസ് ഫീസിനത്തിൽ മുനിസിപ്പാലിറ്റിയ്ക്ക് ലഭിക്കേണ്ടതായ വരുമാനത്തിന്റെ നല്ലൊരു ഭാഗം നഷ്ടമാവുകയാണ്. നിയമാനുസൃതമല്ലാതെയുള്ള കെട്ടിടത്തിൽ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെങ്കിലും അത്തരം സ്ഥാപനങ്ങൾക്കെതിരെ നഗരസഭ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/23.01.2024), ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 വാടക കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല, എല്ലാവരുമായും വാടകക്കരാറുമില്ല

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള പറക്കോട് അനന്തരാമപുരം മാർക്കറ്റ്, അടൂർ ശ്രീമൂലം മാർക്കറ്റ്, തട്ട റോഡ് മാർക്കറ്റ് എന്നിവിടങ്ങളിലെ കടമുറികളിൽ നിന്നും സ്റ്റാളുകളിൽ നിന്നും വാടക കുടിശ്ശികയിനത്തിൽ 1735981 രൂപ

പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. തൻവർഷ കുടിശ്ശിക പിരിച്ചെടുക്കാനുള്ളത് 10.44 ലക്ഷം രൂപ**

കടമുറികളിൽ നിന്നും സ്റ്റാളുകളിൽ നിന്നും 2022-23-ലെ വാടക കുടിശ്ശികയിനത്തിൽ 1044764രൂപ പിരിച്ചെടുക്കാനുണ്ട്.

(1) പറക്കോട് അനന്തരാമപുരം മാർക്കറ്റ്

| ക്രമ നം. | സ്റ്റാൾ നം. | വാടകക്കാരന്റെ വിവരങ്ങൾ | കുടിശ്ശിക തുക |
|---|---|---|---|
| 1 | 3 | സിസിലി കുഞ്ഞുമോൻ, പറങ്കിമാംവിളയിൽ | 2562 |
| 2 | 11 | ബദറുദ്ദീൻ, എം.എൻ.മൻസിൽ | 4426 |
| 3 | 14 | മുഹമ്മദ് നിസ്സാം, എം.എൻ.മൻസിൽ | 4426 |
| 4 | 15 | പൊടിയൻ, തോട്ടിറമ്പിൽ വീട് | 15491 |
| 5 | 22 | സലിം, ചാമവിള പുത്തൻവീട് | 114984 |
| 6 | 23 | ഷൗക്കത്തലി, മനക്കര തെക്കേതിൽ | 19164 |
| 7 | 24 | ബീന & ബിനു, ബീനഭവൻ | 14305 |
| 8 | 25 | മെഹർബാൻ, അൻസാർ മൻസിൽ | 35784 |
| 9 | 27 | മുഹമ്മദ് അലി, വടക്കേനിര പീഠികയിൽ | 3699 |
| 10 | 35 | ബാലൻ, കുറ്റിയിൽ | 37392 |
| 11 | 36 | മനോഹരൻ, മലമുറ്റത്ത് | 37428 |
| 12 | 37 | അബ്ദുൾ സലാം, ബാവാ മൻസിൽ | 30312 |
| 13 | 38 | പി.എൻ.വി.മനോഹരൻ, കാവിന്റെ കിഴക്കേതിൽ | 33624 |
| 14 | 39 | പി.എൻ.വി.മനോഹരൻ, കാവിന്റെ കിഴക്കേതിൽ | 29892 |
| 15 | 40 | പി.എൻ.വി.മനോഹരൻ, കാവിന്റെ കിഴക്കേതിൽ | 31056 |
| 16 | 45 | പി. തങ്കച്ചൻ, പുത്തൻവിളയിൽ | 36852 |
| 17 | 48 | അബ്ദുൾ ഷുഹൈബ്, ഷുഹൈബ് മൻസിൽ | 62419 |
| 18 | 51 | ഉണ്ണികൃഷ്ണൻ, കോളൂർ വടക്കേതിൽ | 9895 |
| 19 | 53 | കെ.എം.മുസ്തഫ, കല്ലേത്ത് കിഴക്കേതിൽ | 18640 |
| 20 | 54 | എം. മസൂദ്, റാലാ മൻസിൽ, ഏഴകുളം | 4988 |
| 21 | 55 | കെ. മുരുകൻ, ശങ്കരംപള്ളിൽ | 54690 |
| 22 | 56 | എം. കാദിയാർ പിള്ള, ഷംസിയ മൻസിൽ | 3318 |
| 23 | 57 | പി.കെ. മാത്യു, പനംപ്ലാവിൽ | 7520 |
| 24 | 75 | സുഭാഷ്, ഇടതുണ്ടിൽ വീട് | 83349 |
| 25 | 83 | കെ. രഘു, തയ്യിൽ വീട് | 7008 |
| 26 | 84 | കെ. രഘു, തയ്യിൽ വീട് | 8568 |
| 27 | 85 | കെ. രഘു, തയ്യിൽ വീട് | 8316 |

| | | | |
|---|---|---|---|
| 28 | 100 | ബീന & ബിന്ദു, സീന ഭവനം | 9985 |
| 29 | 104 | ആസിഫ്, ഉടയാൻവിള പുത്തൻവീട് | 11868 |
| 30 | 108 | ബേബി ജെ., പള്ളത്തുർ കിഴക്കേതിൽ | 17160 |
| 31 | 109 | സുനിൽകുമാർ, നിലമേൽ തെക്കേക്കര | 35280 |
| 32 | 110 | കാർത്ത്യായനി, പുല്ലേലിക്കോണത്ത് | 23256 |
| 33 | 122 | രേണുക, കൊട്ടുത്തുർ പുത്തൻവീട് | 11110 |
| 34 | 130 | മുഹമ്മദാലി, വടക്കേനിരപ്പീഠികയിൽ | 890 |
| 35 | 136 | മനോജ്കുമാർ, വിനോദ് ഭവനം | 13104 |
| 36 | 148 | അബ്ദുൾ വാഹിദ്, കുഴിവിളയിൽ | 5174 |
| 37 | 152 | ലിജോ സി. മാത്യു, ചിറ്റുമുരുപ്പേൽ | 36468 |
| 38 | 153 | ലിജോ സി. മാത്യു, ചിറ്റുമുരുപ്പേൽ | 51060 |
| 39 | 23(1) | ഷൗക്കത്തുള്ള, കുളപ്പുറത്ത് വീട് | 63324 |
| 40 | 34(1) | ഷൗക്കത്തുള്ള, കുളപ്പുറത്ത് വീട് | 17010 |
| | | **ആകെ** | **1015797** |

(2) ശ്രീമൂലം മാർക്കറ്റ്

| **ക്രമ നം.** | **സ്റ്റാൾ നം.** | **വാടകക്കാരന്റെ വിവരങ്ങൾ** | **കുടിശ്ശിക തുക** |
|---|---|---|---|
| 1 | 13 | അമാനുള്ള, കോക്കുളത്ത് പുത്തൻവീട് | 5680 |
| 2 | 15 | വി.എസ്. യശോദരപ്പണിക്കർ, വടക്കേക്കര | 5520 |
| 3 | 18 | രത്നമ്മ, അമ്പാടിയിൽ, പന്നിവിഴ | 1962 |
| 4 | 22 | കെ.പി. റെജി, കൽത്തുണ്ടിൽ പുത്തൻവീട് | 9736 |
| | | **ആകെ** | **22898** |

(3) തട്ട റോഡ് മാർക്കറ്റ്

| **ക്രമ നം.** | **സ്റ്റാൾ നം.** | **വാടകക്കാരന്റെ വിവരങ്ങൾ** | **കുടിശ്ശിക തുക** |
|---|---|---|---|
| 1 | 2 | നാസർ കൊച്ചയ്യത്ത്, കണ്ണംകോട് | 3471 |
| 2 | 4 | നാസർ കൊച്ചയ്യത്ത്, കണ്ണംകോട് | 1299 |
| 3 | 5 | നാസർ കൊച്ചയ്യത്ത്, കണ്ണംകോട് | 1299 |
| | | **ആകെ** | **6069** |

**2. മുൻവർഷങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കാനുള്ളത് 6.91 ലക്ഷം രൂപ**

കടമുറികളിൽ നിന്നും സ്റ്റാളുകളിൽ നിന്നും 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലെ വാടക കുടിശ്ശികയിനത്തിൽ 691217രൂപ പിരിച്ചെടുക്കാനുണ്ട്.

(1) പറക്കോട് അനന്തരാമപുരം മാർക്കറ്റ്

| ക്രമ നം. | സ്റ്റാൾ നം. | വാടകക്കാരന്റെ വിവരങ്ങൾ | കുടിശ്ശിക തുക |
|---|---|---|---|
| 1 | 22 | സലിം, ചാമവിള പുത്തൻവീട് | 2020-21 – 43455<br>2021-22 - 109512 |
| 2 | 35 | ബാലൻ, കുറ്റിയിൽ | 2020-21 – 25443<br>2021-22 - 35616 |
| 3 | 36 | മനോഹരൻ, മലമുറ്റത്ത് | 2021-22 - 23760 |
| 4 | 38 | പി.എൻ.വി.മനോഹരൻ, കാവിന്റെ കിഴക്കേതിൽ | 2021-22 - 21352 |
| 5 | 39 | പി.എൻ.വി.മനോഹരൻ, കാവിന്റെ കിഴക്കേതിൽ | 2021-22 - 18976 |
| 6 | 45 | പി. തങ്കച്ചൻ, പുത്തൻവിളയിൽ | 2021-22 - 35100 |
| 7 | 73 | നഫമത്തുള്ള, ഐഷാ മൻസിൽ | 2021-22 - 129450 |
| 8 | 85 | മുഹമ്മദ് കുഞ്ഞ്, ഷെഫീക്ക് മൻസിൽ | 2021-22 - 3300 |
| 9 | 104 | ആസിഫ്, ഉടയാൻവിള പുത്തൻവീട് | 2018-19 – 4065<br>2019-20 – 10248<br>2020-21 – 10764<br>2021-22 - 11304 |
| 10 | 109 | സുനിൽകുമാർ, നിലമേൽ തെക്കേക്കര | 2020-21 – 2666<br>2021-22 - 33600 |
| 11 | 110 | കാർത്ത്യായനി, പുല്ലേലിക്കോണത്ത് | 2020-21 – 12306<br>2021-22 - 22152 |
| 12 | 117 | ഷൗക്കത്തുള്ള, കളപ്പുറത്ത് വീട് | 2021-22 - 23152 |
| 13 | 136 | മനോജ്കുമാർ, വിനോദ് ഭവനം | 2020-21 – 11880 |

| | | | |
|---|---|---|---|
| | | | 2021-22 - 12480 |
| 14 | 152 | ലിജോ സി. മാത്യു, ചിറ്റുമുരുപ്പേൽ | 2021-22 – 31834 |
| 15 | 153 | ലിജോ സി. മാത്യു, ചിറ്റുമുരുപ്പേൽ | 2021-22 – 44572 |
| | | **ആകെ** | **676987** |

(2) ശ്രീമൂലം മാർക്കറ്റ്

| **ക്രമ നം.** | **സ്റ്റാൾ നം.** | **വാടകക്കാരന്റെ വിവരങ്ങൾ** | **കുടിശ്ശിക തുക** |
|---|---|---|---|
| 2 | 15 | വി.എസ്. യശോദരപ്പണിക്കർ, വടക്കേക്കര | 2019-20 – 3970<br>2020-21 – 5004<br>2021-22 - 5256 |
| | | **ആകെ** | **14230** |

**3. എല്ലാ വാടകക്കാരുമായും കരാറിൽ ഏർപ്പെട്ടിട്ടില്ല**

മുനിസിപ്പാലിറ്റി ഷോപ്പിംഗ് കോംപ്ലക്സുകളിലെ 169 സ്റ്റാളുകളാണ് നിലവിൽ വാടകയ്ക്ക് നൽകിയിട്ടുള്ളത്. അവയിൽ 86 സ്റ്റാളുകൾക്ക് മാത്രമാണ് വാടകകരാറുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഷോപ്പിംഗ് കോംപ്ലക്സിന്റെ വിവരം | വാടകയ്ക്ക് നൽകിയിട്ടുള്ള സ്റ്റാളുകളുടെ എണ്ണം | വാടക കരാറിൽ ഏർപ്പെട്ടിട്ടുള്ളവയുടെ എണ്ണം |
|---|---|---|---|
| 1 | അനന്തരാമപുരം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | 142 | 75 |
| 2 | ശ്രീമൂലം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | 18 | 8 |
| 3 | തട്ട റോഡ് മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ലക്സ് | 5 | - |
| 4 | സെൻട്രൽ ടോൾ ബിൽഡിംഗ് | 4 | 3 |
| | ആകെ | 169 | 86 |

83 സ്റ്റാളുകൾക്ക് വാടകകരാർ വയ്ക്കാത്തത് മൂലം മുദ്രപ്പത്രത്തിന്റെ വിലയായി സർക്കാരിന് ലഭിക്കേണ്ട 16600(83x200) നഷ്ടമാകാനിടയായി. മാത്രമല്ല കരാറിൽ ഏർപ്പെടാത്തവർ വരുത്തിയ കുടിശ്ശിക തുക ഈടാക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നതാണ്.

വാടക തുകകൾ പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിനും എല്ലാ വാടകക്കാരുമായും വാടകകരാറിൽ ഏർപ്പെടാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (24/23.01.24, 51/27.01.24)

സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. റവന്യൂ റിക്കവറി, പ്രോസിക്യൂഷൻ നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് വാടകകുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-29 നഗരസഭയുടെ അനുമതിയില്ലാതെ റോഡ് കട്ടിംഗ് ചെയ്ത് പോളുകൾ സ്ഥാപിച്ചു

നഗരസഭയുടെ അധീനതയിലുള്ള വിവിധ റോഡുകളിൽ (ഉദാ. മാർക്കറ്റ്-പാമ്പേറ്റുകുളം റോഡ്, അമ്പഴവേലിപ്പടി-കനാൽ റോഡ്) ഒരു ടെലിക്കോം കമ്പനി റോഡ് കട്ടിംഗ് നടത്തി തൂണുകൾ സ്ഥാപിച്ച് ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കമ്പനിയ്ക്ക് മുനിസിപ്പാലിറ്റിയിൽ നിന്നും റോഡ് കട്ടിംഗിനുള്ള അനുമതി നൽകുകയോ, കമ്പനി റീസ്റ്റോറേഷൻ ചാർജ്ജ് അടയ്ക്കുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ പോളുകൾ സ്ഥാപിച്ച് കേബിളുകൾ വലിക്കുന്നതിന് പോൾ ഒന്നിന് 360രൂപ വാർഷിക വാടക നിശ്ചയിച്ച് പൊതുമരാമത്ത് വകുപ്പ് 23.01.2020-ൽ ഉത്തരവിറക്കിയിട്ടുണ്ട് (സ.ഉ(സാധാ.) നം.89/2020/പി.ഡബ്യ.ഡി.). വാർഷിക വാടക പ്രതിവർഷം 5% നിരക്കിൽ വർദ്ധിപ്പിക്കുന്നതാണെന്നും ഓരോ അഞ്ച് വർഷം കൂടുമ്പോഴും കരാർ പുതുക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിലുണ്ട്. കൂടാതെ നിലവിലെ നിരക്കിലുള്ള റീസ്റ്റോറേഷൻ ചാർജ്ജും വാർഷിക വാടകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റായും ഒടുക്കേണ്ടതുണ്ട്. 11.10.2018-ലെ സ.ഉ.(കൈ)നം.25/2018/ഐ.റ്റി.ഡി. അനക്സർ 1 ഖണ്ഡിക 17 പ്രകാരം റൈറ്റ് ഓഫ് വേ-യുമായി ബന്ധപ്പെട്ട് പി.ഡബ്യ.ഡി.റോഡുകൾക്ക് ബാധകമായ വ്യവസ്ഥകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകൾക്കും ബാധകമാണ്. റോഡ് കട്ടിംഗ് അനുമതി കൂടാതെയും റീസ്റ്റേറേഷൻ ചാർജ്ജ് ഒടുക്കാതെയും പോളുകൾ സ്ഥാപിച്ച് കേബിളുകൾ വലിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(38/24.01.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ റോഡുകളിൽ പരിശോധന നടത്തുകയും ഇത്തരത്തിൽ തൂണുകൾ സ്ഥാപിച്ചിട്ടുള്ള ടെലിക്കോം കമ്പനികളിൽ നിന്നും റീസ്റ്റോറേഷൻ ചാർജ്ജ്, വാർഷിക വാടക എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-30 മാർക്കറ്റുകളിൽ വിൽക്കുന്നത് അനധികൃതമായി കശാപ്പ് നടത്തിയ മാംസ്യമല്ലെന്ന് ഉറപ്പാക്കുന്നില്ല

മുനിസിപ്പാലിറ്റിയിലെ വിവിധ മാർക്കറ്റുകളിൽ മാട്ടിറച്ചി, ആട്ടിറച്ചി എന്നിവ വിൽക്കുന്നതിനുള്ള അവകാശം ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ലേലം ചെയ്തു നൽകിയിട്ടുണ്ട്.

| ക്രമ നം. | ഇനം | കരാറുകാരൻ |
|---|---|---|
| 1 | അടൂർ ശ്രീമൂലം മാർക്കറ്റിലെ മാട്ടിറച്ചി സ്റ്റാളും ടി സ്റ്റാളിൽ മാട്ടിറച്ചി വിൽക്കുന്നതിനുള്ള അവകാശവും | ശ്രീ. ജെസ്മോൻ ജോസ്,<br>ജെസ്ലിൻ ഭവനം,<br>കേരളപുരം |
| 2 | അടൂർ സെൻട്രൽ ടോൾ മാർക്കറ്റിലെ മാട്ടിറച്ചി സ്റ്റാളും ടി സ്റ്റാളിൽ മാട്ടിറച്ചി വിൽക്കുന്നതിനുള്ള അവകാശവും | ശ്രീ. ഫിറോസ് ഖാൻ,<br>റജീന മൻസിൽ,<br>കണ്ണംകോട് |
| 3 | അടൂർ സെൻട്രൽ ടോൾ മാർക്കറ്റിലെ ആട്ടിറച്ചി സ്റ്റാളും ടി സ്റ്റാളിൽ ആട്ടിറച്ചി വിൽക്കുന്നതിനുള്ള അവകാശവും | ശ്രീ. ഫിറോസ് ഖാൻ,<br>റജീന മൻസിൽ,<br>കണ്ണംകോട് |
| 4 | അനന്തരാമപുരം മാർക്കറ്റിലെ മാട്ടിറച്ചി സ്റ്റാളും ടി സ്റ്റാളിൽ മാട്ടിറച്ചി വിൽക്കുന്നതിനുള്ള അവകാശവും | ശ്രീ. ഫിറോസ് ഖാൻ,<br>റജീന മൻസിൽ,<br>കണ്ണംകോട് |

മുനിസിപ്പാലിറ്റി പരിധിയിൽ അറവുശാലകൾ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടില്ലാത്തതിനാൽ അംഗീകൃത കശാപ്പുശാലകളിൽ നിന്നുള്ള മാംസം ശേഖരിച്ച് വിൽപ്പന നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ലേലത്തിൽ പങ്കെടുത്ത ആരും തന്നെ തങ്ങൾ വിൽപ്പന നടത്തുന്നത് ഏത് കശാപ്പുശാലയിൽ നിന്നുള്ള മാംസമാണെന്ന് വ്യക്തമാക്കുകയോ, ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. സ്റ്റാളുകളിൽ വിൽപ്പന നടത്തുന്ന ഇറച്ചി അംഗീകൃത കശാപ്പുശാലകളിൽ നിന്നും ശേഖരിക്കുന്നതാണെന്നും അനധികൃതമായി കശാപ്പു നടത്തുന്നതല്ലായെന്നും ഉറപ്പു വരുത്തുന്നതിന് നഗരസഭ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(41/24.01.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കശാപ്പുകൾ തടയണമെന്നും അംഗീകൃത കശാപ്പുശാലകളിൽ നിന്നുള്ള സുരക്ഷിതമായ മാംസം മാത്രം

വിതരണം ചെയ്യണമെന്നതും സംബന്ധിച്ചുമുള്ള നിരവധി ഉത്തരവുകളും കോടതിവിധികളും നിലവിലുണ്ട്. മേൽ സാഹചര്യത്തിൽ നഗരസഭയുടെ സ്റ്റാളുകളിൽക്കൂടി സുരക്ഷിതമായ മാംസം മാത്രമാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്-വിതരണ വിവരം ലഭ്യമല്ല

ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിന് ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം (നം.120/23) ജെം പോർട്ടൽ മുഖേന 4,48,759 രൂപ ചെലവഴിച്ച് 12 ലാപ് ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. ലഭ്യമായ അപേക്ഷകളിൽ നിന്ന് തിരഞ്ഞെടുത്ത യോഗ്യരായ 12 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് ലാപ് ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ വാങ്ങിയ ലാപ് ടോപ്പുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ വ്യക്തിഗത അപേക്ഷകളോടൊപ്പമോ പ്രത്യേക രജിസ്റ്ററിലോ എഴുതി സൂക്ഷിച്ചിട്ടില്ല. കൈപ്പറ്റ് രേഖകളുടെ അഭാവത്തിൽ, 37,396 രൂപ വീതം വിലവരുന്ന 12 ലാപ് ടോപ്പുകളും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. പദ്ധതിയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീലാൽ വി.എച്ച്, കൃഷ്ണവിലാസം, വാർഡ് 4

2. ആര്യ പി. സുധാകരൻ, പുളിവിളയിൽ, വാർഡ് 7

3. അനന്ദു, അനന്ദു ഭവനം, വാർഡ് 8

4. കാവ്യ എം.കെ, മേലേതിൽ കിഴക്കേതിൽ, വാർഡ് 9

5. അഭിലാഷ് ആർ, കാവുംകോട്ട്, വാർഡ് 11

6. സാന്ദ്ര രഘു, പുല്ലുവിള കിഴക്കേതിൽ, വാർഡ് 12

7. ആദിത്യ രാജൻ, കാഞ്ഞിരവിളയിൽ, വാർഡ് 13

8. അഭിജിത്ത് സി, പ്ലാവിളയിൽ, വാർഡ് 14

9. അഖില എൽ, കൊച്ചയ്യത്ത് അമൽ ഭവൻ, വാർഡ് 20

10. സേതു പാർവ്വതി, അമ്പനാട്, വാർഡ് 27

11. ജയരാജ് എ, ഹരിഹരനിവാസ്, വാർഡ് 9

12. അനന്ദു കൃഷ്ണൻ, തോണ്ടലിൽ കിഴക്കേതിൽ, വാർഡ് 15

ലാപ്ടോപ്പുകളുടെ കൈപ്പറ്റ് രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്ക് ചെലവഴിച്ച 4,48,759 രൂപ തടസ്സപ്പെടുത്തുന്നു. ലാപ് ടോപ്പുകൾ ലഭ്യമായ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേഖകൾ വാങ്ങി ഹാജരാക്കുന്ന മുറയ്ക്ക് പരാമർശം തീർപ്പാക്കുന്നതാണ്.

## 1-32 മെയിന്റനൻസ് ഫണ്ട്- 1.06 കോടി രൂപ നഷ്ടപ്പെടുത്തി

മെയിന്റനൻസ് ഫണ്ട് റോഡ്, നോൺ റോഡ് വിഭാഗങ്ങളിലായി 2022-23 സാമ്പത്തിക വർഷം 1.06 കോടി രൂപ നഷ്ടപ്പെടുത്തി. ലഭിച്ച ഫണ്ടിന്റെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ലഭിച്ച തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം | നഷ്ടമായ തുക |
|---|---|---|---|---|
| മെയിന്റനൻ ഫണ്ട് - റോഡ് | 15970000 | 11048673 | 69.18 | 4921327 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 15018000 | 9360763 | 62.33 | 5657237 |
| ആകെ | 30988000 | 20409436 | 65.86 | 10578564 |

മെയിന്റനൻസ് ഗ്രാന്റ് - റോഡ് വിഭാഗത്തിൽ ആകെ 49 പ്രോജക്ടുകളാണുണ്ടായിരുന്നത്. ഇതിൽ 28 പ്രോജക്ടുകളിലാണ് ചെലവുണ്ടായത്. മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് വിഭാഗത്തിൽ ആകെയുള്ള 49 പ്രോജക്ടുകളിൽ 32 പ്രോജക്ടുകളിൽ മാത്രമാണ് തുക ചെലവഴിച്ചത്. മുൻസിപ്പൽ എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തുക വകയിരുത്തിയ നിർമ്മാണ മേഖലയിലെ പ്രോജക്ടുകളിലാണ് മെയിന്റനൻസ് ഫണ്ട് ചെലവഴിക്കാതെ പോയിട്ടുള്ളത്. 2022 ഡിസംബറിന് മുമ്പായി മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് വിഭാഗങ്ങളിലായി സർക്കാർ ഗ്രാന്റ് പൂർണ്ണമായും ലഭിച്ചിരുന്നു. ഇപ്രകാരം തുക പൂർണ്ണമായും ലഭിച്ചുവെങ്കിലും 65.86 മാത്രമാണ് മെയിന്റനൻസ് വിഭാഗത്തിലെ ചെലവ്. പദ്ധതി ചെലവ് 80%- ത്തിൽ താഴെയായതിനാൽ സ്പിൽ ഓവർ

പ്രോജക്ടുകൾക്ക് തുക ക്യാരി ഓവർ ചെയ്ത് കിട്ടുകയില്ല. തന്മൂലം പ്രോജക്ടുകൾ സ്പിൽ ഓവറാക്കിയാലും ചെലനിനാവശ്യമായ തുക അടുത്ത വർഷത്തെ പദ്ധതി തുകയിൽ നിന്നും കണ്ടെത്തണം. ഇത് അടുത്ത വർഷത്തെ പദ്ധതി നിർവ്വഹണത്തെയും ഗുരുതരമായി ബാധിക്കും.

പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് തുക ചെലവഴിക്കുന്നതിൽ ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തു നിന്നും ക്രീയാത്മകമായ സമീപനം ഉണ്ടാകേണ്ടതുണ്ട്. അല്ലാത്തപക്ഷം ഇപ്രകാരം വലിയ തോതിൽ ഓരോ വർഷവും ഫണ്ട് ലാപ്സാകുന്നതിന് കാരണമാകും . പ്രസ്തുത വിഷയം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ സത്വര ശ്രദ്ധക്കായി സമർപ്പിക്കുന്നു.

## 1-33 മരണപ്പെട്ടവർക്കും ക്ഷേമ പെൻഷൻ : സർക്കാർ ഖജനാവിന് 418000 രൂപയുടെ നഷ്ടം

നഗരസഭയിലെ വിവിധ ക്ഷേമപെൻഷനുകൾ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ, അവരെ സമയബന്ധിതമായി പെൻഷൻ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിൽ നഗരസഭയ്ക്ക് വീഴ്ച ഉണ്ടായിട്ടുണ്ട്. ഇതുമൂലം ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷവും അവരുടെ പേരിലുള്ള അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്തുവരുന്നതായി കണ്ടെത്തി. പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽതന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് (സർക്കുലർ നം.എസ്.എഫ്.സി.ബി/71/2017/ധന, തീ.22.09.2017). ഓഡിറ്റ് നടത്തിയ പരിശോധനയിൽ മരണപ്പെട്ട ചില പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ മാസങ്ങൾക്കും ചിലത് വർഷങ്ങൾക്കുശേഷവുമാണ് സസ്പെന്റ് ചെയ്തിട്ടുള്ളത്. പരേതരായ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷണറുടെ പേര് വിവരം | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണം നടന്ന തീയതി | മരണ രജി നം | മരണ രജി തീയതി | പെൻഷൻ സസ്പെന്റ് ചെയ്ത തീയതി | അനർഹമായ കാലയളവ് | മരണ ശേഷം അക്കൗണ്ടിൽ ക്രഡിറ്റായ തുക |
|---|---|---|---|---|---|---|---|---|---|
| 1 | രാഘവൻ ആർ<br>18/58, കാറ്റാടി തെക്കേതിൽ, പന്നിവിഴ, അടൂർ | *****1723 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27/01/22 | 141/22 | 17/03/22 | 13/11/23 | 04/23-06/23 | 4800 |
| 2 | ശീലാസ്<br>5/94, മീനത്തുമേലേതിൽ, കരുവാറ്റ, അടൂർ | ***0694 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 12/02/22 | 147/22 | 21/03/22 | 13/11/23 | 04/23-06/23 | 4800 |
| 3 | എം എം ജോയ്<br>8/319, മുകളുംപുറത്ത്, പോത്രാട്, ആനന്ദപ്പള്ളി | *****1578 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/03/22 | 148/22 | 21/03/22 | 13/11/23 | 04/23-06/23 | 4800 |
| 4 | ഹസ്സൻ<br>9/93, വടക്കിനേത്ത് തെക്കേതിൽ, പറക്കോട് | *****2079 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02/04/22 | 205/22 | 29/04/22 | 13/11/23 | 05/23-06/23 | 3200 |
| 5 | തങ്കച്ചൻ പി<br>14/402, ചാമക്കാല കിഴക്കേതിൽ, പറക്കോട് | *****1264 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 04/05/22 | 225/22 | 07/05/22 | 7/2/23 | 06/22-11/22 | 9600 |
| 6 | നാരായണൻ നായർ<br>10/232, തിരുമംഗലത്ത് വീട്, പന്നിവിഴ | ******0382 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 07/05/22 | 235/22 | 17/05/22 | 19/1/23 | 06/22-11/22 | 9600 |
| 7 | ആയിഷാ ബീവി<br>17/314(2), അംജിതാ മൻസിൽ, പറക്കോട് | ******1046 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24/05/22 | 276/22 | 14/06/22 | 13/11/23 | 06/22-06/23 | 20800 |
| 8 | വിജയൻ വി<br>12/127, ബിനു ഭവനം, പറക്കോട് | *****2372 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03/06/22 | 277/22 | 14/06/22 | 5/1/23 | 07/22-11/22 | 8000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 9 | തോമസ് നൈനാൻ 9/224, ബെഥേൽ വീട്, ആനന്ദപ്പള്ളി | ******2913 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01/06/22 | 287/22 | 17/06/22 | 13/11/23 | 06/22-06/23 | 20800 |
| 10 | ഓമന, 4/345, വിളയിൽ മേലേതിൽ, പന്നിവിഴ | ******0754 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26/05/22 | 317/22 | 06/07/22 | 13/11/23 | 06/22-06/23 | 20800 |
| 11 | ഏലിക്കുട്ടി 12/413, കളീയ്ക്കൽ പുത്തൻവീട്, പറക്കോട് | ******0503 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 29/06/22 | 335/22 | 15/07/22 | 21/2/23 | 07/22-12/22 | 9600 |
| 12 | ഗോപാലക്കുറുപ്പ്, 14/303, പട്ടത്തയ്യത്ത്, പറക്കോട് | ******0350 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 05/06/22 | 425/22 | 26/08/22 | 21/2/23 | 07/22-12/22 | 9600 |
| 13 | നാരായണക്കുറുപ്പ് ഇ കെ 9/98, ചരുവിളയിൽ, ആനന്ദപ്പള്ളി | *****1686 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 19/08/22 | 431/22 | 01/09/22 | 21/2/23 | 09/22-12/22 | 2400 |
| 14 | ഓമനയമ്മ 21/0, തോണ്ടങ്ങാട്ട് പുത്തൻവീട്, കണ്ണംകോട് | *****0881 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18/8/22 | 459/22 | 13/9/22 | 21/2/23 | 09/22-12/22 | 6400 |
| 15 | ജോയ് 3/272, അംബേദ്കർ നഗർ നം 7, പന്നിവിഴ | *****2604 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 9/9/22 | 485/22 | 22/9/22 | 21/2/2023 | 10/22-12/22 | 4800 |
| 16 | തോമസ് ബേബി 12/442, എടത്തിനാൽ വീട്, പറക്കോട് | *****2319 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17/9/22 | 495/22 | 27/9/22 | 21/2/2023 | 10/22-12/22 | 4800 |
| 17 | ഭവാനി 19/376, കറിക്കേത്ത് വീട്, കണ്ണംകോട് | ******0522 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 26/10/21 | 29/22 | 19/01/22 | 13/11/2023 | 11/21-06/23 | 32000 |
| 18 | ഏലിയാമ്മ ജോർജ്ജ് 18/257, കാഞ്ഞിരവിള പുത്തൻവീട്, പന്നിവിഴ | *****0847 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 17/01/22 | 52/22 | 1/2/22 | 13/11/2023 | 02/22-04/22 | 4800 |
| 19 | കുഞ്ഞൂഞ്ഞമ്മ 24/495, കൈതവന, കരുവാറ്റ, അടൂർ | ******0853 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 10/06/20 | 514/22 | 6/10/22 | 13/11/2023 | 07/20-06/23 | 55900 |
| 20 | സാലി 22/223, ചരിഞ്ഞവിളയിൽ, അടൂർ | *******2973 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30/6/22 | 582/22 | 22/11/22 | 21/2/2023 | 07/22-12/22 | 9600 |
| 21 | ജാനകിയമ്മ 1/17, ചരുവിള പുത്തൻ വീട്, മിത്രപുരം | *******1632 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 05/11/22 | 587/22 | 24/11/22 | 13/11/2023 | 12/22-06/23 | 11200 |
| 22 | മുരളി 15/312, മടേരിൽ വീട്, പറക്കോട് | *******3026 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/03/23 | 155/23 | 12/4/23 | 13/11/2023 | 04/23-06/23 | 4800 |
| 23 | ശോശാമ്മ 9/367, പാലത്തടത്തിൽ, | ********0683 | ഇന്ദിരാ ഗാന്ധി ദേശീയ | 29/4/23 | 200/23 | 9/5/23 | 13/11/2023 | 05/23-06/23 | 3200 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | പന്നിവിഴ | | വാർദ്ധക്യകാല പെൻഷൻ | | | | | | |
| 24 | സരളാമണി അമ്മാൾ ശിവശങ്കരപ്പിള്ള 22/386, രമാമന്ദിരം, കണ്ണംകോട് | *******1470 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 9/4/23 | 221/23 | 16/5/23 | 13/11/2023 | 05/23-06/23 | 3200 |
| 25 | വിശ്വനാഥനാചാരി കെ 11/214 , ലക്ഷ്മി നിലയം, പറക്കോട് | ******0986 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18/4/23 | 228/23 | 20/5/23 | 13/11/2023 | 05/23-06/23 | 3200 |
| 26 | ഷാജഹാൻ 17/40, കൊയ്പ്പള്ളിൽ താഴേതിൽ, കണ്ണംകോട് | ******0228 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 21/11/22 | 625/22 | 21/12/22 | 18/04/2023 | 12/22-02/23 | 4800 |
| 27 | മുരളീധരൻ ഉണ്ണിത്താൻ 17/111,രാധാലയം, പറക്കോട് | ******2365 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 21/12/22 | 19/23 | 11/1/23 | 13/11/2023 | 01/23-06/23 | 9600 |
| 28 | നളിനി എം 18/175, ശ്രീനിലയം, പന്നിവിഴ | ******2003 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22/5/23 | 259/23 | 12/6/23 | 13/11/2023 | 06/23 | 1600 |
| 29 | കെ രഘു 15/90, തയ്യിൽ വീട് പറക്കോട് | ******2796 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27/5/23 | 261/23 | 15/6/23 | 13/11/2023 | 06/23 | 1600 |
| 30 | തങ്കമ്മ ജോർജ്ജ് 21/177, തോണ്ടലിൽ പുത്തൻവീട്, കോട്ടമുകൾ | ******1174 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01/05/23 | 237/23 | 25/5/23 | 13/11/2023 | 06/23 | 1600 |
| 31 | നാരായണൻ നായർ 14/397, അമ്പലത്തറ, പറക്കോട് | ******0709 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 3/9/20 | 24/23 | 11/1/23 | 13/11/2023 | 10/20-06/23 | 52200 |
| 32 | പി ജോർജ്ജ് കോശി 25/236, ജയ സദനം മൂന്നാളം അടൂർ | ******2867 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03/02/23 | 64/23 | 15/2/23 | 13/11/2023 | 03/23-06/23 | 6400 |
| | ആകെ | | | | | | | | **350500** |

നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ പോലും പെൻഷൻ അക്കൗണ്ടുകൾ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല. മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ് (05.11.2020-ലെ സർക്കുലർ നം.67/2020 /ധന.). മരണപ്പെട്ടവരെയും അനർഹരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനായി സർക്കാർ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടും പരേതരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യാതിരുന്നതിലൂടെ സർക്കാർ ഖജനാവിന് നഷ്ടം വരുത്തിയതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി(നം.30/23.01.2024) നല്കിയിരുന്നു. എൻക്വയറിക്ക് മറുപടിയായി അനർഹമായി നല്കിയ തുക അനന്തരാവകാശികളിൽ നിന്നും തിരിച്ചുപിടിക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷം അവരുടെ അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം നഗരസഭയിൽ നടപ്പിലാക്കിയിട്ടില്ല. ഓഡിറ്റ് നടത്തിയ പരിശോധനയിൽ കോട്ടയം മെഡിക്കൽ കോളേജിൽ മരണപ്പെട്ട മൂന്ന് ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സമയബന്ധിതമായി സേവന ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കാത്തതിനാൽ ഇവരുടെ മരണശേഷവും, ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതായി കണ്ടു വിശദാംശം ചുവടെ

ചേർക്കുന്നു.

| ക്രമ നം | പെൻഷണറുടെ പേര് വിവരം | പെൻഷൻ ഐ ഡി | പെൻഷൻ ഇനം | മരണം നടന്ന തീയതി | മരണ രജി നം | മരണ രജി തീയതി | സസ്പെന്റ് ചെയ്ത തീയതി | അനർഹമായ കാലയളവ് | മരണ ശേഷം അക്കൌണ്ടിൽ ക്രഡിറ്റായ തുക |
|---|---|---|---|---|---|---|---|---|---|
| 1 | രാധമ്മ എൻ 2/255, രാധാ ഭവനം, കരുവാറ്റ | ******0916 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/06/22 | 2783/22 | 21/06/22 | 21/02/23 | 07/22-12/22 | 9600 |
| 2 | രാജമ്മ കെ 22/427, ദീപം, കണ്ണംകോട്, അടൂർ | ******2946 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 19/02/22 | 983/22 | 26/02/22 | 21/2/23 | 03/22-12/22 | 16000 |
| 3 | ഭാസ്കരൻ, 25/186, പുതുശ്ശേരിയിൽ, പന്നിവിഴ, അടൂർ | ******0254 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17/09/20 | 2810/2020 | 28/09/2020 | 21/2/23 | 10/20-12/22 | 42600 |
| | | | **ആകെ** | | | | | | **68200** |

അപാകത പരിഹരിക്കേണ്ടതും പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷം അവരുടെ അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള തുക അനന്തരാവകാശികളിൽനിന്നും തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൌണ്ടിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-34 മരണപ്പെട്ടവരുടെ ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല

ക്ഷേമപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാബേസിലെ വിവരങ്ങളും നഗരസഭയിലെ മരണ രജിസ്റ്ററിലെ വിവരങ്ങളും താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ, നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട ഗുണഭോക്താക്കൾ നിലവിലും സേവന ഡേറ്റാബേസിൽ ആക്ടീവായി തുടരുന്നു. പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽതന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് (സർക്കുലർ നം.എസ്.എഫ്.സി.ബി/71/2017/ധന, തീ.22.09.2017). ടിയാളുകളുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യാതിരിക്കുമ്പോൾ അനുവദിക്കുന്ന പെൻഷൻ തുക മരണപ്പെട്ടവരുടെ അനന്തരാവകാശികൾ കൈപ്പറ്റുന്ന സാഹചര്യം നിലനിൽക്കുന്നു. മരണം നഗരസഭയിൽ രജിസ്റ്റർ ചെയ്യപ്പെടുകയും എന്നാൽ പെൻഷൻ ഡേറ്റാബേസിൽ ആക്ടീവായി തുടരുകയും ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ വിവരം | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | മരണ രജി നം, തീയതി | മരണശേഷം അക്കൌണ്ടിൽ ക്രഡിറ്റായ തുക | സ്റ്റാറ്റസ് |
|---|---|---|---|---|---|---|---|
| 1 | സോമചൂഡൻ എസ് 14/203, അയനി വേലി ഇല്ലം, പറക്കോട് | ********1024 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 29/11/2023 | 571/23 | - | ആക്ടീവ് |
| 2 | പൊടിയമ്മ 9/184, മണിമന്ദിരം, പറക്കോട് വടക്ക് | ********0541 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 01/09/23 | 553/23 | - | ആക്ടീവ് |
| 3 | ഐസക് ഡാനിലയൽ 2/228, കുന്നത്തറ-മുകളുവിള, കരുവാറ്റ | ********1916 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/12/2023 | 564/23 | - | ആക്ടീവ് |
| 4 | ഭവാനി ദാമോദരൻ 3/70, കളീയ്ക്കൽ, പന്നിവിഴ, ആനന്ദപള്ളി | ********1295 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/12/2023 | 566/23 | - | ആക്ടീവ് |
| 5 | ഭവാനിക്കുട്ടിയമ്മ, 19/328, കോട്ടൂർപുത്തൻവീട്, പറക്കോട് | ********2337 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23/11/23 | 568/23 | - | ആക്ടീവ് |
| 6 | രാജു 3/66, മുകളിൽ പുത്തൻ വീട്, പന്നിവിഴ, ആനന്ദപള്ളി | ********1820 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 12/11/23 | 507/23 | - | ആക്ടീവ് |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | ഗോപാലൻ 11/121, പരുത്തിയിൽ പന്നിവിഴ | ********3305 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11/11/23 | 509/23 | - | ആക്ടീവ് |
| 8 | രവീന്ദ്രൻ ടി 8/190, ലച്ചു ഭവനം, ആനന്ദപ്പള്ളി | ********2424 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 9/10/23 | 513/23 | - | ആക്ടീവ് |
| 9 | ഐഷ ബീവി, കുഴിവിളയിൽ പുത്തൻവീട്, കണ്ണംകോട് | ********0869 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16/11/23 | 514/23 | - | ആക്ടീവ് |
| 10 | മാത്തുക്കുട്ടി, 12/197 കോണത്തുതെക്കേതിൽ, പറക്കോട് | ********1179 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24/11/23 | 520/23 | - | ആക്ടീവ് |
| 11 | പൊടിപ്പെണ്ണ് 7/150, മഠത്തിലയ്യത്ത് വടക്കേതിൽ, പന്നിവിഴ, ആനന്ദപ്പള്ളി | ********0286 | കർഷകത്തൊഴിലാളി പെൻഷൻ | 23/11/23 | 523/23 | - | ആക്ടീവ് |
| 12 | ജനാർദ്ദനൻ എൻ, 17 പുലിവിളയിൽ, പറക്കോട് | ********1848 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30/11/23 | 526/23 | - | ആക്ടീവ് |
| 13 | തങ്കമ്മ ജോയ്, 11/77, ജിൻസി ഭവൻ, പറക്കോട് | ********1854 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന് | 12/12/23 | 541/23 | - | ആക്ടീവ് |
| 14 | കുഞ്ഞ്കുഞ്ഞ് 7/15 , വാഴവിളയിൽ, പന്നിവിഴ വടക്ക്, ആനന്ദപ്പള്ളി | ********0298 | കർഷകത്തൊഴിലാളി പെൻഷൻ | 29/11/23 | 543/23 | - | ആക്ടീവ് |
| 15 | കുട്ടി, 17/256, പ്ലാവിളയിൽ, പറക്കോട് | ********0568 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 11/12/23 | 551/23 | - | ആക്ടീവ് |
| 16 | ശ്യാമളയമ്മ 0/769, താമരശ്ശേരിൽ, പന്നിവിഴ, ആനന്ദപ്പള്ളി | ********0029 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 13/5/23 | 234/23 | 4800 | ആക്ടീവ് |
| 17 | രാധാകൃഷ്ണൻ ഉണ്ണിത്താൻ 15/79, കടമ്പനവിളയിൽ, പറക്കോട് | ********0743 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 3/9/23 | 399/23 | - | ആക്ടീവ് |
| 18 | ശാന്തകുമാരൻ പിള്ള 20/14 രാജമന്ദിരം, കരുവാറ്റ, അടൂർ | ********0587 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6/8/23 | 377/23 | - | ആക്ടീവ് |
| 19 | ശിവരാജൻ എൻ 11/51 , ശുഭാലയം, പറക്കോട് | ********0208 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 13/8/23 | 381/23 | | ആക്ടീവ് |
| 20 | തങ്കച്ചൻ 15/348 ചക്കാലയിൽ, പറക്കോട് | ********1231 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 19/8/23 | 383/23 | - | ആക്ടീവ് |
| 21 | രഘുനാഥകുറുപ്പ് 15/150, സരിത സദനം, പറക്കോട് | ********3079 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28/7/23 | 368/23 | - | ആക്ടീവ് |
| 22 | രാജൻ 23/252, രാമവിലാസം, അയ്യപ്പൻപാറ, അടൂർ | ********3266 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 14/7/23 | 351/23 | 1600 | ആക്ടീവ് |

മരണം നഗരസഭയിൽ രജിസ്റ്റർ ചെയ്ത് ആറ് മാസത്തിലധികമായിട്ടും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ സർക്കുലർ നം. 63/2021/ധന. തീ. 02-08-2021 ലെ നിർദ്ദേശങ്ങൾ പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണെന്നും മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതുമാണെന്ന് അറിയിച്ചിട്ടുണ്ട്. നഗരസഭയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അവയിൽ പെൻഷൻ ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ പെൻഷൻ സ്റ്റാറ്റസ് അടിയന്തിരമായി സസ്പെൻഡ് ചെയ്യേണ്ടതും, മരണശേഷം അനവദിച്ചിട്ടുള്ള പെൻഷൻ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-35 ക്ഷേമപെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം**

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷയിൽ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി, അർഹതയുള്ള അപേക്ഷ കൗൺസിൽ അംഗീകരിച്ച്, സേവനയിൽ ഡേറ്റ എൻട്രി നടത്തി സെക്രട്ടറി ഡിജിറ്റലായി ഒപ്പ് വയ്ക്കുന്ന തീയതി മുതൽക്ക് മാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂ. തദ്ദേശസ്വയംഭരണവകുപ്പിന്റെ 25.6.2002 ലെ ജി.ഒ (പി) നം 105/2002 ലെ ഉത്തരവ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകളിന്മേലുള്ള അപേക്ഷകൾ ലഭിച്ച് 40 ദിവസത്തിനകം തന്നെ ക്ഷേമ പെൻഷനുകൾ അനുവദിച്ച നല്കണമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ നഗരസഭയിൽ നിന്നും പെൻഷൻ അനുവദിക്കുന്നതിൽ 6 മാസത്തിലധികം കാലതാമസം വരുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | പെൻഷൻ ഐ.ഡി | അപേക്ഷ നമ്പർ/തീയതി | കൗൺസിൽ അംഗീകരിച്ച തീയതി | വിതരണം തുടങ്ങിയ മാസം |
|---|---|---|---|---|
| കുഞ്ഞുമോൻ പി ജി | 101780203225 | G7 665/22, 21.01.2022 | 14.07.2022 | 20.09.2022 |
| ശാമുവേൽ പത്രോസ് | 101780203143 | G7 516/22, 18.01.2022 | 20.04.2022 | 09.05.2022 |
| ജയലക്ഷ്മണൻ എസ് | 101780203146 | G7 658/22, 21.01.2022 | 20.04.2022 | 09.05.2022 |
| ലിസിയമ്മ കോശി | 101780203193 | G7 835/22, 25.01.2022 | 31.05.2022 | 23.07.2022 |
| കുഞ്ഞുകുഞ്ഞ് | 101780203226 | G7 4813/22, 13.05.2022 | 29.08.2022 | 17.10.2022 |
| ബേബി എം | 101780203227 | G7 4817/22, 13.05.2022 | 29.08.2022 | 17.10.2022 |
| മണി | 101780203237 | G7 5573/22, 07.06.2022 | 29.08.2022 | 17.10.2022 |
| ബാലൻ പിള്ള | 101780203322 | G7 13308/22, 09.12.2022 | 17.03.2023 | 18.04.2023 |
| വേണുഗോപാൽ സി | 101780203321 | G7 13144/22, 05.12.2022 | 17.03.2023 | 18.04.2023 |
| എസ് താഹിർനിസ | 101780601393 | G7 13742/22,19.12.2022 | 17.03.2023 | 21.03.2023 |
| സുധർമ്മ കെ | 101780601367 | G7 3948/22, 13.04.2022 | 20.09.2022 | 19.10.2022 |
| ജഗദകുമാരി | 101780601372 | G7 5143/22, 24.05.2022 | 20.09.2022 | 19.10.2022 |
| ഷക്കീന ബീവി എസ് | 101780601368 | G7 5353/22, 31.05.2022 | 20.09.2022 | 19.10.2022 |

പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസത്തിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി(നം.29/23.01.2024) നല്കിയിരുന്നു. ഇതിന് മറുപടിയായി പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പെൻഷൻ അപേക്ഷകളിന്മേൽ സർക്കാർ നിർദേശം കർശനമായി പാലിക്കേണ്ടതും സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ടി വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-36 സാമൂഹ്യക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല**

1. സാമൂഹ്യ സുരക്ഷാ പെൻഷൻ പുതുതായി അനുവദിച്ചവരുടെയും, നിരസിച്ചവരുടെയും വാർഡ് തല ലിസ്റ്റ് ഗ്രാമസഭകളിൽ ഉൾപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരം വാങ്ങിക്കേണ്ടതാണെന്ന് 28.09.2019 ലെ സർക്കുലർ നം PAN/2021/2019-DBT1(DP) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ പുതുതായി പെൻഷൻ അനുവദിക്കുന്നവരുടെയും നിരസിച്ചവരുടെയും ലിസ്റ്റ് വാർഡ്സഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നില്ല.

2. നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്ത മറ്റു തദ്ദേശസ്ഥാപനങ്ങളിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ അതാതു സ്ഥാപനങ്ങളെ അറിയിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാക്കേണ്ടതുമാണെന്ന് 02.08.21ലെ സർക്കുലർ നം. 63/2021/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ടി ഉത്തരവ് നഗരസഭയിൽ പാലിക്കപ്പെടുന്നില്ല.

3. മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി/ആശാവർക്കർമാർ മുഖാന്തിരം

ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ ബാധ്യസ്ഥരാണെന്ന് സ. ഉ.(എം എസ്) നം. 97/2020/ധന. തീ 23.09.2020 ലെ സാമൂഹിക സുരക്ഷ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം വിവര ശേഖരണം നടത്തി മരണപ്പെടുന്ന പെൻഷൻ ഗുണഭോക്താക്കളെ ഡേറ്റാബേസിൽ നിന്ന് യഥാസമയം ഒഴിവാക്കുന്നില്ല.

4. ക്ഷേമപെൻഷൻ രജിസ്റ്ററിലെയും പെൻഷൻ അപേക്ഷകളുടെയും സൂക്ഷിപ്പിൽ അപാകതകളുണ്ട്. പെൻഷൻ രജിസ്റ്ററിൽ ക്ഷേമപെൻഷൻ നിരസിച്ച അവസരത്തിൽ നിരസിക്കുവാനുണ്ടായ കാരണം രേഖപ്പെടുത്തുന്നില്ല. പെൻഷൻ അപേക്ഷകൾ രജിസ്റ്ററിലെ നമ്പർ ക്രമത്തിൽ സൂക്ഷിക്കുന്നില്ല.
മേൽ വിഷയങ്ങളിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-50/27.01.2024) മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശങ്ങൾ

* സാമൂഹ്യ സുരക്ഷാ പെൻഷൻ പുതുതായി അനുവദിച്ചവരുടെയും, നിരസിച്ചവരുടെയും വാർഡ് തല ലിസ്റ്റ് വാർഡ് സഭകളിൽ ഉൾപ്പെടുത്തി വാർഡ്സഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

* നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്ത മറ്റു തദ്ദേശസ്ഥാപനങ്ങളിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ അതാതു സ്ഥാപനങ്ങളെ അറിയിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

* പെൻഷൻ ഗുണഭോക്താക്കളിൽ മരണപ്പെടുന്നവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാതു മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

* ക്ഷേമപെൻഷൻ രജിസ്റ്ററിന്റെയും പെൻഷൻ അപേക്ഷകളുടെയും സൂക്ഷിപ്പിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-37 തെരുവ് വിളക്ക് പരിപാലനവും വാങ്ങലും; നിരക്കുകളുടെ യുക്തി ഭദ്രത ഉറപ്പുവരുത്താതെ അക്രഡിറ്റഡ് ഏജൻസിയെ നിർവ്വഹണം ഏൽപ്പിച്ചു

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 237 പ്രകാരം തെരുവ് വിളക്ക് പരിപാലനവും, വാങ്ങലും എന്ന പേരിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 1640594 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് പ്രോജക്ടിന്റെ നിർവ്വണ ചുമതല നൽകിയത്. അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ യുണൈറ്റഡ് ഇലക്ട്രിക്കത്സ് ലഭ്യമാക്കിയ പ്രോഫോർമോ ഇൻവോയ്സ് പ്രകാരമുള്ള നിരക്കുകൾ അംഗീകരിച്ച് കരാർ നൽകുകയാണ് ഉണ്ടായത്. ഈ പ്രോജക്ട് സ്പിൽ ഓവറായി 2022-23 സാമ്പത്തിക വർഷമാണ് നടപ്പിലാക്കിയിട്ടുള്ളത്.

നിലാവ് പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള LED സ്ട്രീറ്റ് ലൈറ്റുകളുടെ ഒറ്റതവണ അറ്റകുറ്റപ്പണിയും, നഗരസഭാ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള 430 LED സ്ട്രീറ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണികളും, 4 ഹൈമാസ്റ്റ് ലൈറ്റുകൾ സോഡിയം വേപ്പർ ലാമ്പിൽനിന്നും LEDസെറ്റിലേക്ക് മാറ്റി AMC മുഖാന്തിരം റിപ്പയർ ചെയ്യുന്നതിനുമാണ് കരാർ നൽകിയത്. നിലാവ് പ്രോജക്ട് പ്രകാരം സ്ഥാപിച്ചിട്ടുള്ള ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾക്ക് ലൈറ്റ് ഒന്നിന് 185രൂപയും, 25/40 W സ്ട്രീറ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് ലൈറ്റ് ഒന്നിന് 1315രൂപയും, ഹൈമാസ്റ്റ് ലൈറ്റ് സോഡിയം വേപ്പർ ലാമ്പിൽനിന്നും LED ലൈറ്റിലേക്ക് മാറ്റുന്നതിന് 172000 രൂപ നിരക്കിലുമാണ് കരാറിലേർപ്പെട്ടത്. ടി നിരക്കുകളുടെ യുക്തി ഭദ്രത നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ ഉറപ്പുവരുത്തിയിട്ടില്ല. കരാർ സ്ഥാപനം ഏകപക്ഷീയമായി നിശ്ചയിച്ച നിരക്കിൽ കരാർ നൽകുകയാണുണ്ടായത്.

Electro Mechanical പ്രവൃത്തികളുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (PMC) എന്ന നിലയിലാണ് യുണൈറ്റഡ് ഇലക്ട്രിക്കത്സ് ലിമിറ്റഡിന് സർക്കാർ അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. PMC മാത്രമായ യുണൈറ്റഡ് ഇലക്ട്രിക്കത്സ് എന്ന സ്ഥാപനത്തെ നിർവ്വഹണ ഏജൻസിയായി നേരിട്ട് തെരഞ്ഞെടുത്ത നടപടി ചട്ടവിരുദ്ധമാണ്. PMC-കൾക്ക് നേരിട്ട് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് അനുമതിയില്ല. PMC ആയി പ്രവർത്തനങ്ങൾ ഏജൻസികളെ ഏൽപ്പിക്കുമ്പോൾ ഏജൻസികൾക്ക് അനുവദനീയമായ സെന്റേജ് ഇനത്തിലുള്ള തുക ഏജൻസിക്കും പ്രവൃത്തിയുടെ തുക കരാറുകാർക്കുമാണ് അനുവദിക്കേണ്ടത്. ആയതിന് നഗരസഭയും ഏജൻസിയും, കരാറുകാരനും തമ്മിൽ Tripatriate Agreement (ത്രികക്ഷി കരാർ) വയ്ക്കേണ്ടതാണ്. ഇങ്ങനെ ത്രികക്ഷി കരാർ വെച്ചിട്ടില്ല.

അക്രഡിറ്റേഷൻ ഉത്തരവുകളിൽ Enlist ചെയ്തിട്ടുള്ള ഏജൻസികളിൽനിന്നും Competitive Bidding മുഖേനയാണ് ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടതെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ് (28/04/2021-ലെ സ.ഉ.(പി)67/2021/ധന നമ്പർ ഉത്തരവ്). പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായാണ് യാതൊരു മാനദണ്ഡവും ഇല്ലാതെ ടി സ്ഥാപനത്തിന് പ്രവൃത്തിയുടെ കരാർ നൽകിയത്. പ്രവൃത്തിക്ക് ഏജൻസി ക്ലെയിം ചെയ്ത നിരക്കുകൾ പ്രഥമ ദൃഷ്ടിയിൽതന്നെ യുക്തിഭദ്രമല്ല, ഉദാഹരണമായി ഹൈമാസ്റ്റ് ലൈറ്റുകൾ സോഡിയം വേപ്പർ ലാമ്പിൽനിന്നും LED

ലൈറ്റുകളിലേക്ക് മാറ്റുന്നതിന് പോൾ ഒന്നിന് 1.72ലക്ഷം രൂപയാണ് ഏജൻസി ഈടാക്കിയിട്ടുള്ളത്. ഈ പ്രവൃത്തി നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ചെയ്ത പ്രവൃത്തിയുടെ മൂല്യ നിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല. ഏജൻസി ക്ലെയിം ചെയ്ത നിരക്കുകളുടെ യുക്തിഭദ്രത ഉറപ്പുവരുത്താതെ കരാർ നൽകിയതിലൂടെ നഗരസഭയ്ക്ക് വൻ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിയുടെ ഭാഗമായി 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി 1437326 രൂപയുടെ പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം., തീ. | ഇനം | എണ്ണം | നിരക്ക് | ചെലവ് |
|---|---|---|---|---|---|
| 1 | 837/25-03-22 | 350W ഹൈമാസ്റ്റ് ലൈറ്റിന്റെ അറ്റകുറ്റപ്പണി | 4 | 172000 | 688000 |
| 2 | 838/25-03-22 | ഹൈമാസ്റ്റ് ലൈറ്റിന്റെ വാർഷിക അറ്റകുറ്റപ്പണി | 4 | 5000 | 20000 |
| 3 | UEI/833/23-02-23 | സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി | 430 | 1315 | 565447 |
| 4 | UEI/821/20-02-23 | നിലാവ് പദ്ധതിയിലെ സ്ട്രീറ്റ് ലൈറ്റുകളുടെ ഒറ്റത്തവണ അറ്റകുറ്റപ്പണി | 994 | 185 | 183879 |

(ഓഡിറ്റ് വർഷം 344000രൂപ മാത്രമാണ് കരാർ സ്ഥാപനത്തിന് നല്കിയത് (01/06/22). അവശേഷിച്ച 1093326 രൂപയുടെ ബില്ലുകൾ 18/03/2023-ൽ ട്രഷറിയിൽ സമർപ്പിച്ചെങ്കിലും ബിൽ മാറിയില്ല. പ്രസ്തുത തുകയിൽ 890068 രൂപ 05/01/2024-ൽ നൽകിയിട്ടുള്ളതായി കാണുന്നു)

മേൽ ചെലവുകളിൽ നിലാവ് പദ്ധതിയിലെ സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികളുടെ കാര്യത്തിൽ മാത്രമാണ് അറ്റകുറ്റപ്പണി നടത്തിയിട്ടുള്ള ലൈറ്റുകളുടെ എണ്ണം വാർഡ് കൗൺസിലർമാർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളത്. മറ്റ് പ്രവൃത്തികളുടെ സംഗതിയിൽ ചെലവിന്റെ കൃത്യതയും, സുതാര്യതയും പരിശോധിക്കുന്നതിനാവശ്യമായ യാതൊരു രേഖകളും (സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, തരം, അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകളുടെ നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, തെരുവ് വിളക്കുകളുടെ സ്പെയർ പാർട്ട്സുകളുടെ സ്റ്റോക്ക് രജിസ്റ്റർ, വാർഡ് കൗൺസിലർമാരുടെ സാക്ഷ്യ പത്രം, പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ട് Etc.) പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

സുതാര്യമായ ബിഡിംഗ്/ടെണ്ടർ നടപടികളിലൂടെ അല്ലാതെ യുണൈറ്റഡ് ഇലക്ട്രിക്കത്സിനെ പ്രവൃത്തിയുടെ നിർവ്വഹണം ഏൽപ്പിച്ച് നൽകിയതും, PMC എന്ന നിലയിൽ യുണൈറ്റഡ് ഇലക്ട്രിക്കത്സ്, കോൺട്രാക്ടർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ ത്രികക്ഷി കരാറിലേർപ്പെടാതിരുന്നതും വീഴ്ചയാണ്. ചെലവിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ സൂക്ഷിക്കാതിരുന്നതും, തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട അനിവാര്യമായി സൂക്ഷിക്കേണ്ട രജിസ്റ്ററുകളും, രേഖകളും സൂക്ഷിക്കാതിരുന്നതും അപാകതയാണ്. തെരുവ് വിളക്കുകളുടെ എണ്ണം, തരം, പോസ്റ്റ് നമ്പർ എന്നിവ വാർഡ് തിരിച്ച് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാതെ ലക്ഷങ്ങൾ ചെലവഴിക്കുന്നത് ധനദുർവിനിയോഗത്തിന് വഴിവയ്ക്കും. ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/23.01.2024) നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ദുർവ്യയവും, സർക്കാർ ഉത്തരവുകളുടെ ലംഘനവും, രേഖകളും, രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ വീഴ്ചയും മുനിസിപ്പൽ കൗൺസിലിന്റെ സത്വര ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ മുൻകരുതലുകൾ കൗൺസിൽ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം നഗരസഭയിൽ തെരുവ് വിളക്ക് പരിപാലനത്തിൽ '**അടാട്ട് മാതൃക**' അവലംബിക്കുന്നത് പരിഗണിക്കാവുന്നതാണ്.

## 1-38 കരാർ വയ്ക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

2022-23 വർഷം നടപ്പിലാക്കി ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ നിശ്ചിത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ളതായി പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ വ്യക്തമായി. പൊതുമരാമത്ത് മാന്വൽ പ്രകാരം ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് കരാർ തുകയുടെ 1 ശതമാനം ഈടാക്കികൊണ്ട് മാത്രമേ കരാർ വയ്ക്കുന്നതിന് അനുവദിക്കാൻ പാടുള്ളൂ. എന്നാൽ യഥാസമയം കരാർ വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരിൽനിന്നും നിയമാനുസൃതം പിഴ ഈടാക്കിയിട്ടില്ല. ഈ ഇനത്തിൽ നഗരസഭാ ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ വിവരം | സെലക്ഷൻ നോട്ടീസ് നൽകിയ തീയതി | കരാർ ഉടമ്പടി നമ്പർ, തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന ഫൈൻ (പി.എ.സി-യുടെ 1% തുക) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 224/22 - മുല്ലൂർകുളങ്ങര കുളം നവീകരണം<br>പി.എ.സി. - 773832.20+12% GST<br>Bill No. - 01/06/22 | 22/12/21 | 75/2021-22,<br>15/01/22<br>ശ്രീ ഉണ്ണികൃഷ്ണൻ ജി. | 8667 |
| 2 | 225/22 - ആർ ആർ എഫ്<br>പി.എ.സി. - 1700668.20+12% GST<br>Bill No. - 01/09/22 | 20/01/22 | 100/2021-22,<br>07/02/22<br>ശ്രീ ഉണ്ണികൃഷ്ണൻ ജി. | 19047 |
| 3 | 295/22 - പുളിവിള സംഘേതം നവീകരണം വാർഡ് 25<br>പി.എ.സി. - 115651.75+12%<br>Bill No.22050347000901005463<br>06/01/2023 | 15/02/22 | 102/2021-22,<br>04/03/22<br>ശ്രീ കൃഷ്ണകുമാർ | 1295 |
| | ആകെ | | | 29009 |

നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ ഉടമ്പടി ചമയ്ക്കുന്നതിൽ വീഴ്ചവരുത്തിയ കരാറുകാരിൽനിന്നും പിഴ ഈടാക്കിതിരുന്നതിനാൽ 29009 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ആയത് ബന്ധപ്പെട്ട കരാറുകാരിൽനിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽനിന്നൊ ഈടാക്കേണ്ടതാണ്.

## 1-39 റിസ്ക് & കോസ്റ്റ് പ്രകാരം പ്രവൃത്തികൾ റീടെണ്ടർ ചെയ്തു - വീഴ്ചവരുത്തിയ കരാറുകാരനിൽനിന്നും നഷ്ടം ഈടാക്കിയില്ല

നഗരസഭയുടെ 2020-21, 2021-22 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാർ എടുത്ത ശ്രീ ഷിബു റ്റി., നീരാഞ്ജനം, മേലൂട് എന്ന കരാറുകരൻ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടതിനുശേഷം പ്രവൃത്തി ഉപേക്ഷിച്ചു.

| പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാർ തുക | കരാർ നം., തീയതി |
|---|---|---|---|
| 154/21 | ഗാന്ധി നഗർ ലക്ഷംവീട് കോളനി റോഡ് പുനരുദ്ധാരണം വാർഡ് - 1 | 499932 | 104/2020-21, തീ. 30/09/20 |
| 105/22 | ഇല്ലത്തുപടി - കെൻകോസ് പടി റോഡ് റീടാറിംഗ് വാർഡ് 20 | 499806 | 28/2021-22, തീ. 13/10/21 |
| 99/22 | പവിത്ര പടി ബംഗ്ലാവിൽ പടി അമ്പാടി പടി പുതുവീട്ടിൽ പടി റോഡ് നവീകരണം വാർഡ് 21 വാർഡ് 21 | 500000 | 29/2021-22, തീ. 13/10/21 |

പ്രവൃത്തി നിർവ്വഹണത്തിൽ വീഴ്ചവരുത്തിയ കരാറുകാരന് നഗരസഭയിൽനിന്നും നിരവധി തവണ നോട്ടീസ് നൽകിയെങ്കിലും പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറുകാരൻ തയ്യാറാകാത്ത സാഹചര്യത്തിൽ കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനും, ഇപ്രകാരം പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന അധിക ചെലവ് കരാറുകാരനായ ശ്രീ ഷിബു റ്റി. യിൽനിന്നും ഈടാക്കുന്നതിനും, ടിയാനെ കരമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും 24/02/2023-ൽ കൂടിയ നഗസഭാ കൗൺസിലിൽ തീരുമാനം എടുക്കുകയും (തീരുമാനം നം.2) പ്രവൃത്തി റീടെണ്ടർ ചെയ്ത് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം റീടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം നഗരസഭാ ഫണ്ടിന് 785630 രൂപയുടെ അധിക ചെലവുണ്ടായി.

| പ്രവൃത്തിയുടെ പേര്, അടങ്കൽ | അസ്സൽ കരാർ തുക | റീടെണ്ടറിൽ ക്വോട്ട് ചെയ്ത തുക | വ്യത്യാസം |
|---|---|---|---|
| ഗാന്ധി നഗർ ലക്ഷംവീട് കോളനി റോഡ് പുനരുദ്ധാരണം വാർഡ് - 1 | 499932 | 574906+18% GST<br>= 678389 | 178457 |
| ഇല്ലത്തുപടി - കെൻകോസ് പടി റോഡ് റീടാറിംഗ് വാർഡ് 20 | 499806 | 679346+18% GST<br>= 801628 | 301822 |
| പവിത്ര പടി ബംഗ്ലാവിൽ പടി അമ്പാടി പടി പുതുവീട്ടിൽ പടി റോഡ് നവീകരണം വാർഡ് 21 വാർഡ് 21 | 500000 | 682501+18% GST<br>= 805351 | 305351 |
| ആകെ | | | 785630 |

പി.ഡബ്ല്യു.ഡി. മാന്വൽ 2116.2.1 പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കരാർ അവസാനിപ്പിക്കുകയാണെങ്കിൽ അതു മൂലമുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ഈടാക്കേണ്ടതാണ്. കരാർ ലംഘനം നടത്തുന്ന കരാറുകാരന്റെ

ലൈസൻസ് റദ്ദ് ചെയ്യേണ്ടതും, കുറഞ്ഞത് 5 വർഷത്തേക്ക് ടെണ്ടറിൽ പങ്കെടുക്കുന്നതിൽനിന്നും വിലക്കേണ്ടതുമാണ്. കരാറുകാരനിൽനിന്നും അവശേഷിച്ച പണിയുടെ 30% തുക തിരിച്ച് പിടിച്ച് (Risk & Cost Amount) 3 മാസത്തിനകം അടവാക്കണം. ഇത്തരത്തിൽ ചെയ്യാത്ത പ്രവൃത്തി മറ്റ് രീതിയിൽ പൂർത്തീകരിക്കാൻ കരാറുകാരനിൽനിന്നും ഈടാക്കിയതിൽ കൂടുതൽ തുക അധിക ചെലവ് വരുന്നപക്ഷം പ്രസ്തുത തുക പ്രവൃത്തി പൂർത്തീകരിച്ചശേഷം കരാറുകാരനിൽനിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കണം. ഇത്തരത്തിൽ തുക ഒടുക്കാൻ കരാറുകാരൻ തയ്യാറാകാത്ത പക്ഷം താഴെ പറയുന്ന രീതിയിൽ തുക ഈടാക്കാവുന്നതാണ്. (1) ഇം.എം.ഡി./സെക്യൂരിറ്റി തുക (2) ബിൽ തുക/റീടെൻഷൻ തുക (3) ഏതെങ്കിലും തുക നൽകാനുള്ളതിൽനിന്നും (4) ബാങ്ക് ഗ്യാരന്റി/പെർഫോർമൻസ് ഗ്യാരന്റി/സിവിൽ കേസ് ഫയൽ ചെയ്യൽ.

എന്നാൽ മേൽ കാണിച്ചിട്ടുള്ള പ്രവൃത്തികൾ റീടെണ്ടർ ചെയ്ത് നടപ്പിലാക്കിയതിൽ നഗരസഭയ്ക്കുണ്ടായ അധിക ചെലവ് ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ഈടാക്കുന്നതിനുള്ള ഫലപ്രദമായ യാതൊരു നടപടികളും മുനിസിപ്പൽ എഞ്ചിനീയറുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.37/23-01-2024) മുനിസിപ്പൽ എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്ത് കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും, നഷ്ടം ടിയാനിൽനിന്നും ഈടാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചു. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 ടാർ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല

ഓഡിറ്റ് വർഷം നിർവ്വഹണം പൂർത്തിയാക്കി ബിൽ തുക നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളുടെ കരാറുകാർ പ്രവൃത്തിക്ക് ആവശ്യമായ ടാർ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, അടങ്കൽ<br>കരാറുകാരന്റെ പേര് | ചെലവ് | ചെലവിന്റെ വിവരം |
|---|---|---|---|
| 1 | 223/23 – ഡിക്സൺപടി മർത്തശ്മൂനി പള്ളി റോഡ് നവീകരണം വാർഡ് 26<br>അടങ്കൽ - 550000<br>കരാറുകാരൻ - ശ്രീ കെ.ജെ. ബിജു<br>ടെണ്ടർ നിരക്ക് - (+)10% | 548799 | 22050347000900454970/24.08.22 |
| 2 | കുറ്റിയിൽപടി പാവൂർപടി ചക്കനാട്ടുപടി മുണ്ടിളംപ്ലാവിൽപടി റോഡ് പുനരുദ്ധാരണം വാർഡ് 15<br>അടങ്കൽ - 500000<br>കരാറുകാരൻ - ശ്രീ കെ.ജെ. ബിജു<br>ടെണ്ടർ നിരക്ക് - Estimate Rate | 466517 | 21050347000901529027/30.03.22 (₹342130)<br>22050347000901468332/24.03.23 (₹124387) |
| | ആകെ | 1015316 | |

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാരൻ ടാറിന്റെ ഒറിജിനൽ ബില്ലുകൾ പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാക്കേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട് (സ.ഉ.(സാധാ.)നം.3049/2016, തീ.08/11/2016). ഒന്നിൽ കൂടുതൽ പ്രവൃത്തികൾക്കായി ഒരേ ബിൽ പ്രകാരം ടാർ വാങ്ങുന്ന സാഹചര്യത്തിൽ ഹാജരാക്കുന്ന ഒറിജിനൽ ടാർ ബില്ലിൽ ഏത് പ്രവൃത്തിക്ക് വേണ്ടിയാണോ ടാർ ബിൽ ഹാജരാക്കിയത് എന്ന കാര്യം എഴുതി ആയതിന് ആവശ്യമായ ടാറിന്റെ അളവും തുക്കവും രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്ത ശേഷം ആ ഒറിജിനൽ ബില്ലിന്റെ പകർപ്പെടുത്ത് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഫയലിൽ സൂക്ഷിക്കേണ്ടതും ഒറിജിനൽ ബിൽ ശേഷിക്കുന്ന ടാർ പ്രവൃത്തികൾക്കായി കരാറുകാരന് തിരികെ നൽകാവുന്നതുമാണ്. അല്ലാത്തപക്ഷം ടാർ ബിൽ വ്യാപകമായി ദുരുപയോഗം ചെയ്യാനും മറ്റ് സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് ഉപയോഗിക്കാനും സാധ്യതയുണ്ട്. ഇത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (No.E12/11316/2020/CE/LID&EW, Dtd.01/02/2021). ടി പ്രവൃത്തികൾക്ക് ടാർ വാങ്ങിയതിന്റെ ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ചവരുത്തിയ ഏതാനും പ്രവൃത്തികളുടെ കരാറുകാരിൽനിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ല. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ, നിശ്ചിത കാലാവധിയുടെ 25% സമയം അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ്, ആയത് അനുവദിക്കാവുന്നതാണ്. ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി അധിക പൂർത്തീകരണ കാലാവധി ആ പ്രവൃത്തിയുടെ അനുവദിനീയമായ കാലാവധിയുടെ പകുതി മാത്രമായിരിക്കും. കരാർ

ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം പിഴയോടുകൂടി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ആദ്യത്തെ മൂന്ന് മാസം വരെ കരാർ തുകയുടെ 1% (1000 രൂപയിൽ കുറയാതെയും 50,000 രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതും, തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% (2000 രൂപയിൽ കുറയാതെയും, 1,00,000 രൂപയിൽ കവിയാതെയും) പിഴ ചുമത്താവുന്നതാണ് (പി.ഡബ്ല്യു.ഡി. മാന്വൽ ഖ. 2112.1). എന്നാൽ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയിട്ടില്ല. ഈ ഇനത്തിൽ 48311 രൂപയുടെ നഷ്ടം നഗരസഭാ ഫണ്ടിനുണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയതി | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ തുക |
|---|---|---|---|---|---|
| 1 | 225/22- ശ്രീമൂലം മാർക്കറ്റ് നവീകരണം<br>അടങ്കൽ - 903265 (CFC)<br>പി.എ,സി. - 807379.60+12% GST<br>കരാറുകാരൻ - ശ്രീ കൃഷ്ണകുമാർ കെ.ആർ.<br>കരാർ നം., തീ. - 104/2021-22, Dtd. 04.03.22<br>എഗ്രിമെന്റ് കാലയളവ് - 3 മാസം<br>പ്രവൃത്തി മൂല്യം - 829047<br>ബിൽ നം.22050347000900489113<br>30/08/2022<br>വൗ.നം. - 54/1-23/10-01-23 | 04.03.22 | 03.06.2022 | 13.09.2022 | 11253 |
| 2 | 308/22 - കരുവാറ്റകുളം നവീകരണം<br>അടങ്കൽ - 1142534<br>പി.എ.സി. - 818125.80+12% GST<br>കരാറുകാരൻ - ശ്രീ റേ തോമസ്<br>കരാർ നം. 102/2021-22, Dtd. 02-03-22<br>എഗ്രിമെന്റ് കാലയളവ് - 3 മാസം<br>പ്രവൃത്തി മൂല്യം - 907132<br>വൗ.നം. 65/1-23/10-01-23,<br>111/-3-23/28-03-23 | 02.03.22 | 01.06.22 | 14.03.23 | 27489 |
| 3 | 73/22 - പാലക്കുന്നിൽപടി പുതുപറമ്പിൽവിളയിൽ റോഡ് പുനരുദ്ധാരണം വാർഡ് 9<br>അടങ്കൽ - 355300<br>പി.എ.സി. - 323000+10% Tender Above<br>കരാറുകാരൻ - ശ്രീ അജീഷ് എസ്.<br>കരാർ നം.91/2021-22, Dtd. 28-01-22<br>എഗ്രിമെന്റ് കാലയളവ് - 4 മാസം<br>പ്രവൃത്തി മൂല്യം - 342086<br>ബിൽ നം.22050347000901123650<br>01/02/2023 | 28.02.22 | 27.06.22 | 21.11.22 | 7817 |
| 4 | 296/22 - പ്ലാവിളകോളനി നവീകരണം<br>അടങ്കൽ - 200000<br>പി.എ.സി. - 117369.04+12% GST<br>കരാറുകാരൻ - ശ്രീ കൃഷ്ണകുമാർ കെ.ആർ.<br>കരാർ നം. 105/2021-22, Dtd.04-03-22<br>എഗ്രിമെന്റ് കാലയളവ് - 3 മാസം<br>പ്രവൃത്തി മൂല്യം - 131294<br>ബിൽ നം. 22050347000901005467<br>Dtd. 06.01.2023 | 04.03.22 | 03.06.22 | 17.09.22 | 1752 |
| | ആകെ | | | | 43311 |

നിയമാനുസൃതമുള്ള പിഴ ഈടാക്കാതിരുന്നതു മൂലമുള്ള നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽനിന്നോ, അല്ലാത്ത പക്ഷം പ്രവൃത്തിയുടെ നിർവ്വഹണ ചുമതല വഹിച്ച മുനിസിപ്പൽ എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

## 1-42 സെക്യൂരിറ്റി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കരാറുകാർ ലഭ്യമാക്കുന്ന സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. സെക്യൂരിറ്റി രജിസ്റ്റർ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കുയോ, രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുകയോ ചെയ്തിട്ടില്ല. സെക്യൂരിറ്റികൾ കരാറുകാർക്ക് മടക്കി നൽകുമ്പോൾ രജിസ്റ്ററിൽ തീയതി വച്ച് കൈയ്യൊപ്പ് രേഖപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ പ്രവൃത്തികളുടെ വൈകല്യ ബാധ്യത കാലയളവിനുശേഷമാണോ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകിയിട്ടുള്ളതെന്ന് രജിസ്റ്റർ പരിശോധിച്ച് മനസ്സിലാക്കാൻ സാധിക്കുന്നില്ല.

സുരക്ഷാ നിക്ഷേപം വൈകല്യ ബാധ്യത കാലയളവിന് ശേഷം തിരികെ നൽകുമ്പോൾ പ്രവൃത്തിയുടെ അപ്പോഴത്തെ അവസ്ഥ, നിലവാരം എന്നത് സംബന്ധിച്ച് കൃത്യമായ പരിശോധന ഉണ്ടാകുന്നില്ല. സുരക്ഷാ നിക്ഷേപം തിരികെ നൽകുന്നതിന് മുമ്പ് വിശദമായ പരിശോധന നടത്തുകയും, വൈകല്യങ്ങൾ ഉള്ളപക്ഷം അവ പരിഹരിക്കേണ്ടതും, ആയതിന്റെ വ്യാപ്തി വിലയിരുത്തൽ നടത്തി ഗുണനിലവാരത്തെ ബാധിക്കുന്ന തകരാറുകൾ ഇല്ല എന്ന് ഉറപ്പ് വരുത്തണമെന്നും, കൃത്യമായ വിലയിരുത്തൽ കൂടാതെയാണ് സുരക്ഷാ നിക്ഷേപം തിരികെ നൽകിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടാൽ ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദിയായിരിക്കുമെന്നും വ്യക്തമാക്കികൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (നം.ഡി.ബി.1/7778/10സിഇ /എൽ.ഐ.ഡി.&ഇ.ഡബ്ല്യൂ., തീ. 25.05.21).

ചീഫ് എഞ്ചിനീയറുടെ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിലും, സെക്യൂരിറ്റി രജിസ്റ്റർ നിശ്ചിത മാതൃകയിൽ യഥാവിധി പരിപാലിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.47/25-01-2024) നിർവ്വണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 അനുമതി വാങ്ങാതെ അംഗീകരിച്ച എസ്റ്റിമേറ്റിലെ അളവിൽ അധികമായി പ്രവൃത്തി നടത്തി

പ്രോജക്ട് നം. 308/23
അടങ്കൽ - 200000
പി.എ.സി. - 120142.31 + 18% GST
കരാറുകാരൻ - ശ്രീ ജി. ഉണ്ണികൃഷ്ണൻ
ചെലവ് - 141470
ബിൽ നം., തീ. 220503470009015O4949/27.03.23

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ ചിരണിക്കൽ മുനിസിപ്പൽ എസ്.സി.കോളനി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് 13 എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ അംഗീകരിച്ച എസ്റ്റിമേറ്റിലെ അളവിൽ അധികമായി പ്രവൃത്തി നടത്തിയതിന് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളതായി വ്യക്തമായി. എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് അധിക അളവിൽ പ്രവൃത്തി നടത്തിയതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളതായി കണ്ടില്ല.

എസ്.സി.പി. ഫണ്ടിൽനിന്നും 200000 രൂപ വകയിരുത്തിയാണ് പ്രോജക്ടിന് അംഗീകാരം വാങ്ങിയിട്ടുള്ളത്. പ്രവൃത്തി ടെണ്ടർ ചെയ്തതിൽ 28.78% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ ഉണ്ണികൃഷ്ണൻ എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരം കാരാറുകാരൻ 141470രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം 3 പ്രകാരം 21.176 M3 ഡി.ആർ. മേസൺറി പ്രവൃത്തി നടത്തുന്നതിന് 5988.21/m3നിരക്കിൽ 126806.33 രൂപയായിരുന്നു എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ ഫൈനൽ ബിൽ പ്രകാരം 26.180m3 പ്രവൃത്തി നടത്തിയതിന് 156771.34 രൂപ കരാറുകാരന് അനുവദിച്ച് നൽകി. അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് അധിക അളവിൽ പ്രവൃത്തി നടത്തിയതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിയും, സാങ്കേതികാനുമതിയും വാങ്ങിയിട്ടുള്ളതായി കാണുന്നില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ ഒറിജിനൽ എസ്റ്റിമേറ്റിലെ അളവിൽ പരിമിതപ്പെടുത്തി വേണമായിരുന്നു കരാറുകാരന് പ്രതിഫലം നൽകാൻ. എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്താതെ ബിൽ തുക നൽകിയ ഇനത്തിൽ കരാറുകാരന് 17076 അധികം നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഇനം | എസ്റ്റിമേറ്റ്/എഗ്രിമെന്റ് | ഫൈനൽ | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം. | | പ്രകാരമുള്ള അളവ്, നിരക്ക്, തുക | ബിൽ പ്രകാരം ചെയ്ത അളവ്, നിരക്ക്, തുക | ചെയ്ത അളവ്, തുക |
| 3 | 75.7.1: DRY RUBBLE MASONRY With Hard Stone, Including Through/Bond Stone In Fundation And Syuperstructure Inclduing Packing To Compactness To Lines And Levels................ | 22.176 M3 @5988.21 = 132794.54 | 26.180 M3 @5988.21 = 156771.34 | 4.004 M3 @5988.21 = 23976.79 |
| | കുറയ്ക്കുക: - 28.78% ടെണ്ടർ കുറവ് | | | 6900.52 |
| | കരാറുകാരന് അധികം നൽകിയത് | | | 17076.27 |

അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് അധികം ചെയ്ത പ്രവൃത്തിക്ക് ചെലവഴിച്ച 17076.27 രൂപ ഓഡിറ്റിൽ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ വിശദീകരിക്കേണ്ടതാണ്.

## 1-44 ചെട്ടിയാംമുകൾ കോളനി വീട് സംരക്ഷണഭിത്തി നിർമ്മാണം വാർഡ് 28 – പ്രവൃത്തി നിർവ്വഹണത്തിൽ അപാകം

| | |
|---|---|
| പ്രോജക്ട് നം. | 263/22 (165/23) |
| അടങ്കൽ | 200000 |
| കരാറുകാരൻ | ശ്രീ ബിജു എം. |
| എഗ്രിമെന്റ് നം. | 63/2021-22, Dtd. 10/01/22 |
| ചെലവ് | ₹219627 |
| എം. ബുക്ക് നം. | 94/21-22 |
| ബിൽ നം. | 22050347000900378277, തീ. 02/08/2022 |

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി ഫണ്ടിൽനിന്നും 200000 രൂപ വകയിരുത്തി ചെട്ടിയാംമുകൾ കോളനി വീട് സംരക്ഷണഭിത്തി നിർമ്മാണം എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്തതിൽ 10% അധിക നിരക്ക് രേഖപ്പെടുത്തിയ ശ്രീ ബിജു എം. എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 219627രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെ സംരക്ഷണ ഭിത്തി നിർമ്മിച്ചു**

ഈ പ്രവൃത്തിയുടെ ഇനം.2 പ്രകാരം DSR 75.7.1 സ്പെസിഫിക്കേഷൻ പ്രകാരം ബോണ്ട് സ്റ്റോൺ ഉപയോഗിച്ച് 38.092 ഘന മീറ്റർ ഡി.ആർ. മേസൺറി പ്രവൃത്തി നടത്തിയതിന് 4043.42 രൂപ നിരക്കിൽ 10% ടെണ്ടർ വ്യതിയാനം ഉൾപ്പടെ ആകെ 169424.14 രൂപ പ്രതിഫലം നല്കിയിട്ടുണ്ട്. പ്രവൃത്തി സ്ഥലം മുനിസിപ്പൽ എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഭൗതിക പരിശോധന നടത്തിയതിൽ പ്രവൃത്തിക്ക് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമായി. സ്പെസിഫിക്കേഷൻ പ്രകാരം ക്യൂബിക്ക് മീറ്ററിന് 7 ബോണ്ട് സ്റ്റോണുകളാണ് ഉപയോഗിക്കേണ്ടത്. ആയത് പ്രകാരം 38.092ഘന മീറ്റർ പ്രവൃത്തിക്ക് 266 ബോണ്ട് സ്റ്റോണുകളാണ് ഉപയോഗിക്കേണ്ടിയിരുന്നത്. പ്രവൃത്തികൾക്ക് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 266 ബോണ്ട് സ്റ്റോണുകളുടെ വിലയായി 25.62 രൂപ നിരക്കിൽ 6814.92 രൂപ കരാറുകാരന് അനർഹമായി പ്രതിഫലം നൽകി.

DSR 2016

| | |
|---|---|
| Cost Of 1 No. | 15.35 |
| Add Overhead 10% | 1.54 |
| Total | 16.89 |
| Add CP 10% | 1.69 |
| Total | 18.57 |
| Add Cost Index 37.93% | 7.04 |
| Cost Of 1 Bond Stone | 25.62 |

കരാറുകാരന് അനർഹമായി അധികം നൽകിയ 6815 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

**ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് പ്രതിഫലം നൽകി, നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്ത് കൃത്യവിലോപം**

പ്രവൃത്തിയുടെ ഇനം 3 പ്രകാരം 0.9 ഘ.മീറ്റർ അളവിൽ (1x8.00x0.75x0.15) Cc 1:2:4 അനുപാതത്തിൽ സംരക്ഷണ ഭിത്തിയ്ക്ക് Middle Belt നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റിൽ പ്രോവിഷൻ ഉൾപ്പെടുത്തുകയും, ആയത് പ്രകാരം പ്രവൃത്തി നടത്തിയതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് പ്രതിഫലം നൽകുകയും ചെയ്തു. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഇപ്രകാരമൊരു പ്രവൃത്തി നടത്തിയിട്ടില്ലെന്ന് വ്യക്തമായി. കരാറുകാരൻ യഥാർത്ഥത്തിൽ ചെയ്യാത്ത പ്രവൃത്തിക്ക് ഘനമീറ്ററിന് 7980.40 രൂപ നിരക്കിൽ 10% ടെണ്ടർ വ്യതിയാനം ഉൾപ്പടെ ആകെ 7900.60 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ക്രമവിരുദ്ധമായി നൽകിയ 7901 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

10.50 മീറ്റർ നീളത്തിലും 2 മീറ്റർ പൊക്കത്തിലുമാണ് Middle Belt ഒഴിവാക്കി സംരക്ഷണഭിത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. ഇപ്രകാരം Middle Belt ഒഴിവാക്കി നിർമ്മാണം നടത്തിയത് സംരക്ഷണ ഭിത്തിയുടെ ഉറപ്പിനേയും ഈടുനിൽപ്പിനേയും പ്രതികൂലമായി ബാധിക്കും. മാത്രവുമല്ല മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം പ്രവൃത്തിക്ക് എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ബോണ്ട് സ്റ്റോണുകൾ (ആണിക്കല്ല്) ഉപയോഗിച്ചിട്ടുമില്ല. പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കുന്ന തരത്തിൽ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് നിർമ്മാണം നടത്താനിടയായത് പ്രവൃത്തിയുടെ മേൽനോട്ടച്ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യമാണ്.

**പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽനിന്നും വ്യതിചലിച്ചു, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല**

പട്ടികജാതി ഫണ്ട് വകയിരുത്തിയാണ് പദ്ധതിയ്ക്ക് അംഗീകാരം വാങ്ങിയിട്ടുള്ളത്. പശ്ചാത്തല മേഖലയിൽ, ഗതാഗതം എന്ന ഉപമേഖലയിലും, റോഡുകൾ എന്ന സൂക്ഷ്മ മേഖലയിലും ഉൾപ്പെടുത്തിയാണ് പ്രോജക്ടിന് അംഗീകാരം വാങ്ങിയിട്ടുള്ളതെങ്കിലും, ചെട്ടിയാംമുകൾ കോളനിയിലെ രണ്ട് സ്വകാര്യ വ്യക്തികളുടെ പുരയിടത്തിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് കണ്ടു. അംഗീകരിച്ച പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി രണ്ട് സ്വകാര്യ വ്യക്തികൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന രീതിയിൽ പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

കൂടാതെ, പട്ടിക ജാതി വികസന ഫണ്ട് വകയിരുത്തി നടപ്പിലാക്കിയിട്ടുള്ള ഈ പ്രവൃത്തിയ്ക്ക് പട്ടികജാതി വികസന ഓഫീസറിൽനിന്നുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റും, സോഷ്യൽ മാപ്പും ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നില്ല. ഈ പ്രവൃത്തിക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പ്രവൃത്തിക്ക് ചെലവഴിച്ച 219627 രൂപയിൽ മേൽ ഖണ്ഡികകൾ പ്രകാരം നിരാകരിച്ച 14716 രൂപ (6815+7900.60) കിഴിച്ച് അവശേഷിച്ച 204911 രൂപ തടസ്സപ്പെടുത്തുന്നു.

## 1-45 ജില്ലാ തലത്തിലുള്ള ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അനുമതി വാങ്ങാതെ ടെണ്ടർ അധിക നിരക്ക് അനുവദിച്ചു

DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ കാര്യത്തിൽ പ്രാദേശിക വിപണി നിരക്കിന്റെ പരമാവധിയ്ക്ക് വിധേയമായി 10% വരെ ടെണ്ടർ എക്സസ് അനുവദിക്കുന്നതിന് 16.09.2021-ലെ സ.ഉ.1778/2021/തസ്വഭവ നമ്പർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം 15 ലക്ഷം രൂപവരെയുള്ള പ്രവൃത്തികൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിലും 15 ലക്ഷം മുതൽ 1 കോടി വരെയുള്ള പ്രവൃത്തികൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിലും, 1 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ചീഫ് എഞ്ചിനീയർ തലത്തിലുമുള്ള കമ്മിറ്റി അനുമതി നൽകേണ്ടതാണ്. അതുപോലെതന്നെ DSR നിരക്കിനേക്കാൾ അധികരിച്ച് ക്വോട്ട് ചെയ്ത നിരക്കുകൾ കുറച്ച് തരുന്നതിന് കരാറുകാരനോട് (L1) ആവശ്യപ്പെടേണ്ടതുമാണ്.

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരുന്ന പ്രകാരം കരാറുകാരനോട് നിരക്ക് കുറയ്ക്കുന്നതിന് നെഗോഷ്യേഷൻആവശ്യപ്പെട്ടിട്ടില്ല. മാത്രവുമല്ല ഇപ്രകാരം ടെണ്ടർ അധിക നിരക്ക് നൽകുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിലുള്ള ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അനുമതി വാങ്ങിയിട്ടുള്ളതായും കണ്ടില്ല.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | കരാറുകാരന്റെ പേര് | ടെണ്ടർ എക്സസ് അനുവദിച്ചത് (10%) |
|---|---|---|---|
| 1 | 72/21-22 - പാലക്കുന്നിൽ പടി - പുതുപറമ്പിൽ വിളയിൽ റോഡ് പുനരുദ്ധാരണം വാർഡ് 9<br>അടങ്കൽ - 355300<br>ചെലവ് - 342086<br>ബിൽ നം., തീ. - 201/ 01-02-2023 | ശ്രീ അജീഷ് എസ്. | 19086 |
| 2 | 90/21-22 - പൂകുന്നിൽ പടി സംഗമം റോഡ് നവീകരണം വാർഡ് 12 | ശ്രീ ഉണ്ണികൃഷ്ണൻ | 6399 |

| | | | |
|---|---|---|---|
| | അടങ്കൽ - 70400<br>ചെലവ് - 70380<br>ചെക്ക് നം.,തീ. - 689925 | | |
| 3 | 98/21-22 - ഡിക്സൺ പടി മർത്തശമുനി പള്ളി റോഡ് നവീകരണം വാർഡ് 26<br>അടങ്കൽ - 285840<br>ചെലവ് - 498799<br>ബിൽ നം., തീ. - 47/ 24-08-2022 | ശ്രീ കെ.ജെ.ബിജു | 44545 |
| 4 | 242/21-22 - ഇ വി നഗർ വട്ടമുഗൾ റോഡ് റീടാറിംഗ് വാർഡ് 28<br>അടങ്കൽ - 550000<br>ചെലവ് - 549907<br>ബിൽ നം., തീ. - 21050347000901191499/24.02.22 | ശ്രീ കൃഷ്ണകുമാർ കെ.ആർ | 49991 |
| 5 | 247/21-22 - കാവിള കോളനി റോഡ് നവീകരണം സംരക്ഷണ ഭിത്തി വാർഡ്-1<br>അടങ്കൽ - 220000<br>ചെലവ് - 218195<br>ബിൽ നം., തീ. - 22050347000900200642/08.06.22 | ശ്രീ ബിജു എം. | 19837 |
| 6 | 248/21-22 - ചേറ്റുകുഴി കലുങ്ക് സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ്-13<br>അടങ്കൽ - 220000<br>ചെലവ് - 197736<br>ചെക്ക് നം., തീ - 22050347000900156860/31.05.22 | ശ്രീ കൃഷ്ണകുമാർ കെ.ആർ | 17976 |
| 7 | 252/21-22 - കല്ലുവെട്ടാം മുകളിൽ ജെം മുതൽ കൊശക്കുഴി ജെം വരെയുള്ള റോഡിൻറെ സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് -10<br>അടങ്കൽ - 220000<br>ചെലവ് - 206303<br>ബിൽ നം., തീ. - 22050347000900489103/30.08.22 | ശ്രീ കൃഷ്ണകുമാർ കെ.ആർ | 16745 |
| 8 | 257/21-22 - ചരുവിള കോളനി സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് -18<br>അടങ്കൽ - 200000<br>ചെലവ് - 219300<br>ബിൽ നം., തീ. - 22050347000900592109/28.09.22 | ശ്രീ നിതിൻ പ്രകാശ് | 17800 |
| 9 | 259/21-22 - മണലിക്കൽ ശ്ശനെട്ടംകോട്ട്കോളനി സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് -2ശാനം റോഡ് കോൺക്രീറ്റ് വാർഡ് - 9<br>അടങ്കൽ - 220000<br>ചെലവ് - 217320<br>ബിൽ നം., തീ. - 22050347000900156858/01.06.22 | ശ്രീ പ്രകാശ് റ്റി. | 19754 |
| 10 | 270/21-22 - വല്യത്ത്പടി കുഴിങ്കാല കോളനി റോഡ് നവീകരണം വാർഡ് -13<br>അടങ്കൽ - 110000<br>ചെലവ് - 109889<br>ചെക്ക് നം., തീ. - 669917 | ശ്രീ ഉണ്ണികൃഷ്ണൻ | 9889 |
| 11 | 271/21-22 - വഴോട്ടു കോളനി റോഡ് കോൺക്രീറ്റ് ഓട നിർമ്മാണം വാർഡ് 14<br>അടങ്കൽ - 110000<br>ചെലവ് - 108461<br>ചെക്ക് നം.689925 | ശ്രീ ഉണ്ണികൃഷ്ണൻ | 9684 |
| 12 | 273/21-22 - ചക്കനാട്ടു പടി പാവൂർ പടി റോഡ് നവീകരണം വാർഡ് -15<br>അടങ്കൽ - 110000<br>ചെലവ് - 109647<br>ചെക്ക് നം.,തീ. - 914597 | ശ്രീ കൃഷ്ണകുമാർ കെ.ആർ | 9968 |

| | | | |
|---|---|---|---|
| 13 | 275/21-22 - മാടൻ കാവിൽ പടി സബ് സ്റ്റേഷൻ റോഡ് നവീകരണം വാർഡ് -17<br>അടങ്കൽ - 220000<br>ചെലവ് - 219858 | ശ്രീ ഉണ്ണികൃഷ്ണൻ | 19988 |
| 14 | 278/21-22 - പഴയ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഐഎച്ച്ആർഡി റോഡ് നവീകരണം<br>അടങ്കൽ - 330000<br>ചെലവ് - 328970<br>ചെക്ക് നം., തീ. - 689930 | ശ്രീ കൃഷ്ണകുമാർ കെ.ആർ | 29906 |
| | ആകെ | | 291568 |

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.59/29-01-2024) ബന്ധപ്പെട്ടവർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ടെണ്ടർ അധിക നിരക്ക് ഇനത്തിൽ കരാറുകാർക്ക് നൽകിയ 291568 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 10% ടെണ്ടർ അധിക നിരക്ക് നൽകിയതിന് ടെണ്ടർ അപ്രൂവൽ കമ്മിറ്റിയിൽനിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

## 1-46 പാഴ്വസ്തു സംഭരണ കേന്ദ്രത്തിൽ സുരക്ഷാ മുൻകരുതലുകളും, സജ്ജീകരണങ്ങളും ഇല്ല

നഗരസഭാ പരിധിയിൽനിന്നും ഹരിത കർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സംഭരിച്ച് തരംതിരിച്ച് പരിപാലിക്കുന്നതിന് നഗരസഭ പറക്കോട് മാർക്കറ്റിൽ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്ന ആർ.ആർ.എഫ്.-ൽ (റിസോഴ്സ് റിക്കവറി ഫെസിലിറ്റി) തീപിടുത്ത സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചിട്ടില്ല. ഇത്തരം കേന്ദ്രങ്ങളിൽ ഏർപ്പെടുത്തേണ്ട സുരക്ഷാ മുൻകരുതലുകളും, സുരക്ഷാ സജ്ജീകരണങ്ങളും സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (ജി.ഒ.(സാധാ.)നം.113/2021/തസ്വഭവ, തീ. 16.01.2021). പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കപ്പെടുന്ന ഇത്തരം കേന്ദ്രങ്ങളിൽ തീപിടുത്തം മൂലം അപകടങ്ങൾ ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ് എന്നതിനാൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ആർ.ആർഎഫ്. പ്രവർത്തിപ്പിക്കുന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള കുറ്റകരമായ അലംഭാവമാണ്

ജനസാന്ദ്രത കൂടിയ പറക്കോട് ൗണിന്റെ മധ്യത്തിലായാണ് ആർ.ആർ.എഫ്, സ്ഥിതി ചെയ്യുന്നത്. പറക്കോട് മാർക്കറ്റിലെ നഗരസഭ വക വ്യാപാര സമുച്ചയത്തിന്റെ ഒന്നാം നിലയിൽ ഉദ്ദേശ്യം 2500 ച.അടി വിസ്തൃതിയിൽ 17.62 ലക്ഷം രൂപ ചെലവഴിച്ചാണ് ആർ.ആർ.എഫ്. നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. അഗ്നിശമന സേനയുടെ മാനദണ്ഡങ്ങൾ പ്രകാരമുള്ള സജ്ജീകരണങ്ങൾ ഇവിടെ ഒരുക്കിയിട്ടില്ല. ആർ.ആർ.എഫ്-ൽ കൈകാര്യം ചെയ്യുന്ന ഉൽപ്പന്നങ്ങൾ എല്ലാം തന്നെ വളരെ പെട്ടെന്ന് തീപിടിക്കാൻ സാധ്യതയുള്ളവയാണ്. തീപിടിത്തമുണ്ടായാൽ അടിയന്തിരമായി തീ അണയ്ക്കുന്നതിനോ, ജീവനക്കാരെ സുരക്ഷിതരാക്കുന്നതിനോ കഴിയുന്ന സാഹചര്യമില്ല. അടിയന്തിരമായി വെള്ളം പമ്പ് ചെയ്യുന്നതിന് ജലസംഭരണികളോ വാട്ടർ പമ്പുകളോ സ്ഥാപിച്ചിട്ടില്ല. പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളുടെ (MCF, RRF) പ്രവർത്തനത്തിന് കേരള ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് ഡിപ്പാർട്ട്മെന്റിന്റെ NOC അത്യന്താപേക്ഷിതമാണ്. അതുപൊലെതന്നെ ഇത്തരം കേന്ദ്രങ്ങളിലെ വൈദ്യുത സംവിധാനങ്ങൾ കുറ്റമറ്റതാണെന്ന് ഉറപ്പാക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ ആർ.ആർ.എഫ്. പ്രവർത്തിപ്പിക്കുന്നതിന് ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് ഡിപ്പാർട്ട്മെന്റിന്റെ NOC ലഭിച്ചിട്ടില്ല. അതുപോലെതന്നെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുഖാന്തിരം വൈദ്യുത സംവിധാനങ്ങളുടെ പരിശോധന നടത്തിയിട്ടുമില്ല.

ആർ.ആർ.എഫ്-ൽ സർക്കാരിന്റെ മാർഗ്ഗരേഖ പ്രകാരമുള്ള സുരക്ഷാ മുൻകരുതലുകളും, സജ്ജീകരണങ്ങളും ഏർപ്പെടുത്തുന്നതിനും, ഫയർ & റെസ്ക്യൂ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നീ ഡിപ്പാർട്ട്മെന്റുകളിൽനിന്നുള്ള അനുമതി പത്രങ്ങൾ ലഭ്യമാക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

**ആർ.ആർ.എഫ്. സ്ഥാപിക്കുന്ന പദ്ധതി പരാജയം**

2021-22-ലെ വാർഷിക പദ്ധതിയിലാണ് ആർ.ആർ.എഫ്. സ്ഥാപിക്കുന്നതിന് നഗരസഭ പദ്ധതി തയ്യാറാക്കിയത്. ഇതിനായി 2321369 രൂപയാണ് വകയിരുത്തിയിരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിവിനും മെഷീനറികൾ സ്ഥാപിക്കുന്നതിനും കുറഞ്ഞ ചിലവിൽ സ്ഥാപിക്കാവുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയുടെ മാതൃകാ എസ്റ്റിമേറ്റും പ്ലാനും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അംഗീകരിച്ചശേഷം സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(സാധാ)നം.306/2019/തസ്വഭവ., തീ. 12/02/2019). 510/Sq.ft./47.43Sq.m അളവിലുള്ള MCF/RRFകെട്ടിടത്തിന്റെ എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയിരുന്നത് 775000 രൂപയായിരുന്നു. ഇപ്രകാരം സർക്കാർ അംഗീകരിച്ചതും, ചെലവ് കുറഞ്ഞതുമായ ഒരു മാതൃകാ എസ്റ്റിമേറ്റ് നിലവിലുള്ളപ്പോഴാണ് അതിന്റെ മൂന്നിരട്ടി തുക വകയിരുത്തി വലിയ സംഭരണ ശേഷിയുള്ള ഫെസിലിറ്റി

സജ്ജീകരിക്കുന്നതിന് നഗരസഭ പദ്ധതി തയ്യാറാക്കിയത്. ഫെസിലിറ്റിയുടെ സംഭരണ ശേഷി പൂർണ്ണമായി പ്രയോജനപ്പെടുത്തി വലിയ അളവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇവിടെ സംഭരിക്കുന്നത് തീപിടുത്ത സാധ്യത പരിഗണിക്കുമ്പോൾ അപകടകരവും, അപ്രായോഗികവുമാണ്. ആർ.ആർ.എഫ്. കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭ തെരഞ്ഞെടുത്ത സ്ഥലവും അനുയോജ്യവുമായിരുന്നില്ല. സാധനങ്ങൾ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ എത്തിക്കുന്നത് ആയാസകരമായ കാര്യമാണ്. ഇതിനായി Electric Cable Hoist സ്ഥാപിക്കുന്നതിന് പ്രോജക്ടിൽ തുക വകയിരുത്തിയിരുന്നെങ്കിലും ആയത് സ്ഥാപിക്കപ്പെട്ടിട്ടില്ല. ആർ.ആർ.എഫു-കളിൽ സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ട പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ, ബെയിലിംഗ് മെഷീൻ, ഡസ്റ്റ് റിമൂവർ, പ്ലാസ്റ്റിക് മെൽറ്റിംഗ് & ഗ്രൈൻഡിംഗ് മെഷീനുകൾ എന്നിവയൊന്നും സ്ഥാപിച്ച് പ്രവർത്തിപ്പിക്കാവുന്ന അവസ്ഥയിലല്ല ഈ കെട്ടിടം ഉള്ളത്. ആർ.ആർ.എഫ്. സ്ഥാപിച്ചിട്ടുള്ള കെട്ടിടത്തിൽ മെഷീനുകൾ സ്ഥാപിച്ചാൽ കെട്ടിടത്തിന് ബലക്ഷയം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് PIU-SWM എഞ്ചിനീയർ കത്ത് നൽകിയിരുന്നു. ടി കെട്ടിടത്തിൽ വലിയ ഭാരമുള്ള യന്ത്രങ്ങൾ പ്രവർത്തിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൈമലപ്പാറയിലെ ഖരമാലിന്യ പ്ലാൻറിനോട് ചേർന്ന് പുതിയതായി നിർമ്മിച്ച ഷെഡിലേക്ക് RRF മാറ്റുന്നതിനും MCF Storage ആയി ടി കെട്ടിടത്തെ മാറ്റുന്നതിനുമാണ് ഒടുവിൽ തീരുമാനമായിട്ടുള്ളത്. ദീർഘവീക്ഷണമില്ലാതെ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയത് മൂലം പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ച പ്രയോജനം നഗരസഭയ്ക്ക് ഉണ്ടായിട്ടില്ല. പ്രോജക്ടിന്റെ യുക്തി, ക്ഷമത, പ്രായോഗികത, വിജയ സാധ്യത എന്നിവയൊന്നും പരിശോധിക്കാതെ വൻതുക വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതിന് ബന്ധപ്പെട്ടവർ വിശദീകരണം ലഭ്യമാക്കണം.

## 1-47 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ അപാകതകൾ

### പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല

വാർഷിക പദ്ധതിയുടെ ഭാഗമായി നഗരസഭ ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. 2022-23-ലെ വാർഷിക പദ്ധതിയിൽ 16.41 കോടി രൂപ അടങ്കലുണ്ടായിരുന്ന 189 മരാമത്ത് പ്രവൃത്തികളായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. ഇവയിൽ 62 ശതമാനം പ്രവൃത്തികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കി ധനവിനിയോഗം നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ തരം | എണ്ണം | അടങ്കൽ | നടപ്പിലാക്കി ധനവിനിയോഗം നടത്തിയവയുടെ എണ്ണം | ചെലവ് | നടപ്പിലാക്കിയ പ്രവൃത്തികൾ ശതമാന കണക്കിൽ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പുതിയത് | 111 | 133826953 | 54 | 18677167 | 48.65 | 13.96 |
| സ്പിൽ ഓവർ | 78 | 30324760 | 64 | 22169289 | 82.05 | 73.11 |
| ആകെ | 189 | 164151713 | 118 | 40846456 | 62.43 | 24.88 |

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ ഫണ്ടിൽ 25% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. പദ്ധതികളുടെ നിർവ്വഹണത്തിലും, ഫണ്ട് വിനിയോഗത്തിലും വീഴ്ചയുണ്ടായി.

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാതിരിക്കുന്നത് പ്രോജക്ടുകൾ വലിയ തോതിൽ സ്പിൽ ഓവറാകുന്നതിന് ഇടയാക്കുന്നു. പ്രോജക്ടുകൾ തയ്യാറാക്കുന്നതിലൂടെ ജനങ്ങൾക്ക് നൽകുന്ന വാഗ്ദാനം ലംഘിക്കുന്നതിനൊപ്പം തൻവർഷം ചെലവഴിക്കേണ്ട വൻതുക ചെലവഴിക്കപ്പെടാതെ നഷ്ടമാകുന്നതിനും ഇത് കാരണമാകുന്നു. വാർഷിക പദ്ധതിയിലെ സ്പിൽ ഓവർ പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്നു. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലെ വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിൽ അസാധാരണമായ കാലവിളംബം

2022-23-ലെ വാർഷിക പദ്ധതിയ്ക്ക് സാമ്പത്തിക വർഷാരംഭത്തിൽതന്നെ അംഗീകാരം ലഭിച്ചുവെങ്കിലും, മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കലും, സാങ്കേതികാനുമതി വാങ്ങി പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതും സാമ്പത്തിക വർഷാന്ത്യത്തിലേക്ക് നീണ്ടുപോയതായാണ് കണ്ടത്. 2022-23-ലെ ആദ്യ ടെണ്ടർ നടന്നിരിക്കുന്നത് 05/11/2022-ലാണ്. 22 മരാമത്ത് പ്രവൃത്തികൾ 09/03/2023-ലാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. ടെണ്ടർ നടപടികൾ വർഷാന്ത്യത്തിലേക്ക് വലിച്ചിഴച്ചത് മൂലം ആവിഷ്കരിച്ച ഭൂരിപക്ഷം പ്രവൃത്തികളുടെയും നിർവ്വഹണം തൻവർഷം തന്നെ പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടില്ല.

### ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നു - പ്രോജക്ടുകളുടെ ബാഹുല്യം നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു

വാർഷിക പദ്ധതിയിലെ പ്രോജക്ടുകളുടെ ബാഹുല്യം നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ ബാഹുല്യം കാരണം ഭൂരിഭാഗവും നിർവ്വഹിക്കപ്പെടാതെ സ്പിൽ ഓവറാകുന്നു. ഓഡിറ്റ് വർഷം 189 മരാമത്ത് പ്രവൃത്തികളായിരുന്ന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ 111 എണ്ണം പുതിയ പ്രോജക്ടുകളും, 78 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളുമായിരുന്നു. പുതിയ പ്രോജക്ടുകളിൽ 50 ശതമാനവും സ്പിൽ ഓവറായത് പ്രോജക്ടുകളുടെ സമയബന്ധിതമായ നിർവ്വഹണം സാധ്യമാകുന്നില്ല എന്നതിന് തെളിവാണ്.

ചെറിയ അടങ്കലുള്ള അസംഖ്യം പദ്ധതികൾ ഏറ്റെടുക്കുന്നതാണ് പ്രോജക്ടുകളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണം. 111 പുതിയ പ്രോജക്ടുകളിൽ 44 എണ്ണത്തിന്റെ അടങ്കൽ 2 ലക്ഷമോ അതിൽ കുറവോ ആയിരുന്നു. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കേണ്ടത് പ്രോജക്ടുകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് അനിവാര്യമാണ്. ഇക്കാര്യത്തിൽ നഗരസഭാ കൗൺസിലിന്റെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

**ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല, മെയിന്റനൻസ് ഫണ്ട് ലാപ്സാക്കുന്നു**

നഗരസഭയിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിരുന്നില്ല. മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്നു. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനത്തെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ആസ്തി സംരക്ഷണ പദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിന് മുമ്പ് ഘടക സ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ച് ചേർക്കണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാതിരുന്നത് വീഴ്ചയാണ്.

ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കിയില്ലെന്ന് മാത്രമല്ല ലഭ്യമായ മെയിന്റനൻസ് ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിലും വീഴ്ചയുണ്ടായി. തൻവർഷം ലഭ്യമായ റോഡ്, റോഡിതര ആസ്തികളുടെ മെയിന്റനൻസിന് ലഭ്യമായ ഫണ്ടിൽ യഥാക്രമം 49.21 ലക്ഷവും, 56.57 ലക്ഷവും ചെലവഴിക്കാതെ ലാപ്സാക്കി. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി ലഭ്യമായ ഫണ്ട് ഫലപ്രദമായും, സമയബന്ധിതമായും ചെലവഴിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**പ്രവൃത്തികൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല**

നഗരസഭയിലെ മരാമത്ത് പ്രവൃത്തികൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. കേരള പൊതുമരാമത്ത് മാനുവലിലെ ക്ലോസ് 2401, 2406 എന്നിവ പ്രകാരം 3-Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. ബഹു. ഹൈക്കോടതി വിധിന്യായ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഒരു വർഷത്തിനുള്ളിൽ റോഡിന് തകരാറ് സംഭവിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും കരാറുകാർക്കെതിരെയും വിജിലൻസ് കേസ് എടുത്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ എല്ലാ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരും റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഗുണനിലവാര പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണെന്ന് ചീഫ് എഞ്ചിനിയർ കർശന നിർദ്ദേശം നൽകിയിരുന്നു (ഡി.ബി.3-5215/2013/സിഇ/തസ്വഭവ, തീ. 06.10.2022).

പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തണമെന്നും, പ്രവൃത്തികളുടെ ഗുണപരിശോധനാ ടെസ്റ്റുകളുടെ റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനൊപ്പം സമർപ്പിക്കേണ്ടതാണെന്നും മാനുവലിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ റോഡ് ടാറിംഗ്/കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഉൾപ്പടെ നഗരസഭ നടപ്പിലാക്കിയിട്ടുള്ള യാതൊരു പ്രവൃത്തികളും ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**റോഡ് ടാറിംഗ് പ്രവൃത്തികൾ - ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല**

തദ്ദേശസ്വയംഭരണ വകുപ്പ് ഏറ്റെടുക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിശ്ചിത ശതമാനം ഷ്രഡ്ഡഡ് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തണമെന്ന എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം നഗരസഭയിൽ പ്രവർത്തികമാക്കിയിട്ടില്ല. ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിലൂടെ ടാറിന്റെ ഉപയോഗം 10% വരെ കുറയ്ക്കാൻ സാധിക്കുന്നതാണ്. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം പാലിക്കാതിരുന്നത് വീഴ്ചയാണ്.

കൂടാതെ ടാറിംഗ് പ്രവൃത്തികൾക്ക് Open Pugmil/Hot Mix Plant-കൾ നിർബന്ധമായും ഉപയോഗിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഓഡിറ്റ് കാലയളവിൽ നഗരസഭ ഏറ്റെടുത്തിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികൾക്ക്

സിംഗിൾ ഡ്രം പ്ലാന്റുകളാണ് ഉപയോഗിച്ചിട്ടുള്ളത്. Pug Mill/Paddle സംവിധാനമുള്ള പ്ലാന്റുകൾ തന്നെ ഉപയോഗിക്കണമെന്ന കാര്യം ടെണ്ടർ നിബന്ധനകളിൽ ഉൾപ്പെടുത്തണമെന്നും, ആയത് നിർവ്വഹണ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്നും, കൂടാതെ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് നടത്തുന്ന ടാറിംഗ് പ്രവൃത്തികൾക്കും അല്ലാതെയുള്ള ടാറിംഗ് പ്രവൃത്തികൾക്കും തീജ്ജ്വാലയുമായി പ്ലാസ്റ്റിക്കോ ബിറ്റുമിനോ നേരിട്ട് സമ്പർക്കത്തിൽ വന്ന് കത്തുവാൻ ഇടയാകുന്ന തരം പ്ലാന്റുകൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണെന്നും ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുള്ളതാണ് (സർക്കുലർ നം.ഡി.ബി.3-5215/2013/സിഇ/തസ്വഭവ, തീ. 25.01.2022).

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**പ്രവൃത്തികൾ ഇൻഷ്വർ ചെയ്യണമെന്ന നിർദ്ദേശം കൃത്യമായി പാലിക്കുന്നില്ല**

മരാമത്ത് പ്രവൃത്തികളുടെ സംഗതിയിൽ പ്രവൃത്തി ആരംഭിച്ച് 15 ദിവസത്തിനകം കരാർ തുകയുടെ 0.5% തുകയ്ക്ക് ഇൻഷ്വറൻസ് (മിനിമം 2 ലക്ഷം - പരമാവധി 5 ലക്ഷം) എടുത്തതിന്റെ സർട്ടിഫിക്കറ്റ് കരാറുകാരൻ ഹാജരാക്കണമെന്ന് Bid Document-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളുടെയും കരാറുകാർ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതായി കണ്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. എല്ലാ മരാമത്ത് പ്രവൃത്തികളുടെയും കരാറുകാർ ഇൻഷ്വറൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

**മോണിറ്ററിംഗ് ഇല്ല**

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം മോണിട്ടറിംഗിന് വിധേയമാക്കുന്നില്ല. പൊതു മരാമത്ത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണമെന്നും, ഈ സമിതികൾ ഗുണഭോക്തൃസമിതികളുടെ മാതൃകയിലായിരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. മരാമത്ത് പണികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ മേൽ നിർദ്ദേശങ്ങൾ നഗരസഭയിൽ പ്രാവർത്തികമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം മോണിട്ടറിംഗിന് വിധേയമാക്കാതിരുന്നത് വീഴ്ചയാണ്. സർക്കാർ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-48 വാഴക്കൃഷിക്ക് ജൈവവളം വിതരണം ചെയ്തതിന് സഹകരണസംഘങ്ങൾക്ക് സബ്സിഡി നൽകിയത് ക്രമവിരുദ്ധം

നഗരസഭയുടെ 2022-23-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നമ്പർ 243/23ൽ ഉൾപ്പെടുത്തി കൃഷി ഓഫീസർ മുഖേന വാഴക്കൃഷിവികസനം എന്ന പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. 460 ഗുണഭോക്താക്കൾക്ക് വാഴവിത്ത്, ജൈവവളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നതിന് 485300 രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിനിർവഹണത്തിന്റെ ഭാഗമായി ജൈവവളം, കീടനാശിനി എന്നിവ വിതരണം ചെയ്തതിന് ഏഴംകുളം അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റി, പന്നിവിഴ സർവീസ് സഹകരണസംഘം എന്നീ സ്ഥാപനങ്ങൾക്ക് 381800 രൂപ നൽകിയിട്ടുണ്ട്. പദ്ധതിനിർവഹണം സംബന്ധിച്ച് രേഖകൾ പരിശോധിച്ചതിൽ ജൈവവളം വിതരണം ചെയ്തതിന് സബ്സിഡി ഗുണഭോക്താക്കൾക്ക് പകരം സഹകരണസംഘങ്ങൾക്കാണ് അനുവദിച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടു. സബ്സിഡി ധനസഹായം സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ)115/22/ത.സ്വ.ഭ.വ തീയതി 28.05.22) നിർവ്വഹണോദ്യോഗസ്ഥൻ കൺവീനറായി പർച്ചേസ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ജൈവവളം വാങ്ങി വിതരണം ചെയ്യാവുന്നതാണ്. അടിയന്തിരസാഹചര്യങ്ങളിൽ സഹകരണസംഘത്തിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുന്ന മുറക്ക് സബ്സിഡി കൃഷിക്കാരുടെ അക്കൗണ്ടിൽ അനുവദിക്കാവുന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി സബ്സിഡി തുക സഹകരണസംഘങ്ങൾക്ക് നൽകിയത് ക്രമപ്രകാരമല്ല, പദ്ധതിനിർവഹണത്തിലെ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ8/24 Dtd 18.01.2024) ജൈവവളം നേരിട്ട് വാങ്ങുന്നതിന് ഗുണഭോക്താക്കൾ വിമുഖത കാട്ടുന്നതിനാലാണ് കൃഷിഭവനിൽ നിന്ന് പെർമിറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ സഹകരണസ്ഥാപനങ്ങൾ വഴി ജൈവവളം വിതരണം ചെയ്തതെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് കൃഷി ഓഫീസർ ജൈവവളം നേരിട്ട് വാങ്ങി കർഷകർക്ക് വിതരണം ചെയ്യാവുന്നതാണ്. പദ്ധതിനിർവഹണം സർക്കാർ

മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

## 1-49 വെറ്റിലക്കൃഷി വികസനം - പദ്ധതി നിർവഹണത്തിലെ അപാകതകൾ

നഗരസഭയുടെ 2022-23-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ട് നമ്പർ 133/23-ൽ ഉൾപ്പെടുത്തി കൃഷി ഓഫീസർ മുഖേന 75000 രൂപ വകയിരുത്തി വെറ്റിലക്കൃഷിവികസനം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കുറഞ്ഞത് 5 സെന്റ് സ്ഥലത്ത് വെറ്റിലക്കൃഷി ചെയ്യുന്ന കർഷകർക്ക് കൃഷിക്കാവശ്യമായ ജൈവവളം നേരിട്ട് വാങ്ങി അതിന്റെ ബിൽ ഹാജരാക്കുന്ന മുറക്ക് 75% നിരക്കിൽ സബ്സിഡി അവരുടെ അക്കൗണ്ടിൽ നൽകുന്നതിനാണ് തുക ചെലവഴിച്ചത്. പദ്ധതിച്ചെലവ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**1. കൃഷിസ്ഥലം പരിശോധിക്കാതെ ആനുകൂല്യം നൽകി**

സബ്സിഡി ആനുകൂല്യം അനുവദിച്ചിട്ടുള്ള കർഷകർ വെറ്റിലക്കൃഷി ചെയ്ത സ്ഥലത്തിന്റെ അളവ് സംബന്ധിച്ച് കൃഷി ഓഫീസർ സ്ഥലപരിശോധന നടത്തിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**2. പദ്ധതിയിൽ അനർഹരെ ഉൾപ്പെടുത്തി ധനസഹായം നൽകി**

പദ്ധതി വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കിയത്. 14-ാം പദ്ധതിമാർഗ്ഗരേഖയിൽ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായി പ്രസ്തുത പദ്ധതി വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല എന്നിരിക്കെ പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയതിന്റെ മാനദണ്ഡം വ്യക്തമല്ല വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും, മേൽവിസാസവും | നൽകിയ തുക |
|---|---|---|
| 1 | രാമൻ എ, കുഴിഞ്ഞവിളയിൽ, പന്നിവിഴ | 3000 |
| 2 | സുദേശൻ, വല്യത്ത് വടക്കതിൽ, പന്നിവിഴ | 3000 |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/24, തീ. 21.01.2024) വെറ്റിലക്കൃഷി ചെയ്തവർക്കാണ് ആനുകൂല്യം നൽകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണവേളയിൽ പദ്ധതിമാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലക്കേണ്ടതും കൃഷിയുടെ പുരോഗതി സംബന്ധിച്ച് സ്ഥലപരിശോധനാ സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതുമാണ്

## 1-50 കാർഷികമേഖലയെ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി

നഗരസഭയിൽ 2022-23 വർഷം കാർഷിക മേഖലയിൽ കൃഷി ഓഫീസർ മുഖേന നടപ്പാക്കിയ പദ്ധതികൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കിയത്. ഉല്പാദനമേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 243/23 – വാഴക്കൃഷി വികസനം | 485300 | 485300 |
| 2 | 213/23 – അത്യുല്പാദന ശേഷിയുള്ള തെങ്ങിൻതൈ വിതരണം | 80800 | 80800 |
| 3 | 133/23 - വെറ്റിലക്കൃഷി വികസനം | 100000 | 75000 |
| 4 | 210/23 - ഞങ്ങളും കൃഷിയിലേക്ക് വീട്ടിൽ ഒരു അടുക്കളത്തോട്ടം | 100000 | 100000 |
| 5 | 246/23 - സുസ്ഥിര വാഴക്കൃഷി വികസനം | 60000 | 56412 |
| 6 | 198/23 – കിഴങ്ങുവിളനടീൽ വസ്തുക്കൾ വിതരണം | 1054000 | 1054000 |
| 7 | 200/23 – കിഴങ്ങുവിളനടീൽ വസ്തുക്കൾ വിതരണം (എസ്.സി.പി.) | 100000 | 100000 |
| 8 | 335/23 – വാഴക്കൃഷി വികസനം | 50000 | 50000 |
| **ആകെ** | | **2030100** | **2001512** |

മേൽ പദ്ധതികളിൽ ക്രമനമ്പർ 8 ഒഴികെ എല്ലാ പദ്ധതികളും വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തുക ചെലവഴിച്ചിരിക്കുന്നത്. പതിനാലാം പദ്ധതിമാർഗ്ഗരേഖ (സ.ഉ(കൈ) നമ്പർ 86/22/ത.സ്വ.ഭ.വ തീയതി 19.04.22) ഖണ്ഡിക 6.3പ്രകാരം കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹ്യപദവി

ഉയർത്തുന്നതിന് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും വനിതാഘടകപദ്ധതി തയ്യാറാക്കേണ്ടതാണെന്നും വികസനഫണ്ടിന്റെ 10% തുക വനിതാഘടകപദ്ധതിക്കായി നീക്കി വക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ വനിതകൾക്ക് ആവശ്യമായ വികസന പദ്ധതികൾക്ക് പകരം കാർഷിക മേഖലയെ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 35/24 Dtd 21.01.2024) മറുപടി ലഭിച്ചില്ല. വികസനഫണ്ടിന്റെ 10% തുക ചെലവഴിക്കുന്നതിനു വേണ്ടി മാത്രമാണ് ഉല്പാദനമേഖലയിലെ പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വനിതകളുടെ ശാക്തീകരണത്തിനും സാമൂഹ്യപദവി ഉയർത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് അവ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-51 നഗരസഭയിൽ വാഹനങ്ങളുടെ പരിപാലനത്തിൽ ഗുരുതരമായ അപാകതകൾ

നഗരസഭയിലെ വാഹനങ്ങളുടെ പരിപാലനത്തിലും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ഗുരുതരമായ അപാകതകൾ ഉണ്ടായിട്ടുണ്ട്. നിലവിൽ ഉപയോഗത്തിലുള്ള വാഹനങ്ങളുടെ വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം. | വാഹന നമ്പർ | വാഹനത്തിന്റെ തരം |
|---|---|---|
| 1 | KL-26L-3109 | പിക്ക് അപ്പ് വാൻ (ISUZU) |
| 2 | KL-26-C-4375 | മഹീന്ദ്ര ബൊലേറോ ജീപ്പ് |
| 3 | KL-26-D-4675 | സ്കൂട്ടർ (TVS) |
| 4 | KL-26-D-7636 | മഹീന്ദ്ര ബൊലേറോ ജീപ്പ് |
| 5 | KL-26-C-9332 | ടോയോട്ട കാർ |
| 6 | KL-26M-5570 | പിക്ക് അപ്പ് വാൻ (ISUZU) |
| 7 | KL-26M-8333 | ടിപ്പർ |

നഗരസഭാ വാഹനങ്ങളുടെ ലോഗ് ബുക്കുകളും, ബന്ധപ്പെട്ട ഫയലുകളും, ചെലവ് വൗച്ചറുകളും പരിശോധിച്ചതിൽ വാഹനങ്ങളുടെ പരിപാലനത്തിൽ 2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും, പരിപാലനവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ലെന്ന് കണ്ടു.

1. ലോഗ് ബുക്ക് മാത്രമാണ് വാഹന ഉപയോഗം സംബന്ധിച്ച് നഗരസഭയിൽ സൂക്ഷിക്കുന്നത്. ചട്ടപ്രകാരമുള്ള താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

(1) പെട്രോൾ, ഡീസൽ, ഓയിൽ മുതലായവക്കുള്ള ഓർഡർ ബുക്ക്

(2) റിപ്പയർ രജിസ്റ്റർ

(3) സ്റ്റോക്ക് രജിസ്റ്റർ

(4) ഫ്യൂവൽ രജിസ്റ്റർ

2. യാത്രാ വാഹനങ്ങളുടെ ലോഗ് ബുക്കിൽ യാത്ര ചെയ്തയാളിന്റെ ഒപ്പ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

3. ലോഗ് ബുക്ക് സൂക്ഷിച്ചിട്ടുണ്ടെങ്കിലും കൃത്യമായി പരിപാലിക്കുന്നില്ല. ലോഗ് ബുക്കിൽ യാത്ര ചെയ്യുന്ന ആൾ ഒപ്പ് വയ്ക്കുകയോ കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇന്ധനം നിറയ്ക്കുമ്പോൾ വിവരങ്ങൾ രേഖപ്പെടുത്തി കസ്റ്റോഡിയൻ ഓഫീസർ ഒപ്പുവയ്ക്കുന്നില്ല.

4. ഓരോ അർദ്ധവർഷത്തിന്റെയും ആരംഭത്തിൽ മുൻ അർദ്ധവർഷത്തിൽ ഒരോ വാഹനത്തിനും ചെലവായ തുകയെ സംബന്ധിച്ച് (വാഹനത്തിന്റെ തരം, പെട്രോൾ, ഓയിൽ, സ്പെയർ പാർട്ട്സുകൾക്കുള്ള ചെലവ്, സ്പെയർ പാർട്ട്സ് ഇല്ലാതെയുള്ള റിപ്പയറുകളുടെ ചെലവ്, സർവ്വീസിംഗും മറ്റിനത്തിലുമുള്ള ചെലവ്) കസ്റ്റോഡിയൻ ഓഫീസർ ധകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന ചട്ടത്തിലെ വ്യവസ്ഥ പാലിക്കുന്നില്ല.

5. വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് വർഷത്തിൽ ഒരിക്കൽ നടത്തണമെന്ന സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയത് സംബന്ധമായ യാതൊരുവിധ രേഖകളും സൂക്ഷിച്ചിട്ടില്ല. വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്താത്തതിനാൽ ഓരോ മാസവും ഉപയോഗിക്കുന്ന ഇന്ധനത്തിന്റെ അളവ് രേഖപ്പെടുത്തി മാസാന്ത്യ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല.

6. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസം അവസാനത്തെ ദിവസം രേഖപ്പെടുത്തി കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

7. ചട്ടപ്രകാരം വാഹനങ്ങൾ മുനിസിപ്പാലിറ്റിയുടെ ഗ്യാരേജിൽ സൂക്ഷിക്കേണ്ടതും, കസ്റ്റോഡിയൻ ഓഫീസർ അതിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ വാഹനങ്ങൾ മഴയും വെയിലും ഏൽക്കാതെ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ഗ്യാരേജ് ഇല്ല.

8. വാഹനത്തിൽ ഇന്ധനം നിറയ്ക്കുമ്പോൾ ഇന്ധനം നിറച്ച തീയതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ്, ആ സമയത്തെ കിലോമീറ്റർ റീഡിംഗ് ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ആളിന്റെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല.

9. പതിനായിരം രൂപയ്ക്കു മുകളിൽ ചെലവ് വരുന്ന അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ മുഖാന്തിരമായിരിക്കണമെന്ന ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഓഡിറ്റ് കാലയളവിൽ വിവിധ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 294666 രൂപ ചെലവഴിച്ചിട്ടുള്ളത് മത്സാരാധിഷ്ഠിത ക്വട്ടേഷന്റെ അടിസ്ഥാനത്തിലല്ല.

10. വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് മുനിസിപ്പൽ എഞ്ചിനീയർ കണക്കാക്കണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല.

വാഹനങ്ങളുടെ പരിപാലനത്തിലുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-52 ജി ഐ എസ് മാപ്പിംഗ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോ.നം | 201/22-23 |
| അടങ്കൽ | 1100000/- |
| ചെലവ് | 219999/- |
| ബിൽ ഓർഡർ നം | 154/25/08/2022 |

അടൂർ മുനിസിപ്പാലിറ്റിയുടെ ബേസ് മാപ്പ് (ക്രിയേഷൻ, ജിപിഎസ്, ടാബ് എനേബിൽഡ് പ്രോപർട്ടി സർവേ എന്നിവയുൾപ്പെടെ) എല്ലാ കെട്ടിടങ്ങളുടെയും ജി.ഐ.എസ് മാപ്പിങ്ങും കൂടാതെ ഓപ്പൺ സോഴ്സ് ടെക്നോളജി ഉപയോഗിച്ച് വെബ് അധിഷ്ഠിത ജി.ഐ.എസ്. സൊല്യൂഷന്റെ വികസനവും നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിക്കായ് 2022-23-ൽ 11 ലക്ഷം രൂപയും 2023-24-ൽ 15 ലക്ഷം രൂപയും വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (യൂഎൽസിസിഎസ്) സമർപ്പിച്ച 26ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രസ്തുത പദ്ധതിക്കായി 2022-23-ൽ 219999/- ചെലവ് വന്നിട്ടുണ്ട്. ULCCS യുമായി ഒപ്പുവച്ച കരാർ പ്രകാരം, (26 ജനവരി 2023) കരാർ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ജോലി നിർവഹിക്കുമെന്ന്,കമ്പനി അംഗീകരിച്ചിട്ടുണ്ട്. ഏന്നാൽ ഈ സാമ്പത്തിക വർഷം ആകെ 219999/- രൂപ മാത്രമാണ് നഗരസഭ കമ്പനിയ്ക്ക് നൽകിയത്. 26 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുള്ള ടി പദ്ധതി നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തിയായിട്ടില്ല. ടി സംരഭത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ആവശ്യപെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (നം. 13, തീയതി 18/01/2024). നഗരസഭയുടെ എല്ലാ ആസ്തികളും ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയിൽ കമ്പനിയുടെ സേവനം കഴിഞ്ഞതിനു ശേഷം സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ എങ്ങനെ അപ്ഡേറ്റ് ചെയ്യും എന്നതിന് വ്യവസ്ഥ ചെയ്തതായി കാണുന്നില്ല. നഗരസഭാ ജീവനക്കാർക്ക് സോഫ്റ്റ് വെയർ അപ്ഡേഷൻ സംബന്ധിച്ച പരിശീലനം നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടില്ല. നഗരസഭയ്ക്ക് വേണ്ട ടെക്നിക്കൽ സപ്പോർട്ട്/സെർവർ മെയിന്റനൻസ്, AMC, പിരിയഡ് ഓഫ് അപ്ഡേഷൻ എന്നിവ സംബന്ധിച്ച കരാർ ഏർപെട്ടിട്ടുള്ളതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആവശ്യപെട്ട വിശദാംശങ്ങൾ അടിയന്തിരമായി ഓഡിറ്റിന് നൽകേണ്ടതാണ്.

## 1-53 കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പദ്ധതിക്കായി നഗരസഭ കേരളാ വാട്ടർ അതോറിറ്റിക്ക് ഡിപ്പോസിറ്റ് ചെയ്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോ. നം | വർഷം | പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 122 | 2021-22 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2598500 | 1900000 |
| 290 | 2021-22 | വാർഡ് 15-കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 200000 | 200000 |
| 23 | 2022-23 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 698500 | 515000 |

വിനിയോഗ വിവരങ്ങൾ ആവശ്യപെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14-18/01/2024), 2021-22-ൽ ഡെപ്പോസിറ്റ് ചെയ്ത 1900000 രൂപയിൽ, 180881 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതായും 29404 രൂപ അഡ്ജസ്റ്റ് ചെയ്തതായും 1689713 വിനിയോഗ സാക്ഷ്യപത്രത്തിനായി വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയതായും മറുപടി നൽകിയിട്ടുണ്ട്. 2022-23-ലെ പ്രോ.നം. 23 പ്രകാരം ഡെപോസിറ്റ് ചെയ്ത 698500 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭിക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-54 നഗരസഭാ ഓഫീസിലേക്ക് യു പി എസ്സ് ബാറ്ററി വാങ്ങൽ-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

| | |
|---|---|
| പ്രോ.നം | 25/23 |
| അടങ്കൽ | 250000/- |
| ചെലവ് | 204544/- |

നഗരസഭാ ഓഫീസിലേക്ക് യു.പി.എസ്സ്. ബാറ്ററി വാങ്ങൽ എന്ന പദ്ധതി പ്രകാരം ഹൈകോൺ ഇന്ത്യാ ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും 7.5 Kv-യുടെ, UPS ബാറ്ററികൾ GeM മുഖേന 204544 രൂപക്ക് വാങ്ങിയിട്ടുണ്ട്. ഇത്തരത്തിൽ വാങ്ങലുകൽ നടത്തുമ്പോൾ സാധനങ്ങൾ ലഭ്യമായ ശേഷം അവ വിശദമായി പരിശോധിക്കേണ്ടതും ആവശ്യപ്പെട്ട സ്പെസിഫിക്കേഷനോട്ടു കൂടിയതും പ്രവർത്തനക്ഷമതയുള്ളതുമായ ഉപകരണങ്ങൾ ആണ് ലഭിച്ചിരിക്കുന്നത് എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. അങ്ങനെ ആണെങ്കിൽ Consignee Receipt And Acceptance Certificate (CRAC) ജനറേറ്റ് ചെയ്യേണ്ടതാണ്. എന്നാൽ CRAC പ്രിൻറ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. കൂടാതെ നഗരസഭയിൽ ഉപയോഗിച്ചിരുന്ന 3kv UPS ബാറ്ററി കേടായത് കൊണ്ടാണ് പുതിയവ വാങ്ങിയതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഴയ ബാറ്ററികൾ Buyback ചെയ്യുകയോ, ലേലം ചെയ്തു കൊടുക്കുകയോ ചെയ്തതിന്റെ വിവരം ലഭ്യമല്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം15,തീയതി 27/01/24) മറുപടി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-55 അമൃത് കുടിവെള്ള പദ്ധതി ഭൂമി വാങ്ങൽ - അപാകതകൾ**

| | |
|---|---|
| പ്രോ.നം | 307/22-23 |
| അടങ്കൽ | 400000/- |
| ചെലവ് | 326040/- |

അമൃത് കുടിവെള്ള പദ്ധതിയുടെ ടാങ്ക് സ്ഥാപിക്കുന്നതിനായി അയ്യപ്പൻ പാറയിൽ 15സെന്റ്, കൈമല പാറയിൽ 15സെന്റ്, പമ്പ് ഹൗസിന് വേണ്ടി ആനന്തപള്ളിയിൽ 12സെന്റ്, അയ്യപ്പൻ പാറയിൽ 12സെന്റ് വീതം സ്ഥലം വാങ്ങാനാണ് നഗരസഭാ തീരുമാനിച്ചത്(10/06/22 ലെ 1(6) നം തീരുമാനം). അടൂർ 3-ാം വാർഡിൽ 116/3 സർവ്വേ നമ്പറിൽ 6 ആർ പുരയിടം വാങ്ങിയിട്ടുണ്ട്. കേരള മുനസിപ്പാലിറ്റി വാസ്തു ആർജിക്കൽ ചട്ടം 5(സി) പ്രകാരം വാങ്ങാൻ ഉദ്ദേശിക്കുന്ന വസ്തുവിന് നൽകുന്ന വില റവന്യൂ ഡിവിഷണൽ ഓഫീസർ നിശ്ചയിക്കുന്ന വിലയിൽ കവിയരുതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ടി റിപ്പോർട്ട് ഉൾപെടുത്തി കാണുന്നില്ല.ഇതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ, കൗൺസിലിന്റെ അംഗീകാരത്തോടെയും ഗവ.ഗസറ്റ് വിജ്ഞാപനപ്രകാരം നിശ്ചയിച്ച ഫെയർവാല്യൂവിന്റെ അടിസ്ഥാനത്തിലുമാണ് വസ്തു വാങ്ങിയതെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. എന്നാൽ ഭൂമി വാങ്ങൽ നടത്തുമ്പോൾ ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വസ്തുവല്ലാതെ തീരുമാനിച്ചിരുന്ന മറ്റ് വസ്തുക്കളൊന്നും ഇതുവരെയും വാങ്ങാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല. അയ്യപ്പൻ പാറയിൽ ജല സംഭരണി നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാൽ ,അയ്യപ്പൻ പാറ ഒഴിവാക്കിയാണ് വാട്ടർ അതോറിറ്റി ഡി പി ആർ തയ്യാറാക്കിയത്. സ്ഥലം കണ്ടെത്താൻ നഗരസഭ കാലതാമസം വരുത്തുന്നതിനാൽ നിയുക്ത പദ്ധതിഅടങ്കൽ സമയബന്ധിതമായി പൂർത്തിയീക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ അടൂർ താലൂക്ക്, അടൂർ വില്ലേജിലെ ബ്ലോക് നം 8, സർവ്വേ നം 719/16 ലെ റവന്യൂ പുറമ്പോക്ക് ഭൂമി നഗര സഭയക്ക് വിട്ടുകിട്ടുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാൻ കൗൺസിൽ (05/07/2 ലെ 4-നം തീരുമാനം)തീരുമാനിച്ചിരുന്നു. ആയതിന്റെ തുടർനടപടി വിവരങ്ങൾ അറിയിക്കാൻ ആവശ്യപെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യക്കിയിട്ടില്ല.

**1-56 ഹോമിയോ ആശുപത്രിയിൽ ഫർണീച്ചർ, പ്രിന്റർ, കമ്പ്യൂട്ടർ വാങ്ങൽ-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

| | |
|---|---|
| പ്രോ.നം | 215/22-23 |
| അടങ്കൽ | 161000/- |
| ചെലവ് | 62647/- |

ഹോമിയോ ആശുപത്രിയിൽ ഫർണീച്ചർ, പ്രിന്റർ, കമ്പ്യൂട്ടർ വാങ്ങൽ എന്ന പദ്ധതിക്കായിGeM മുഖേന കെ എം ടെക്നോളജിസ് എന്ന സ്ഥാപനത്തിൽ നിന്നും 16511/- രൂപയ്ക്ക് പ്രിന്ററും, 45213/- രൂപയ്ക്ക് കമ്പ്യൂട്ടറും വാങ്ങിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന വാട്ടർ പ്യൂരിഫയർ, മേശ, കസേര തുടങ്ങിയവയൊന്നും വാങ്ങിയിട്ടില്ല. GeM വഴി വാങ്ങിയവയുടെ CRAC ജനറേറ്റ് ചെയ്ത് സൂക്ഷിക്കാത്തതിനാൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷനോട് കൂടിയ സാധനങ്ങൾ തന്നെയാണോ ലഭിച്ചതെന്ന് ഉറപ്പാക്കാനും കഴിയില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകീയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (നം 21,20.01.2024).വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-57 വയോമിത്രം പദ്ധതി-വിവരങ്ങൾ ലഭ്യമാക്കിയില്ല

താഴെ പറയുന്ന പദ്ധതികൾ പ്രകാരം, വയോമിത്രം സംഭാവനയായി ആകെ 3650000/- രൂപാ 2017-18 മുതൽ 2022-23 വരെ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നഗരസഭ നൽകിയിട്ടുണ്ട്.

| പ്രോ നം | വർഷം | പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 121 | 2017-2018 | വയോമിത്രം നഗരസഭാ സംഭാവന | 1000000 | 1000000 |
| 36 | 2018-2019 | വയോമിത്രം സെൻററുകളിലെക്ക് ഫർണിച്ചർ വാങ്ങൽ | 132870 | 0 |
| 87 | 2019-2020 | വയോമിത്രം നഗരസഭാ സംഭാവന | 150000 | 150000 |
| 179 | 2019-2020 | വയോമിത്രം നഗരസഭാ സംഭാവന (എസ് സി) | 500000 | 500000 |
| 239 | 2019-2020 | വയോമിത്രം സെന്ററുകളിലേക്ക് ഫർണിച്ചർ വാങ്ങൽ | 132870 | 0 |
| 7 | 2020-2021 | വയോമിത്രം നഗരസഭ സംഭാവന | 300000 | 300000 |
| 8 | 2020-2021 | വയോമിത്രം നഗരസഭ സംഭാവന (എസ് സി) | 300000 | 300000 |
| 6 | 2021-2022 | വയോമിത്രം നഗരസഭ സംഭാവന(എസ് സി) | 300000 | 300000 |
| 7 | 2021-2022 | വയോമിത്രം നഗരസഭ സംഭാവന | 400000 | 400000 |
| 51 | 2022-2023 | വയോമിത്രം നഗരസഭ സംഭാവന | 400000 | 400000 |
| 52 | 2022-2023 | വയോമിത്രം നഗരസഭ സംഭാവന (എസ് സി) | 300000 | 300000 |

സ.ഉ.(സാധ)നം.559/2022/LSGD തീയതി 09/03/22 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്ന വിഹിതം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ രോഗികൾക്ക് കിട്ടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം. നഗരസഭ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനായി നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(നം 33,27/01/2024). കൂടാതെ ഇതുവരെ നൽകിയ സംഭവനകൾക്ക് സാമൂഹ്യ സുരക്ഷാ മിഷൻ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-58 എസ് എസ് എ വിഹിതം നൽകൽ-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോ.നം – 59/22-23 | പ്രോ.നം – 60/22-23(sc) |
| അടങ്കൽ – 400000/- | അടങ്കൽ – 488690/- |
| ചെലവ് 400000/- | ചെലവ് – 488690/- |

എസ്.എസ്.എ. വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം 2022-23 വർഷത്തിൽ ആകെ ₹888690 രൂപ എസ്.എസ്.കെ-യ്ക്ക് നഗരസഭ നൽകിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം സമഗ്ര ശിക്ഷ കേരളം പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. നൽകിയ തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തിയ പ്രവർത്തനങ്ങൾ/പരിപാടികൾ എന്നിവയുടെ വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനത്തെ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ അറിയിക്കേണ്ടതാണ്. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധ തികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയുടെ ഇടപെടൽ എസ്.എസ്.കെ ഉറപ്പാക്കണം. നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് (Utilisation Certificate)

സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി ലഭ്യമാക്കേണ്ടതുമാണ്. ഓരോ വർഷവും വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെയ്ക്ക് നൽകേണ്ട വിഹിതം എത്രയാണെന്ന് എസ്.എസ്.കെ. പ്രോജക്ട് ഡയറക്ടർ, തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിനൊപ്പം ബന്ധപ്പെട്ട വകുപ്പ് മേധാവികളെ കൂടി അറിയിക്കണം. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നൽകിയ ₹888690 രൂപയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-59 കനാൽ റോഡ് നവീകരണം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോ.നം | 88/21-22 |
| അടങ്കൽ | 500000/- |
| ചെലവ് | 500000/- |

പീടികയിൽ KIP കനാൽ റോഡ്, മുകളുംപ്ലാവിൽ ജംഗ്ഷൻ റോഡ് നവീകരണം (വാർഡ് 10) എന്ന പദ്ധതിക്ക് വേണ്ടി 2021-22 സാമ്പത്തിക വർഷം മെയിന്റനൻസ് ഫണ്ടിൽ നിന്നും 500000 രൂപാ KIP എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് (ഓർഡർ നം. 220/21.02.2022 പ്രകാരം). പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.48/27.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കേണ്ടതും, നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-60 നഗരസഭയ്ക്ക് ലഭിച്ച ഭൂമി സ്വന്തംപേരിൽ ചേർത്തില്ല

അടൂർ വില്ലേജിൽ ബ്ലോക്ക് നം. 8-ൽ (തണ്ടപ്പേർ 13292, റീ സർവേ നം 229/1-1) 4 ആർ 5 സ്ക്വയർ മീറ്റർ സ്ഥലം, നഗരസഭ സെക്രട്ടറിയുടെ പേരിൽ, ജോർജ് ജേക്കബ് എന്ന വ്യക്തി, 31/08/11-ൽ ഇഷ്ടദാനമായി നൽകിയിരുന്നു. എന്നാൽ ടി ഭൂമി നാളിതുവരെ നഗരസഭയുടെ പേരിൽ ചേർത്ത് പോക്കുവരവ് ചെയ്തിട്ടില്ല. ഈ വസ്തുവിന്റെ അതിർത്തി നിർണയിക്കുന്നത് സംബന്ധിച്ച് 20.01.23-ലെ നഗരസഭാ കമ്മിറ്റിയിൽ (അജണ്ട നം. 11 പ്രകാരം) ചർച്ചചെയ്തിട്ടുണ്ട്. എന്നാൽ അതിർത്തി നിർണ്ണയിക്കുന്നതിന് താലൂക്ക് സർവെയർ സ്ഥലം തിരിച്ച് പെഗ് മാർക് ചെയ്തിട്ടുള്ളതിന്റെ സ്കെച്ച് നഗരസഭ ഇതുവരെയും അംഗീകരിച്ച് നൽകിയിട്ടില്ല. കൂടാതെ ഈ സ്ഥലത്തിനോട് ചേർന്ന നീർച്ചാലുകൾ സ്വകാര്യ വ്യക്തികൾ കയ്യേറി നികത്തിയിട്ടുള്ളത് അളന്നു തിരിച്ച് തിരികെ ലഭ്യമാക്കുന്നതിനായി താലൂക്ക് സർവേയർക്ക് കത്ത് നൽകുന്നതിന് കൗൺസിൽ തീരുമാനിച്ചിരുന്നെങ്കിലും തുടർ നടപടി ഉണ്ടായിട്ടില്ല. 2011-ൽ നഗരസഭയ്ക്ക് ലഭിച്ച ഭൂമി ഇതുവരേയും സ്വന്തം പേരിലേക്ക് മാറ്റാൻ കഴിയാത്തതിന്റെ കാരണവും, കയ്യേറ്റം ഒഴിപ്പിക്കാൻ നിയമനടപടി സ്വീകരിച്ചതിന്റെ വിവരവും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 57, തീ. 27/01/2024) മറുപടി ലഭിച്ചിട്ടില്ല. ഭൂമി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും ഭൂമി പേരിൽകൂട്ടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-61 ഗാർഹികതല മാലിന്യ സംസ്കരണ സംവിധാനം-വിതരണ വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല

ഗാർഹികതലത്തിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് നഗരസഭ വാങ്ങിയ ചെയ്തിട്ടുള്ള വിവിധ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ വിതരണ വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി വാങ്ങിയള റിംഗ് കമ്പോസ്റ്റ്, ബയോബിൻ, ബയോ ഡൈജസ്റ്റർ പോട്ട് എന്നിവയുടെ വിതരണ വിവരമാണ് കൃത്യമായി സൂക്ഷിക്കാത്തത്. വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും വളരെ കുറച്ച് ഗുണഭോക്താക്കൾ മാത്രമാണ് ഉപകരണങ്ങൾ കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റിന്റെ വിവരം | ചെലവഴിച്ച തുക | ലഭിച്ച യൂണിറ്റുകളുടെ എണ്ണം | വിതരണ വിവരം സൂക്ഷിച്ചിട്ടുള്ളത് |
|---|---|---|---|---|
| 1 | **റിംഗ് കമ്പോസ്റ്റ്**<br>റിംഗ് കമ്പോസ്റ്റ് ഗാർഹികം, SO 141/22 (21-22)<br>റിംഗ് കമ്പോസ്റ്റ് ഗാർഹികം, SO 236/22 (21-22)<br>റിംഗ് കമ്പോസ്റ്റ് ഗാർഹികം, SO 119/23 (22-23)<br>റിംഗ് കമ്പോസ്റ്റ് ഗാർഹികം, SO 299/23 (22-23) | 18,75,000 | 750 | 648 |
| 2 | **ബയോ ഡൈജസ്റ്റർ പോട്ട്**<br>ബയോ ഡൈജസ്റ്റർ പോട്ട്-ഗാർഹികം, SO 231/22 (21-22) | 8,30,800 | 536 | 0 |

| | | | | |
|---|---|---|---|---|
| | ബയോ ഡൈജസ്റ്റർ പോട്ട്-ഗാർഹികം, SO 117/23 (22-23) | | | |
| 3 | **ബയോബിൻ**<br>ബയോബിൻ വിതരണം, SO 235/22 (21-22) | 12,29,360 | 558 | 39 |

പദ്ധതി പ്രകാരം ലഭ്യമായ മാലിന്യ സംസ്കരണ യൂണിറ്റുകളെല്ലാം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ടെങ്കിലും വിതരണ രേഖകളുടെ അഭാവത്തിൽ അത് പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണം സംബന്ധിച്ച സാക്ഷ്യപത്രമോ മോണിട്ടറിംഗ് റിപ്പോർട്ടോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി വൻതുക ചെലവഴിച്ച് വാങ്ങിയ സാധനങ്ങളുടെ കൃത്യമായ വിതരണ രേഖകൾ സൂക്ഷിക്കാതിരുന്നത് വീഴ്ചയാണ്. കൂടാതെ പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ടിന്റെ അഭാവത്തിൽ പ്രോജക്റ്റിൽ വിഭാവനം ചെയ്ത പ്രകാരം പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് ബോദ്ധ്യപ്പെടാനായിട്ടില്ല. വിതരണ രേഖകളും, മോണിട്ടറിംഗും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-62 ഖരമാലിന്യ സംസ്കരണം-തുക നൽകിയെങ്കിലും ഡി.പി.ആർ തയ്യാറാക്കിയില്ല

നഗരസഭയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി ഡി.പി.ആർ തയ്യാറാക്കുന്നതിന് കൺസൾട്ടൻസി ചാർജ്ജ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം., വർഷം | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|
| 342/19-20 | 127257 | 0 |
| 306/20-21 | 127257 | 101806 |
| 222/21-22 | 25451 | 0 |
| 118/22-23 | 25451 | 0 |

കൺസൾട്ടൻസി ചാർജ്ജ് നൽകുന്നതിന് 1,27,257 രൂപ അടങ്കൽ വകയിരുത്തിയ പദ്ധതിയ്ക്കായി 2020-21 സാമ്പത്തിക വർഷം 1,01,806 രൂപ ചെലവഴിച്ചിട്ടുണ്ട്. സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിനാണ് തുക നൽകിയിട്ടുള്ളത്. 2019-20 വർഷം രൂപീകരിച്ച പദ്ധതി നിലവിലും സ്പിൽ ഓവറായി തുടരുകയാണ്. എന്നാൽ ഡി.പി.ആർ തയ്യാറാക്കൽ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച നിലവിലെ അവസ്ഥ ബന്ധപ്പെട്ട പ്രോജക്റ്റ് ഫയൽ സഹിതം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡി.പി.ആർ. തയ്യാറാക്കി ലഭ്യമാക്കുന്നതിനോ, അല്ലാത്തപക്ഷം കരാർ ലംഘനം നടത്തിയ സ്ഥാപനത്തിൽനിന്നും തുക തിരികെ വാങ്ങുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്

## 1-63 സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഏകീകൃത നിരീക്ഷണത്തിനായി സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നഗരസഭയിൽ നടപ്പിലാക്കുന്നതിന് 2021-22 വർഷം 6,73,000 രൂപയും 2022-23 വർഷം 64794 രൂപയും ചെലവഴിച്ചിട്ടുണ്ട്. കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകൽ (6 മാസം), എസ്.എം.എസ് ചാർജ്ജ് (1,84,615 എണ്ണം), ക്യൂആർ കോഡ് പ്രിന്റിംഗ് ചാർജ്ജ് (10,000 എണ്ണം), ലാപ് ടോപ്പ് വാങ്ങൽ (1 എണ്ണം) എന്നിവയ്ക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. കെൽട്രോണിൽ നിന്നുള്ള 6 മാസത്തെ സേവനം, ക്യൂആർ കോഡ്, ലാപ് ടോപ്പ് എന്നിവ ലഭ്യമായിട്ടുണ്ടെങ്കിലും പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. നഗരസഭാ പരിധിയിലുള്ള, വാസഗൃഹങ്ങളും അല്ലാത്തതുമായ 9563 കെട്ടിടങ്ങളിൽ നിന്നാണ് നിലവിൽ വാതിൽപ്പടി ശേഖരണം നടത്തുന്നത്. നഗരസഭാ പരിധിയിലുള്ള വീടുകളിലും മറ്റ് സ്ഥാപനങ്ങളിലും ക്യൂആർ കോഡ് പതിക്കൽ, കസ്റ്റമർ എൻറോൾമെന്റ് തുടങ്ങിയ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. നിലവിൽ 5760 കെട്ടിടങ്ങളിൽ ക്യൂആർ കോഡ് പതിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കാത്തത് കാരണം തദ്ദേശ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ അവലോകനം, യൂസർ ഫീ ശേഖരണ വിശദാംശങ്ങൾ, മാലിന്യം സംബന്ധിച്ച വാർഡ് തിരിച്ചുള്ള വിവരങ്ങൾ മുതലായവ കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് കഴിയുന്നില്ല. ഫീൽഡ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-64 പി.എം.എ.വൈ ഭവന പദ്ധതി-നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു

2018-19 സാമ്പത്തിക വർഷം മുതലാണ് പി.എം.എ.വൈ ഭവന പദ്ധതി നഗരസഭയിൽ നടപ്പിലാക്കി തുടങ്ങിയത്. വിവിധ ഡി.പി.ആറുകളുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നത്. നിലവിൽ 9-ാം ഡി.പി.ആർ പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകി വരുന്നത്. ഇതോടൊപ്പം മുൻ ഡി.പി.ആർ-

കളിൽ നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നവർക്കും വിവിധ ഗഡുക്കൾ നൽകിവരുന്നു. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് നഗരസഭ ലഭ്യമാക്കിയ രേഖകൾ പ്രകാരം 2023 ഡിസംബൻ മാസത്തിലെ പൂർത്തീകരണ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡി.പി.ആർ | നിർമ്മാണം ആരംഭിച്ചവർ | പൂർത്തീകരിച്ചവർ | ബാക്കി |
|---|---|---|---|---|
| 1 | ഡി.പി.ആർ-1 | 39 | 38 | 1 |
| 2 | ഡി.പി.ആർ-2 | 57 | 51 | 6 |
| 3 | ഡി.പി.ആർ-3 | 47 | 43 | 4 |
| 4 | ഡി.പി.ആർ-4 | 88 | 84 | 4 |
| 5 | ഡി.പി.ആർ-5 | 121 | 68 | 53 |
| 6 | ഡി.പി.ആർ-6,7 | 7 | 1 | 6 |
| 7 | ഡി.പി.ആർ-8 | 46 | 0 | 46 |

വിവിധ ഡി.പി.ആറുകൾ പ്രകാരം നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഗഡുക്കൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട ഡിസ്ബേഴ്സ്മെന്റ് രജിസ്റ്റർ കൃത്യമാക്കി തയ്യാറാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായിട്ടുണ്ട്. ഗഡുക്കൾ വിതരണം ചെയ്യുന്നത് ഡിസ്ബേഴ്സ്മെന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്താത്തത് കാരണം 23.01.2023-ൽ അനുവദിച്ച തുകയിൽ നിന്ന് 7 പേർക്ക് 80,000 രൂപ വീതവും 3 പേർക്ക് 1,60,000 രൂപ വീതവും അധികമായി അനുവദിക്കുവാൻ ഇടയായിട്ടുണ്ട്. അധികൃതർ തന്നെ അപാകത കണ്ടെത്തിയതിനെ തുടർന്ന് ടി ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കി ആക്സിസ് ബാങ്ക് അക്കൗണ്ടിൽ തിരികെ ഒടുക്കിയിട്ടുമുണ്ട്. ഡിസ്ബേഴ്സ്മെന്റ് രജിസ്റ്റർ കൃത്യമായി എഴുതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അനുമതി വാങ്ങാതെ അംഗീകരിച്ച എസ്റ്റിമേറ്റിലെ അളവിൽ അധികമായി പ്രവൃത്തി നടത്തി

പ്രോജക്ട് നം. 308/23
അടങ്കൽ - 200000
പി.എ.സി. - 120142.31 + 18% GST
കരാറുകാരൻ - ശ്രീ ജി. ഉണ്ണികൃഷ്ണൻ
ചെലവ് - 141470
ബിൽ നം., തീ. 22050347000901504949/27.03.23

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ ചിരണിക്കൽ മുനിസിപ്പൽ എസ്.സി.കോളനി റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം വാർഡ് 13 എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ അംഗീകരിച്ച എസ്റ്റിമേറ്റിലെ അളവിൽ അധികമായി പ്രവൃത്തി നടത്തിയതിന് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളതായി വ്യക്തമായി. എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് അധിക അളവിൽ പ്രവൃത്തി നടത്തിയതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളതായി കണ്ടില്ല.

എസ്.സി.പി. ഫണ്ടിൽനിന്നും 200000 രൂപ വകയിരുത്തിയാണ് പ്രോജക്ടിന് അംഗീകാരം വാങ്ങിയിട്ടുള്ളത്. പ്രവൃത്തി ടെണ്ടർ ചെയ്തതിൽ 28.78% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ ഉണ്ണികൃഷ്ണൻ എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരം കാരാറുകാരൻ 141470രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം 3 പ്രകാരം 21.176 M3 ഡി.ആർ. മേസൺറി പ്രവൃത്തി നടത്തുന്നതിന് 5988.21/m3നിരക്കിൽ 126806.33

രൂപയായിരുന്നു എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ ഫൈനൽ ബിൽ പ്രകാരം 26.180m3 പ്രവൃത്തി നടത്തിയതിന് 156771.34 രൂപ കരാറുകാരന് അനുവദിച്ച് നൽകി. അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് അധിക അളവിൽ പ്രവൃത്തി നടത്തിയതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിയും, സാങ്കേതികാനുമതിയും വാങ്ങിയിട്ടുള്ളതായി കാണുന്നില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ ഒറിജിനൽ എസ്റ്റിമേറ്റിലെ അളവിൽ പരിമിതപ്പെടുത്തി വേണമായിരുന്നു കരാറുകാരന് പ്രതിഫലം നൽകാൻ. എസ്റ്റിമേറ്റ് അളവിൽ പരിമിതപ്പെടുത്താതെ ബിൽ തുക നൽകിയ ഇനത്തിൽ കരാറുകാരന് 17076 അധികം നൽകി.

അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് അധികം ചെയ്ത പ്രവൃത്തിക്ക് ചെലവഴിച്ച 17076.27 രൂപ ഓഡിറ്റിൽ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ വിശദീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-43 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 3-2 ചെട്ടിയാംമുകൾ കോളനി വീട് സംരക്ഷണഭിത്തി നിർമ്മാണം വാർഡ് 28 – പ്രവൃത്തി നിർവ്വഹണത്തിൽ അപാകം

| | |
|---|---|
| പ്രോജക്ട് നം. | 263/22 (165/23) |
| അടങ്കൽ | 200000 |
| കരാറുകാരൻ | ശ്രീ ബിജു എം. |
| എഗ്രിമെന്റ് നം. | 63/2021-22, Dtd. 10/01/22 |
| ചെലവ് | ₹219627 |
| എം. ബുക്ക് നം. | 94/21-22 |
| ബിൽ നം. | 22050347000900378277, തീ. 02/08/2022 |

2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി ഫണ്ടിൽനിന്നും 200000 രൂപ വകയിരുത്തി ചെട്ടിയാംമുകൾ കോളനി വീട് സംരക്ഷണഭിത്തി നിർമ്മാണം എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്തതിൽ 10% അധിക നിരക്ക് രേഖപ്പെടുത്തിയ ശ്രീ ബിജു എം. എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 219627രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെ സംരക്ഷണ ഭിത്തി നിർമ്മിച്ചു**

ഈ പ്രവൃത്തിയുടെ ഇനം.2 പ്രകാരം DSR 75.7.1 സ്പെസിഫിക്കേഷൻ പ്രകാരം ബോണ്ട് സ്റ്റോൺ ഉപയോഗിച്ച് 38.092 ഘന മീറ്റർ ഡി.ആർ. മേസൺറി പ്രവൃത്തി നടത്തിയതിന് 4043.42 രൂപ നിരക്കിൽ 10% ടെണ്ടർ വ്യതിയാനം ഉൾപ്പെടെ ആകെ 169424.14 രൂപ പ്രതിഫലം നല്കിയിട്ടുണ്ട്. പ്രവൃത്തി സ്ഥലം മുനിസിപ്പൽ എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ഭൗതിക പരിശോധന നടത്തിയതിൽ പ്രവൃത്തിക്ക് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമായി. സ്പെസിഫിക്കേഷൻ പ്രകാരം ക്യൂബിക്ക് മീറ്ററിന് 7 ബോണ്ട് സ്റ്റോണുകളാണ് ഉപയോഗിക്കേണ്ടത്. ആയത് പ്രകാരം 38.092ഘന മീറ്റർ പ്രവൃത്തിക്ക് 266 ബോണ്ട് സ്റ്റോണുകളാണ് ഉപയോഗിക്കേണ്ടിയിരുന്നത്. പ്രവൃത്തികൾക്ക് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 266 ബോണ്ട് സ്റ്റോണുകളുടെ വിലയായി 25.62 രൂപ നിരക്കിൽ 6814.92 രൂപ കരാറുകാരന് അനർഹമായി പ്രതിഫലം നൽകി.

DSR 2016

| | |
|---|---|
| Cost Of 1 No. | 15.35 |
| Add Overhead 10% | 1.54 |
| Total | 16.89 |
| Add CP 10% | 1.69 |
| Total | 18.57 |
| Add Cost Index 37.93% | 7.04 |
| Cost Of 1 Bond Stone | 25.62 |

കരാറുകാരന് അനർഹമായി അധികം നൽകിയ 6815 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

**ചെയ്യാത്ത പ്രവൃത്തിക്ക് കരാറുകാരന് പ്രതിഫലം നൽകി, നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്ത് കൃത്യവിലോപം**

പ്രവൃത്തിയുടെ ഇനം 3 പ്രകാരം 0.9 ഘ.മീറ്റർ അളവിൽ (1x8.00x0.75x0.15) Cc 1:2:4 അനുപാതത്തിൽ സംരക്ഷണ ഭിത്തിയ്ക്ക് Middle Belt നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റിൽ പ്രോവിഷൻ ഉൾപ്പെടുത്തുകയും, ആയത് പ്രകാരം പ്രവൃത്തി നടത്തിയതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് പ്രതിഫലം നൽകുകയും ചെയ്തു. എന്നാൽ ഓഡിറ്റ്

നടത്തിയ ഭൗതിക പരിശോധനയിൽ ഇപ്രകാരമൊരു പ്രവൃത്തി നടത്തിയിട്ടില്ലെന്ന് വ്യക്തമായി. കരാറുകാരൻ യഥാർത്ഥത്തിൽ ചെയ്യാത്ത പ്രവൃത്തിക്ക് ഘനമീറ്ററിന് 7980.40 രൂപ നിരക്കിൽ 10% ടെണ്ടർ വ്യതിയാനം ഉൾപ്പടെ ആകെ 7900.60 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ക്രമവിരുദ്ധമായി നൽകിയ 7901 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

10.50 മീറ്റർ നീളത്തിലും 2 മീറ്റർ പൊക്കത്തിലുമാണ് Middle Belt ഒഴിവാക്കി സംരക്ഷണഭിത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. ഇപ്രകാരം Middle Belt ഒഴിവാക്കി നിർമ്മാണം നടത്തിയത് സംരക്ഷണ ഭിത്തിയുടെ ഉറപ്പിനേയും ഈടുനിൽപ്പിനേയും പ്രതികൂലമായി ബാധിക്കും. മാത്രവുമല്ല മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം പ്രവൃത്തിക്ക് എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ബോണ്ട് സ്റ്റോണുകൾ (ആണിക്കല്ല്) ഉപയോഗിച്ചിട്ടുമില്ല. പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കുന്ന തരത്തിൽ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് നിർമ്മാണം നടത്താനിടയായത് പ്രവൃത്തിയുടെ മേൽനോട്ടച്ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യമാണ്.

മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പ്രവൃത്തിക്ക് ചെലവഴിച്ച 219627 രൂപയിൽ മേൽ ഖണ്ഡികകൾ പ്രകാരം നിരാകരിച്ച 14716 രൂപ (6815+7900.60) കിഴിച്ച് അവശേഷിച്ച 204911 രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ഖണ്ഡിക 1-44 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (23/22) | 515000/- | 0 | 515000/- |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം | കൺവീനറുടെ പേര് | പ്രവർത്തിയുടെ പേര് | ബിൽ/വൌച്ചർ നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി | ജി.ഐ.എസ് മാപ്പിംഗ് | 22201157 | 219999 | - | 219999 |

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 10759999 | 5800000 | 16559999 | 1440002 | -- | 15119997 |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2004-2005 | 3-3 | 5000 | ശ്രീമതി ചന്ദ്രിക. എസ് മുനിസിപ്പൽ കൗൺസിലർ | 122140106580 തീയതി 27/10/2022 |
| 2004-2005 | 3-3 | 5000 | ശ്രീമതി കെ.പ്രസന്നകുമാരി മുനിസിപ്പൽ കൗൺസിലർ | 122140106695തീയതി 31/10/2022 |
| 2004-2005 | 3-3 | 8827 | ശ്രീമതി കെ.പ്രസന്നകുമാരി മുനിസിപ്പൽ കൗൺസിലർ | 122140107720തീയതി 13/12/2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം |
|---|---|---|---|---|
| 2000-01 | 4 (എ) | 2005-06 | 3.10.1 | ശീർഷകം തെറ്റി, പദ്ധതി വിഹിതം 24.6 ലക്ഷം നിയമവിരുദ്ധമായി ക്രമപ്പെടുത്തി |
| 2000-01, 2001-02 | | 2005-06 | 3.10.2 | മാർക്കറ്റ് സ്റ്റാൾ യാർഡ് നിർമ്മാണത്തിൽ അപാകതകൾ |
| 2000-01, 2001-02 | | 2005-06 | 3.10.4 | റോഡ് പുനരുദ്ധാരണം, സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവൃത്തി നടത്തി |
| 2000-01 | 2-2 (ബി) | 2006-07 | 4.10.1 | മുൻകൂർ തുകകൾ ക്രമീകരിക്കാത്തത്- സംബന്ധിച്ച് |
| 2004-05 | 3-1. | 2010-11 | 5.2.17 | ഖരമാലിന്യ സംസ്കരണം - ദീർഘവീക്ഷണമില്ലാത്ത പദ്ധതി രൂപീകരണം |
| 2004-05 | 3-3 | 2010-11 | 3.3 | നഗരസഭയിലെ CFL കളുടെ വാർഷിക മെയിന്റനൻസിന് മുൻകൂർ നൽകിയത് സംബന്ധിച്ച് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടിയിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 234374625 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 169853844 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31792 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1960554 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 1-43 | -- | 17076 | ശ്രീ.അഭിലാഷ്. എസ്.എച്ച്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-44 | -- | 14716 | ശ്രീ. റഫീക്ക് എം., അസിസ്റ്റന്റ് എഞ്ചിനീയർ |

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-40 | 1015316 | ശ്രീ. റഫീക്ക് എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-44 | 204911 | ശ്രീ. റഫീക്ക് എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-45 | 291568 | ശ്രീ. റഫീക്ക് എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 448759 | ശ്രീ.അജി ജി, ഹെൽത്ത് ഓഫീസർ |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1)ശ്രീ. അഭിലാഷ് എസ്.എച്ച്. , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അടൂർ മുൻസിപ്പാലിറ്റി | തൈപ്ലാവിള വീട്, തഴമേൽ,അഞ്ചൽ പി.ഒ, കൊല്ലം, 691306 |
| 2)ശ്രീ.റഫീക്ക് എം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പ്രമാടം ഗ്രാമപഞ്ചായത്ത് | ആഴതിപുരയിടത്തിൽ,ഏനാത്ത് പി.ഒ, പത്തനംത്തിട്ട |
| 3)ശ്രീ.അജി ജി, ഹെൽത്ത് ഓഫീസർ | സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ, Gr.I, അടൂർ മുൻസിപ്പാലിറ്റി | പ്രാർത്ഥന,മുണ്ടച്ചിറ, ചന്ദനത്തോപ്പ് പി.ഒ., 691004 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/578/97, തീയതി 12.10.1999 |
| 1996-97(DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/656/06, തീയതി 13.04.07 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/27/99, തീയതി 12.01.99 |
| 1997-98(DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/657/06, തീയതി 14.03.07 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/240/2000, തീയതി 02.11.2000 |
| 1998-99 (DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/713/06, തീയതി 31.12.07 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 5/288/03, തീയതി 16.09.03 |
| 1999-00 (DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/714/06, തീയതി 31.12.07 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 6/173/05, തീയതി 15.12.05 |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി-6/450/04, തീയതി 14.12.05 |
| 2000-01 (DCB) | എൽ.എഫ്.പി.റ്റി.എ.പി-2/715/06, തീയതി 31.12.07/31.03.08 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി-2/374/08, തീയതി 31.07.09 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി-2/375/08, തീയതി 15.04.09/30.12.09 |

| | |
|---|---|
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി-2/681/08, തീയതി 30.01.09/30.10.10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി-2/680/08, തീയതി 16.02.09/08.03.11 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി-2/482/10, തീയതി 14.03.11/09.06.11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി-4/418/11, തീയതി 01.12.11/02.03.13 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി-4/537/12, തീയതി 12.10.12/13.03.13 |
| 2008-09 & 2009-10 | എൽ.എഫ്.പി.റ്റി.എ.പി- 4/539/12, തീയതി 01.11.2012 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ.പി-4/1037/13, തീയതി 08.04.14 |
| 2012-13 & 2013-14 | കെ.എസ്.എ.പി.റ്റി.എ./പി2/357/2015, തീ. 08.12.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ./പി2/854/2016, തീ. 08.08.2016 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ./പി2/97/2017, തീ. 20.02.2017 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ./പി2/1207/17, തീ. 12.12.2017 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ./പി2/261/19, തീ. 03.06.2019 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ./പി2/16/20, തീ. 12.03.2020 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ./പി2/767/21, തീ. 29.12.2021 |
| 2020-21 | കെ.എസ്.എ.പി.റ്റി.എ./പി2/779/21, തീ. 24.08.2022 |
| 2021-22 | കെ.എസ്.എ.പി.റ്റി.എ./പി3/220/23, തീ. 30.03.2023 |

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 21-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the ADOOR Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, the Annual Financial Statements give a true and fair view of the Financial result and Financial position of ADOOR Municipality for the year 2022-2023

**Date:** **19/03/2024**

**Senior Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

## Audit Report appended to the Audit Certificate of ADOOR Municipality for the Year 2022-2023 .

**1.Major Observations**

1. Asset register is not comprehensive. The Value of Assets included in the Balance Sheet does not match that of the Asset register.

**2.Other Observations**

1) Ratios mentioned in Rule 62 of Kerala Panchayathi Raj Accounting Rules and Notes to accounts are not submitted along with Annual Financial Statement.

2) The accuracy of Capital Work in Progress amount in AFS cannot be ascertained as Assistant Engineer failed to produce the details regarding Part Payment in Public Works.

3) The difference between Opening balance and Closing balance in Cash Flow Statement is not in agreement with total cash flow in the Cash Flow Statement.

4) Demand entries of Tax and Non tax revenues are not timely recorded.

5) The annual summary of Property Tax in Sanchaya software does not match with that of Annual Financial Statement.

7) The accuracy of the amounts in the prior period heads cannot be ascertained.

8) As per Schedule B18 in Annual Financial Statement, huge amount remains to be adjusted.

9) Monthly Bank reconciliation statement is not prepared.

10) In Schedule B4 :- NULM project fund details are not included.

11) Annual summary was not written or certified by the Secretary in the Deposit Register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ അടൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്